# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ഒക്ടോബർ, വോള്യം: 11 ലക്കം: 2

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 ഒക്ടോബർ വിപ്ലവവും **ഇന്ത്യൻ തൊഴിലാളിവർഗത്തിന് മുന്നിലുള്ള ദൗത്യവും** – കെ. ഹേമലത

12 **തൊഴിലാളിവർഗത്തെ എന്നും ചേർത്തുപിടിച്ച കൊടിയേരി**

14 സമകാലീന മാധ്യമങ്ങളും **ദേശാഭിമാനി പ്രചരണവും** – പുത്തലത്ത് ദിനേശൻ

18 വിദേശനാണ്യ ശേഖരത്തിന് മേലുള്ള **പുതിയ ഭീഷണി** – പ്രഭാത് പട്നായിക്ക്

21 ആധുനിക ജനാധിപത്യത്തിൽ **ഗവർണർ പദവി ആവശ്യമില്ല** – ജസ്റ്റിസ് ചന്ദ്രു

23 സിഐഎയുടെ **75 വർഷങ്ങൾ** – ജോസ് ടി. എബ്രഹാം

26 **ഇന്ത്യയിലെ അസമത്വത്തിന്റെ വ്യാപ്തി**

29 **ആഗോള സമ്പദ് രംഗം മാന്ദ്യത്തിലേക്ക്**

33 **ആഗോള പട്ടിണി സൂചിക – ഇന്ത്യ 107-ാം സ്ഥാനത്ത്**

35 **ഇറ്റലി നവഫാസിസത്തിലേക്ക്** – വി.ബി. പരമേശ്വരൻ

38 ജനകീയ ചൈനാ രൂപീകരണത്തിന് **തൊഴിലാളി-കർഷക പോരാട്ടം** – എൻ. പത്മലോചനൻ

47 **സംഘടനാ വാർത്തകൾ**

വാർഷിക വരിസംഖ്യ : 200 രൂപ.

# വർഗീയതയെ ചെറുക്കുക

തീവ്ര വർഗീയവൽക്കരണത്തിലേക്കാണ് സംഘപരിവാറും മോദി സർക്കാരും നീങ്ങിക്കൊണ്ടിരിക്കുന്നത്. 2024-ൽ നടക്കേണ്ട പാർലമെന്റ് തെരഞ്ഞെടുപ്പ് ലക്ഷ്യം വെച്ചാണ് ഈ നീക്കം. 2023-ൽ നടക്കാനുള്ള ഏതാനും സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പുകളും, ബിജെപിക്ക് നിർണായകമാണ്. ഗുജറാത്തിലും ഹിമാചൽ പ്രദേശിലും ഉയർന്നുവരുന്ന ഭരണവിരുദ്ധവികാരം, ബിജെപിയെ ആശങ്കയിലാക്കിയിട്ടുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ്, സംസ്ഥാനങ്ങളിൽ പരാജയം നേരിട്ടാൽ അത് തിരിച്ചടിയാകുമെന്നവർ ഭയപ്പെടുന്നു. ഈ സഹാചര്യത്തെ നേരിടാനാണ് വർഗീയത ആളിക്കത്തിക്കാനുള്ള ശ്രമം ആരംഭിച്ചിരിക്കുന്നത്.

കാശ്മീരിനെ മുൻനിർത്തിയുള്ളതാണ് ഒരു പ്രചരണം. കടുത്ത മുസ്ലീംവിരുദ്ധ പ്രചരണമാണ് സംഘപരിവാർ നടത്തിക്കൊണ്ടിരിക്കുന്നത്. കാശ്മീർ ജനതയുടെ ജനാധിപത്യ അവകാശങ്ങൾ അടിച്ചമർത്തി. അസംബ്ലി മണ്ഡലങ്ങൾ പുനർവിഭജനം നടത്തുന്നത് ബിജെപിക്ക് കൂടുതൽ സീറ്റുകൾ ജയിക്കാനാവുക എന്ന ലക്ഷ്യം വെച്ചാണ്.

ഹിന്ദി ഭാഷ രാജ്യത്താകെ അടിച്ചേല്പിക്കലാണ് മറ്റൊരു നടപടി. ഹിന്ദിഭാഷ അറിയുന്നവർക്ക് മാത്രമേ കേന്ദ്ര സർവീസുകളിൽ നിയമനം ലഭിക്കൂ എന്ന് കേന്ദ്ര സർക്കാർ പറയുന്നു. തികച്ചും ഭരണഘടനാവിരുദ്ധമായ നിലപാടാണിത്. മധ്യപ്രദേശിലെ ബിജെപി സർക്കാർ, എംബിബിഎസ് കോഴ്സിനുള്ള പാഠപുസ്തകങ്ങൾ ഹിന്ദിയിലാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. 'ഹിന്ദു-ഹിന്ദി-ഹിന്ദുസ്ഥാൻ' എന്നതാണ് സംഘപരിവാർ മുദ്രാവാക്യം.

അയോദ്ധ്യയിൽ, 'ബാബറി മസ്ജിദ്' നിന്നിരുന്ന സ്ഥലം, രാമക്ഷേത്ര നിർമാണത്തിനായി വിട്ടുകൊടുക്കാൻ സുപ്രീംകോടതി വിധിച്ചതിന് ശേഷം ആർഎസ്എസ് രാജ്യവ്യാപകമായി വിജയാഘോഷം നടത്തി. അയോദ്ധ്യയിൽ പുതിയ രാമക്ഷേത്രത്തിന് ശിലാസ്ഥാപനം നടത്തിയത് മതനിരപേക്ഷ ഭാരതത്തിന്റെ പ്രധാനമന്ത്രിയാണ്. ഹൈന്ദവ ആചാര മുറകളനുസരിച്ച്, പ്രധാനമന്ത്രി ഈ കൃത്യം നിർവഹിച്ചത് മതനിരപേക്ഷ ചിന്താഗതിക്കാരായ മുഴുവൻ ജനങ്ങളെയും അമ്പരപ്പിച്ചു. എന്നാൽ തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നു എന്ന വിജഭാവത്തിലായിരുന്നു സംഘപരിവാർ.

1991-ൽ പാർലമെന്റ് പാസാക്കിയ 'ആരാധനാലയ സംരക്ഷണനിയമം' കാറ്റിൽപ്പറത്തി കൊണ്ടാണ് വാരാണസിയിലും മഥുരയിലും മുസ്ലീം പള്ളികൾക്ക് നേരെ അവകാശവാദവുമായി വിശ്വഹിന്ദു പരിഷത്തും സംഘപരിവാറും രംഗത്ത് വന്നിരിക്കുന്നത്.

നിയമം സംരക്ഷിക്കാൻ ബാധ്യസ്ഥരായ കോടതികളും ഈ തർക്കവിഷയത്തിൽ ഉറച്ച നിലപാട് സ്വീകരിക്കുന്നില്ല.

കർണാടകത്തിലെ 'ഹിജാബ്' തർക്കവും ഹിജാബ് ധരിക്കുന്ന മുസ്ലീം പെൺകുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശിക്കുന്നത് തടഞ്ഞതും വർഗീയ ധ്രുവീകരണം ലക്ഷ്യം വെച്ച നടപടിയാണ്. മതപരിവർത്തനം നിരോധിച്ചുകൊണ്ടുള്ള നിയമം ഉണ്ടാക്കിയ കർണാടക ബിജെപി സർക്കാർ, സംസ്ഥാനത്താകെ വർഗീയ വിഭജനത്തിന് കളമൊരുക്കുകയാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ച, കർണാടക ബിജെപി സർക്കാർ ജനങ്ങളുടെ ശ്രദ്ധ വർഗീയ വിഭജനത്തിലൂടെ തിരിച്ചുവിടാനാണ് ശ്രമിക്കുന്നത്.

ആർഎസ്എസ് തലവൻ മോഹൻ ഭഗവദ്, ഈ അടുത്ത ദിവസം 'മുസ്ലീം ജനസംഖ്യ' ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നു എന്നും അത് തടയണമെന്നും പ്രസംഗിച്ചതും വർഗീയ ചേരിതിരിവ് ലക്ഷ്യം വെച്ചാണ്. 'ജനസംഖ്യാ വിസ്ഫോടനം' എന്നൊക്കെ സംഘപരിവാർ നടത്തുന്ന പ്രചരണങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. രാജ്യത്ത് ജനസംഖ്യാ വളർച്ചാനിരക്ക് കുറഞ്ഞുവരുന്നു എന്നതാണ് യാഥാർഥ്യം. എല്ലാ മതവിശ്വാസികളിലും ഈ പ്രവണത കാണാം. വിദ്യാഭ്യാസം വ്യാപിക്കുകയും ജീവിതനിലവാരം ഉയരുകയും ചെയ്യുന്നതിന് അനുസരിച്ച് ജനസംഖ്യാവർധനവും കുറയുന്നു. കേരളം മികച്ച ഉദാഹരണമാണ്. യാഥാർഥ്യങ്ങൾ മറച്ചുവെച്ചുകൊണ്ട് മുസ്ലീം ജനസംഖ്യ വർധിക്കുന്നു എന്ന കള്ളപ്രചരണം നടത്തുന്നത് വർഗീയ വിദ്വേഷം വളർത്താനാണ്.

കർണാടകത്തിൽ ടിപ്പുസുൽത്താന്റെ പേര് എല്ലാ ചരിത്രരേഖകളിൽ നിന്നും മായ്ച്ചുകളയാനാണ് ബിജെപി സർക്കാരിന്റെ ശ്രമം. ബ്രിട്ടീഷുകാർക്കെതിരായി യുദ്ധം ചെയ്ത് പടക്കളത്തിൽ രക്തസാക്ഷിയായ ധീരദേശാഭിമാനിയാണ് ടിപ്പുസുൽത്താൻ. ഇന്ത്യയിൽ മറ്റൊരു രാജാവും ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി നേരിട്ട് ഏറ്റുമുട്ടി രക്തസാക്ഷിത്വം വരിച്ചിട്ടില്ല. വടക്കേ ഇന്ത്യയിൽ മുസ്ലീം സ്ഥലനാമങ്ങൾ എല്ലാം മായ്ച്ചുകളയുന്നു. അലഹാബാദിനെ പ്രയാഗ് രാജാക്കി. റെയിൽവേ സ്റ്റേഷനുകളുടെ പേരുകൾ മാറ്റുന്നു. കുത്തബ് മീനാർ, താജ് മഹൽ എന്നിവയുടെ ചരിത്രം തിരുത്താൻ തകൃതിയായ ശ്രമം നടക്കുന്നു.

ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിലിൽ ആർഎസ്എസിനെ അനുകൂലിക്കുന്ന 'ചരിത്രകാരന്മാരെ' കുത്തിനിറച്ചിരിക്കുകയാണ്. അവർ സംഘപരിവാർ ആഗ്രഹിക്കുന്ന വിധം ഇന്ത്യാചരിത്രം തിരുത്തി എഴുതിക്കൊണ്ടിരിക്കുകയാണ്. ഇതാണ് നമ്മുടെ കുട്ടികൾ വിദ്യാലയങ്ങളിൽ പഠിക്കാൻ പോകുന്നത്. മതനിരപേക്ഷതയെ തകർക്കുന്നതാണ് കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയം. 'മലബാർ കലാപ'ത്തിൽ രക്തസാക്ഷികളായവരുടെ പേരുകൾ, സ്വാതന്ത്ര്യസമര സേനാനികളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തത് സംഘപരിവാർ ഇംഗിതത്തിന് അനുസരിച്ചാണ്.

ഗോ സംരക്ഷണം, ലൗ ജിഹാദ്, ലാന്റ് ജിഹാദ് തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തി രാജ്യത്തിന്റെ പല ഭാഗത്തും സംഘപരിവാർ മുസ്ലീങ്ങളെ വേട്ടയാടുന്നു. ക്രൈസ്തവ ആരാധനാലയങ്ങൾക്ക് നേരെയും ആക്രമണങ്ങൾ നടത്തുന്നുണ്ട്. മതപരിവർത്തനം നടത്തുന്നു എന്ന ആരോപണം ഉന്നയിച്ചാണ് ഈ അക്രമങ്ങൾ.

പൗരത്വം ഭേദഗതി നിയമം, മുത്തലാഖ് നിരോധന നിയമം തുടങ്ങിയവ മുസ്ലീങ്ങളെ മാത്രം ലക്ഷ്യം വെച്ചുള്ളതാണ്. പൗരത്വ നിയമത്തെ അടിസ്ഥാനമാക്കി, പൗരത്വ രജിസ്റ്റർ തയ്യാറാക്കുന്ന നടപടി ഉടൻ ആരംഭിക്കുമെന്ന ആഭ്യന്തരമന്ത്രി അമിത് ഷായുടെ പ്രസ്താവന മുസ്ലീം ജനത ആശങ്കയോടെയാണ് വീക്ഷിക്കുന്നത്. ഏക സിവിൽ കോഡ് നിയമം കൊണ്ടുവരാനും കേന്ദ്ര സർക്കാർ ആലോചിക്കുന്നുണ്ട്.

'ഹിന്ദു ഐക്യം, ഹിന്ദുസംരക്ഷണം' എന്നെല്ലാം സംഘപരിവാർ മുദ്രാവാക്യം മുഴക്കുന്നുണ്ടെങ്കിലും, ഇന്ത്യയിലെ പരമദരിദ്രരായ ദളിത്-പട്ടികജാതി- പട്ടികവർഗ ജനതയും, കടുത്ത ആക്രമണങ്ങളാണ് നേരിടുന്നത്. ഗോത്രവർഗത്തിന്റെ ആവാസ വ്യവസ്ഥ പോലും തകർക്കുന്ന വിധത്തിലാണ് യാതൊരു പുനരധിവാസവും നൽകാതെ, അവർ ജീവിക്കുന്ന വനഭൂമി ഖനനത്തിനായി കോർപറേറ്റുകൾക്ക് പതിച്ചുനൽകുന്നത്. ദളിത്പിന്നോക്ക ജാതികളിൽപ്പെട്ട സ്ത്രീകൾ ബലാൽസംഗത്തിനും ആക്രമണങ്ങൾക്കും വിധേയമാവാത്ത ദിവസങ്ങളില്ല. മനുഷ്യ മനസാക്ഷിയെ മരവിപ്പിച്ച 'ഹത്രാസ്' സംഭവത്തിന് ശേഷം സമാനമായ എത്രയോ സംഭവങ്ങൾ രാജ്യത്തുണ്ടായി. സംഘപരിവാറിന്റെ നിഘണ്ടുവിൽ 'ഹിന്ദു' എന്നു പറഞ്ഞാൽ 'സവർണ ഹൈന്ദവർ' മാത്രമാണ്.

ഇന്ത്യയെ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കണമെന്നും നിലവിലുള്ള ഭരണഘടന മാറ്റി 'മനുസ്മൃതി' ഭരണഘടനയാക്കണമെന്നും സംഘപരിവാർ ആവശ്യമുന്നയിച്ചു കഴിഞ്ഞു. "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" (സ്ത്രീകൾക്ക് സ്വാതന്ത്ര്യത്തിന് അർഹതയില്ല) എന്ന തത്വമാണ് മനുസ്മൃതി ഉദ്ഘോഷിക്കുന്നത്. ആർഎസ്എസ് വിഭാവനം ചെയ്യുന്ന ഹിന്ദുരാഷ്ട്രം സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരും ദരിദ്രരുമായ കോടിക്കണക്കിന് ഇന്ത്യൻ ജനതക്ക് എത്രമാത്രം ഭയാനകമായിരിക്കും എന്നത് മറച്ചുവെച്ചാണ് ഹിന്ദുവികാരം ആളിക്കത്തിക്കാൻ ശ്രമിക്കുന്നത്.

മുസ്ലീങ്ങളെ ശത്രുപക്ഷത്ത് നിർത്തി, ആർഎസ്എസ് നടത്തിവരുന്ന പ്രചരണത്തിന് ആക്കം കൂട്ടാനാണ് 'പോപ്പുലർ ഫ്രണ്ടി'നെ നിരോധിച്ചത്. നിയമവിരുദ്ധമായി ആരു പ്രവർത്തിച്ചാലും, അതിനെ ശക്തിയായി നേരിടണം. എന്നാൽ മുസ്ലീം ജനതയെയാകെ രാജ്യദ്രോഹികളായി ചിത്രീകരിക്കുന്നത് അംഗീകരിക്കാനാവില്ല. മുസ്ലീം വിഭാഗത്തിൽപ്പെട്ട നിരവധി പേരെയാണ് രാജ്യദ്രോഹക്കുറ്റം ചുമത്തി, ജയിലിൽ അടച്ചിട്ടിരിക്കുന്നത്. ഇതിലൊരാളാണ് മലയാളി പത്രപ്രവർത്തകനായ സിദ്ദിഖ് കാപ്പൻ.

തീവ്രവാദത്തിന് മതമോ ജാതിയോ ഇല്ല. "സനാതൻ സൻസ്ഥ", "ബജ്രംഗദൾ" തുടങ്ങിയ ഹിന്ദു തീവ്രവാദ പ്രസ്ഥാനങ്ങൾ കൊന്നുതള്ളിയവർ നിരവധിയാണ്. കൽബുർഗി, ഗൗരി ലങ്കേഷ്, ധബോൽക്കർ തുടങ്ങിയവർ അവരിൽ ഏതാനും പേരുകൾ മാത്രം. മലേഗാവ് മസ്ജിദ് സ്ഫോടനക്കേസിൽ പ്രതിയായിരുന്ന പ്രജ്ഞാസിംഗ് ഠാക്കൂർ ഇപ്പോൾ ബിജെപി എംപിയാണ്. തീവ്രവാദത്തെ നേരിടാനാണ്, നിരോധനമെങ്കിൽ പോപ്പുലർ ഫ്രണ്ടിനെ നിരോധിക്കുന്നതിന് മുമ്പ് നിരോധിക്കേണ്ടത് ആർഎസ്എസിനേയാണ്.

നിരോധനം, തീവ്രവാദം തടയാൻ ഫലപ്രദമായ നടപടിയല്ല. ഗാന്ധിവധത്തിന് ശേഷം ആർഎസ്എസിനെ നിരോധിച്ചിരുന്നല്ലോ. എന്നിട്ടും ആർഎസ്എസ് ഇല്ലാതായോ? "ഹിന്ദു

മുസ്ലീം" വിഭാഗത്തിൽപ്പെട്ട ഏതാനും ചിലർ ഉയർത്തുന്ന മതതീവ്രവാദ ആശയങ്ങളെ എതിർക്കുകയാണ് വേണ്ടത്. മതനിരപേക്ഷ സംസ്കാരം ശക്തിപ്പെടുത്താൻ ശ്രമിക്കുകയാണ് വേണ്ടത്. ഇതിന് വിപരീതമായി എല്ലാ തീവ്രവാദങ്ങളെയും വളർത്തുന്ന നിലപാടാണ് സംഘപരിവാർ സ്വീകരിക്കുന്നത്.

2014 മുതൽ തുടർന്നുവരുന്ന മോദിഭരണം ജനങ്ങളുടെ ജീവിതം ദുരിതപൂർണമാക്കി. 2014ലെ ഒരു വാഗ്ദാനം പോലും നിറവേറ്റിയില്ല. തൊഴിലില്ലായ്മ അതിരൂക്ഷമായി. ലോക പട്ടിണി റാങ്കിൽ, ഇന്ത്യയുടെ സ്ഥാനം 107 ആയി താഴ്ന്നു. ഇന്ത്യയിൽ വിശപ്പ് സഹിക്കുന്നവരുടെ എണ്ണം വർധിച്ചു. സമ്പദ് ഘടന തകർന്നു. രൂപയുടെ മൂല്യം ഇടിഞ്ഞു. നിത്യോപയോഗ വസ്തുക്കളുടെ വില കുതിച്ചുയർന്നു.

മോദി ഭരണത്തിന്റെ ഗുണഭോക്താക്കൾ കോർപറേറ്റുകൾ മാത്രമാണ്. 2019ൽ രാജ്യത്ത് 102 ശതകോടീശ്വരന്മാരുണ്ടായിരുന്നു. 2022 ആവുമ്പോൾ 142 ആയി ഉയർന്നു. രാജ്യത്തിന്റെ സമ്പത്ത് വൻതോതിൽ കോർപറേറ്റുകൾ കയ്യടക്കുകയാണ്.

ജീവിതപ്രയാസങ്ങൾ വർധിക്കുന്നതിൽ അസംതൃപ്തരാകുന്ന തൊഴിലാളി-കർഷക ജനത ഒറ്റക്കെട്ടായി സർക്കാർവിരുദ്ധ സമരത്തിലേക്ക് വരുന്നത് തടയാനാണ് അവരെ മത ജാതി അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാൻ വർഗീയത ആളിക്കത്തിക്കുന്നത് കേന്ദ്രഭരണത്തിന്റെ ഗുണഭോക്താക്കളായ കോർപറേറ്റുകളുടെ ഉടമസ്ഥതയിലുള്ള മാധ്യമങ്ങൾ, വർഗീയ വിഭജനം സൃഷ്ടിക്കുന്ന പ്രചരണം ഏറ്റെടുക്കുന്നു. ഈ സാഹചര്യം ശരിയാം വണ്ണം മനസ്സിലാക്കി, വർഗീയതയ്ക്കെതിരെ അധ്വാനിക്കുന്ന വർഗത്തിന്റെ ഐക്യം ഉയർത്തിക്കൊണ്ടുവരാൻ പരിശ്രമിക്കണം.

രാജ്യത്തെ തൊഴിലാളിവർഗ പ്രസ്ഥാനങ്ങളും ഇടതുപക്ഷവും മാത്രമാണ് വർഗീയതക്കെതിരെ ഉറച്ച നിലപാട് സ്വീകരിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും സർക്കാരും ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ഒരു തിളങ്ങുന്ന നക്ഷത്രമാണ്. മതനിരപേക്ഷതയുടെ സംരക്ഷണത്തിൽ അടിയുറച്ച നിലപാടാണ് എൽഡിഎഫ് സ്വീകരിക്കുന്നത്. ഭൂരിപക്ഷന്യൂനപക്ഷ വർഗീയതകളെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്നു. ആർഎസ്സ് -ജമാ അത്തെ ഇസ്ലാമി, എസ്ഡിപിഐ തുടങ്ങിയ തീവ്ര-വർഗീയ പ്രസ്ഥാനങ്ങൾക്കെതിരെ ഉറച്ച നിലപാട് സ്വീകരിച്ചുകൊണ്ടല്ലാത, കോൺഗ്രസിനെപ്പോലെ അവസരവാദ നിലപാട് സ്വീകരിച്ചുകൊണ്ട് വർഗീയതയെചെറുക്കാനാവില്ല. തീവ്ര ഹിന്ദുത്വത്തിന് ബദൽ മൃദു ഹിന്ദുത്വമല്ലെന്ന് കോൺഗ്രസിനെ പോലുള്ള ബൂർഷ്വാ പാർടികൾ മനസിലാക്കുന്നില്ല. വർഗീയതക്കെതിരായ പോരാട്ടം വിജയിക്കണമെങ്കിൽ, ഇത്തരം അവസരവാദത്തെയും തുറന്നുകാട്ടണം.



# ഒക്ടോബർ വിപ്ലവവും ഇന്ത്യൻ തൊഴിലാളി വർഗത്തിന് മുന്നിലുള്ള ദൗത്യവും





കെ ഹേമലത

**ഒക്ടോബർ വിപ്ലവത്തിന്റെ നേട്ടങ്ങളെ കേവലമായി അനുസ്മരിക്കുന്ന അനുഷ്ഠാനമായല്ല കാണേണ്ടത്. നമ്മുടെ രാജ്യത്തേതടക്കം ലോകമെമ്പാടുമുള്ള തൊഴിലാളി വർഗം ലോകത്തെ പിടിച്ചു കുലുക്കിയ ആ സംഭവത്തിൽനിന്ന് പാഠം പഠിക്കുകയും ഐക്യത്തോടെ നിന്ന് ഭരണവർഗത്തെ ചെറുത്തുതോൽപ്പിച്ച് ചൂഷണ മുക്തമായ ഒരു സമൂഹത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കാൻ ഈ അവസരത്തെ വിനിയോഗിക്കുകയും ചെയ്യണം. അങ്ങനെയൊരു ലോകം സാധ്യമാണെന്നാണ് ഒക്ടോബർ വിപ്ലവം നമുക്ക് കാണിച്ചു തന്നത്.**

**നൂറ്റിഅഞ്ച് വർഷം** മുമ്പ് നടന്ന മഹത്തായ ഒക്ടോബർ വിപ്ലവവും ഒരു നൂറ്റാണ്ടു മുമ്പു നടന്ന സോവിയറ്റ് യൂണിയന്റെ രൂപീകരണവും മനുഷ്യരാശിയുടെ ചരിത്രത്തെ മാറ്റി മറിച്ച സംഭവങ്ങളാണ്.

നവംബർ ഏഴിനാരംഭിച്ച ഒക്ടോബർ വിപ്ലവം മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന വ്യവസ്ഥയിൽനിന്ന് മുക്തമായ ഒരു സമൂഹത്തിന് നാന്ദി കുറിക്കുകയായിരുന്നു. അത് ലോകമെമ്പാടുമുള്ള തൊഴിലാളി വർഗത്തിലും അധ്വാനിക്കുന്ന മനുഷ്യരിലും പ്രതീക്ഷയും അഭിലാഷവും ആത്മവിശ്വാസവും സൃഷ്ടിച്ചു. ആ ലോകം മനുഷ്യന്റെ തൊഴിലിന് അംഗീകാരം നൽകുന്നതും അതിനെ മാന്യമായി പരിഗണിക്കുന്നതുമായിരുന്നു. തൊഴിലാളികളും കർഷകരും അധ്വാനിക്കുന്ന ജനങ്ങളും സൃഷ്ടിക്കുന്ന സ്വത്ത് ലാഭക്കൊതിയരായ ചിലർ കൊള്ളയടിക്കുന്നതിനെതിരെയുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടി സാധ്യമാക്കുന്ന ലോകമാണത്.

ഈ വിപ്ലവമാണ് സോവിയറ്റ് യൂണിയന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. മിന്നൽ വേഗത്തിൽ ദാരിദ്ര്യവും നിരക്ഷരതയും അനാരോഗ്യവും തുടച്ചുനീക്കാനും ശാസ്ത്ര സാങ്കേതിക കലാ മേഖലകളിൽ കുതിച്ചുചാട്ടം നടത്താനും സോവിയറ്റ് യൂണിയന് സാധിച്ചു. ലോകത്തെ ഏറ്റവും സമ്പന്നവും ആധുനികവുമായ മുതലാളിത്ത രാജ്യമായ അമേരിക്കയുമായി മത്സരിക്കാൻ പ്രാപ്തമാകും വിധം സോവിയറ്റ് യൂണിയൻ അതിവേഗം വളർന്നു.

നമ്മുടെ രാജ്യത്തെ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽനിന്ന് മോചിപ്പിക്കാനായി പോരാടിയ തൊഴിലാളി വർഗത്തെയും സാധാരണക്കാരെയും പുരോഗമന ചിന്തയുള്ള എല്ലാ വിഭാഗങ്ങളെയും ഒക്ടോബർ വിപ്ലവം നല്ല രീതിയിൽ സ്വാധീനിച്ചു. ജനങ്ങളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിൽ സോവിയറ്റ് യൂണിയൻ കൈവരിച്ച നേട്ടങ്ങൾ സ്വതന്ത്ര ഇന്ത്യയെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടിൽ കാര്യമായ പ്രഭാവം ചെലുത്തി. സ്വാതന്ത്ര്യത്തിന് 75 വർഷം പിന്നിടുമ്പോൾ മോഡി ഭരണത്തിൽ ഇന്ത്യ ഈ കാഴ്ചപ്പാടിനും എത്രയോ പിറകിലാണ്. ജനങ്ങളെ വർഗീയമായി വിഭജിക്കാനുള്ള ആർഎസ്എസ് അജൻഡ നടപ്പാക്കുന്ന മോഡി സർക്കാർ തൊഴിലാളികൾ പൊരുതി നേടിയ ആനുകൂല്യങ്ങൾ ഇല്ലാതാക്കുകയാണ്. ബ്രിട്ടീഷ് കാലത്തെ അവസ്ഥയിലേക്ക് ജനങ്ങളെ തള്ളിവിടുകയാണ്.

ഒക്ടോബർ വിപ്ലവത്തെ അനുസ്മരിക്കുമ്പോൾ വിപ്ലവ നേട്ടങ്ങളെ കേവലമായി അനുസ്മരിക്കുന്ന അനുഷ്ഠാനമായല്ല കാണേണ്ടത്. നമ്മുടെ രാജ്യത്തേതടക്കം ലോകമെമ്പാടുമുള്ള തൊഴിലാളി വർഗം ലോകത്തെ പിടിച്ചു കുലുക്കിയ ആ സംഭവത്തിൽനിന്ന് പാഠം പഠിക്കുകയും ഐക്യത്തോടെ നിന്ന് ഭരണവർഗത്തെ ചെറുത്തുതോൽപ്പിച്ച് ചൂഷണമുക്തമായ ഒരു സമൂഹത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കാൻ ഈ അവസരത്തെ വിനിയോഗിക്കുകയും ചെയ്യണം. അങ്ങനെയൊരു ലോകം സാധ്യമാണെന്നാണ് ഒക്ടോബർ വിപ്ലവം നമുക്ക് കാണിച്ചു തന്നത്.

**സോവിയറ്റ് യൂണിയൻ ശിഥിലമായിട്ട് മൂന്നു പതിറ്റാണ്ടോളമായി. അതോടെ സോഷ്യലിസത്തിന് തിരിച്ചടിയേറ്റു. സോവിയറ്റ് യൂണിയന്റെ തകർച്ച നിരവധി മനുഷ്യരുടെ സാമൂഹ്യ പദവിയിലും ജീവിത നിലവാരത്തിലും വലിയ മാറ്റങ്ങൾ വരുത്തി. തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധികൾ ദാരിദ്ര്യത്തിലേക്കും മരണനിരക്കിന്റെയും ആത്മഹത്യകളുടെയും വർധനവിലേക്കും നയിച്ചു. 75 ശതമാനം റഷ്യക്കാരും രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച കാലം സോവിയറ്റ് യുഗം ആയിരുന്നു എന്ന് വിശ്വസിക്കുകയാണ്. 2020ൽ ഒരു സ്വതന്ത്ര ഏജൻസിയായ ലവാഡ സെന്റർ നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ തെളിഞ്ഞത്. അന്ന് രാജ്യം സമൃദ്ധിയിലേക്ക് നയിക്കപ്പെട്ടുവെന്നും സാധാരണ പൗരന്മാർക്ക് കൂടുതൽ അവസരങ്ങൾ കൈവന്നുവെന്നും ജനങ്ങൾ ഈ വോട്ടെടുപ്പിൽ അഭിപ്രായപ്പെട്ടു.**

മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും കുഴലൂത്തുകാർ സോവിയറ്റ് യൂണിയൻ ശിഥിലമായപ്പോൾ ആഹ്ലാദിച്ചുകൊണ്ട് പ്രഖ്യാപിച്ചത് മുതലാളിത്തം ചരിത്രത്തിന്റ അവസാനമാണെന്നാണ്. ഒക്ടോബർ വിപ്ലവത്തിനു പിന്നാലെ സോഷ്യലിസത്തിന് എതിരായി രൂപംകൊണ്ട നവലിബറലിസത്തിന് സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ പ്രാമുഖ്യം ലഭിക്കുകയും ആ നയം ഐഎംഎഫ്, ലോകബാങ്ക്, ഡബ്ല്യുടിഒ എന്നീ അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങൾ വഴി ആഗോളമായി അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്തു. മുതലാളിത്ത വ്യവസ്ഥയുടെ പ്രതിസന്ധി പരിഹരിക്കാനെന്ന പേരിൽ ഈ നയങ്ങൾ നടപ്പാക്കിയതോടെ മുതലാളിത്തത്തിന് ബദലില്ല എന്ന പ്രതീതി രൂപപ്പെട്ടു.

2007–2008 കാലത്തെ ആഗോള പ്രതിസന്ധിയുണ്ടായിട്ട് ഒന്നര പതിറ്റാണ്ട് പിന്നിടുകയാണ്. ഈ പ്രതിസന്ധി കോവിഡ് മഹാമാരിക്കാലത്ത് രൂക്ഷമായിരിക്കുന്നു. ലോക്ഡൗണുകൾ വ്യാപകമായതോടെ നവലിബറൽ നയങ്ങളുടെയും മുതലാളിത്ത വ്യവസ്ഥയുടെയും അനുകൂലികളിൽ പഴയ ആഘോഷം കാണുന്നില്ല. നവലിബറൽ നയങ്ങൾക്ക് നേതൃത്വം നൽകിയ IMF പോലും ഈ നയങ്ങൾ പരാജയപ്പെട്ടെന്ന് അംഗീകരിച്ചു. ഐഎംഎഫിന്റെ ഓൺലൈൻ മാഗസിനായ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് ഇങ്ങനെ എഴുതി: ആനുകൂല്യങ്ങൾ അനിശ്ചിതമാണെങ്കിലും സാമ്പത്തിക അസ്ഥിരത വർധിക്കുന്നതുകൊണ്ടും അസമത്വം കൊണ്ടും പ്രതിസന്ധികൾ ആവർത്തിക്കുന്നതുകൊണ്ടും ഉണ്ടാകുന്ന ചെലവുകൾ വർധിക്കുകയാണ്.'

കോവിഡ് 19 മഹാമാരിക്കാലത്ത് തൊഴിലാളികൾ അടക്കമുള്ള ജനങ്ങൾ നേരിട്ട അനുഭവങ്ങൾ അമേരിക്ക അടക്കമുള്ള മുതലാളിത്ത രാജ്യങ്ങളുടെ പരാജയം തുറന്നു കാട്ടി. ലോകത്തിലെ ഏറ്റവും സമ്പത്തുള്ള ശക്തമായ അമേരിക്കയ്ക്ക് ഏറ്റവും ആധുനികമായ ശാസ്ത്ര സാങ്കേതിക വിദ്യ കൈവശമുണ്ടായിരുന്നിട്ടുപോലും ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാനായില്ല. വൈറസ് ആദ്യമായി കണ്ടെത്തിയ ചൈനയും പിന്നെ ക്യൂബയും പോലുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങളാണ് പൊതുജനാരോഗ്യ സംവിധാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ജനങ്ങളുടെ ആരോഗ്യവും ജീവനും ജീവനോപാധികളും സംരക്ഷിക്കുന്നതിൽ വിജയിച്ചത്. അമേരിക്ക അടിച്ചേൽപ്പിച്ച ഉപരോധങ്ങൾ നിലനിൽക്കെയാണ് ക്യൂബ ഈ നേട്ടം കൈവരിച്ചത്.

നവലിബറലിസത്തിന് ഇന്ന് വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നു. അസമത്വവും തൊഴിൽനഷ്ടവും തൊഴിലില്ലായ്മയും ദാരിദ്ര്യവും പോഷകാഹാരക്കുറവും രൂക്ഷമാക്കുന്നതിനും തൊഴിൽ സാഹചര്യങ്ങൾ ദുരിതപൂർണമാക്കുന്നതിനും തൊഴിലാളി സംഘടനകളുടെ അവകാശങ്ങൾക്കു നേരെയുള്ള കടന്നാക്രമണങ്ങൾക്കും കാരണമായ നവലിബറൽ നയങ്ങൾക്കെതിരെ ലോകമെമ്പാടുമുള്ള തൊഴിലാളികളും കർഷകരും യുവാക്കളും വിദ്യാർഥികളും സമരപാതയിലാണ്. വലിയ വിഭാഗം ജനങ്ങൾ പ്രത്യേകിച്ച് യുവാക്കളും വിദ്യാർഥികളും നവലിബറൽ നയങ്ങളെ എതിർക്കുക മാത്രമല്ല. മുതലാളിത്ത വ്യവസ്ഥയിൽ കടുത്ത നിരാശ പ്രകടപ്പിക്കുകയും ചെയ്യുന്നു. ആക്സിയോ മൊമെന്റീവ് പോൾ സർവെയിലെ വിവരങ്ങൾ അടിസ്ഥാനമാക്കി ദ ഹെറിറ്റേജ് ഫൗണ്ടേഷൻ പറയുന്നത് 18-നും 24-നും ഇടയ്ക്ക് പ്രായമുള്ള അമേരിക്കക്കാരിൽ 54 ശതമാനം കക്ഷിഭേദമെന്യെ മുതലാളിത്തത്തെ എതിർക്കുന്നു എന്നാണ്. 24 ശതമാനം പേർ മാത്രമാണ് നിലവിലുള്ള വ്യവസ്ഥയെ അനുകൂലിക്കുന്നത്. രണ്ടു വർഷം മുമ്പ് മുതലാളിത്ത വ്യവസ്ഥയെ എതിർക്കാൻ യുവാക്കൾ ഉണ്ടായിരുന്നു എന്നോർക്കണം.

നവലിബറൽ നയങ്ങൾ തങ്ങളുടെ ജീവിനോപാധിക്കും ജീവിത തൊഴിൽ സാഹചര്യങ്ങൾക്കും മേൽ സൃഷ്ടിച്ച ആഘാതത്തിനെതിരെ രൂപപ്പെടുന്ന രോഷം സ്വാഭാവികമായി സോഷ്യലിസത്തിനുവേണ്ടിയുള്ള പോരാട്ടമായി പരിവർത്തനം ചെയ്യാനാകില്ല. നവലിബറൽ നയങ്ങൾക്ക് ബദലുകൾ അന്വേഷിക്കാൻ കൂടുതൽ കൂടുതൽ ജനങ്ങൾ ലോകമെമ്പാടും സമരഭൂമിയിലുണ്ട്. വിലക്കയറ്റം, തൊഴിലില്ലായ്മ, അടിസ്ഥാന അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും നേരെയുള്ള കടന്നാക്രമണം തുടങ്ങിയ ദൈനംദിന പ്രശ്നങ്ങളെ നവലിബറൽ നയങ്ങളുമായി ബന്ധിപ്പിക്കാൻ സാധ്യമായ ഇടങ്ങളിൽ പ്രത്യേകിച്ച് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും മറ്റും അവർക്ക് ബദൽ നയങ്ങൾ വാഗ്ദാനം ചെയ്യുന്ന പുരോഗമന സ്വഭാവമുള്ള ഗവൺമെന്റുകളെ അധികാരത്തിലെത്തിക്കാൻ സാധിക്കുന്നുണ്ട്.

നമ്മുടെ രാജ്യത്തും കൂറ്റൻ സമരങ്ങൾ നടക്കുന്നുണ്ട്. മൂന്നു കാർഷിക നിയമങ്ങൾക്കെതിരെയുള്ള ചരിത്രപ്രസിദ്ധമായ സമരം ഈ മൂന്നു നിയമങ്ങളും മോഡി സർക്കാരിനെക്കൊണ്ട് പിൻവലിക്കുന്ന നിലയിലെത്തിച്ചു. ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദിയുടെ ആഭിമുഖ്യത്തിൽ രാജ്യത്തെ തൊഴിലാളി വർഗം രണ്ടു വർഷക്കാലയളവിൽ മൂന്നു പൊതുപണിമുടക്കുകൾ നടത്തി. തൊഴിലാളികളുള്ള എല്ലാ മേഖലകളിലും സെക്ടറുകളിലും

പണിമുടക്ക് നടന്നു. എന്നാൽ ഈ സമരങ്ങളെല്ലാം നവലിബറൽ നയങ്ങളുടെ ആഘാതത്തിനെതിരായ സമരങ്ങളായിരുന്നു. കേന്ദ്രത്തിൽ മാറിമാറി ഭരിച്ച സർക്കാരുകൾ അടിച്ചേൽപ്പിച്ച നവലിബറൽ നയങ്ങളാണ് തങ്ങളുടെ ജീവിത നിലവാരം ദയനീയമാകാനും അവശ്യ സാധന വില കുതിച്ചുയരാനും തൊഴിൽ നഷ്ടപ്പെടാനും തൊഴിലവസരങ്ങൾ കുറയാനും തൊഴിൽ സാഹചര്യങ്ങൾ മോശമാകാനും കാർഷിക മേഖല തകരാനും കർഷകരും കർഷകത്തൊഴിലാളികളും ആത്മഹത്യ ചെയ്യാനും കാരണമായതെന്ന് രാജ്യത്തെ തൊഴിലാളി വർഗത്തിനു ഇനിയും ബോധ്യപ്പെടേണ്ടതുണ്ട്. ജനങ്ങളുടെ യഥാർഥ ശത്രു ചൂഷണത്തിൽ അധിഷ്ഠിതമായ നവലിബറൽ നയങ്ങളും മുതലാളിത്ത വ്യവസ്ഥിതിയുമാണെന്ന് ജനങ്ങൾ തിരിച്ചറിയുന്നതിനെ എന്തു വിലകൊടുത്തും തടയാനാണ് ഭരണവർഗത്തെ പ്രതിനിധാനം ചെയ്യുന്ന മോഡിസർക്കാർ ശ്രമിക്കുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ തൊഴിലാളി വർഗവും ജനങ്ങളും പോരാടുമ്പോൾ ബ്രിട്ടീഷുകാർക്ക്സ്തുതിപാടിയ ആർഎസ്എസ് ആണ് ഇന്ന് ബിജെപിയുടെ പ്രത്യയശാസ്ത്ര ഗുരു. ലോക ത്താകെ നവലിബറൽ നയങ്ങൾ നടപ്പാക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പാദസേവകരായി ആർഎസ്എസ്സിന് രൂപംമാറ്റം സംഭവിച്ചിരിക്കുന്നു. മുസ്ലിങ്ങൾക്കെതിരെ വിദ്വേഷം പ്രചരിപ്പിച്ച് സമൂഹത്തെ വർഗീയ ധ്രുവീകരണത്തിന് വിധേയമാക്കുകയാണ് ആർഎസ്എസ്സിന്റെ ലക്ഷ്യം. സ്വാതന്ത്ര്യ സമരകാലത്തെ ജനങ്ങളുടെ കാഴ്ചപ്പാടുകൾ പ്രതിഫലിക്കുന്ന ഭരണഘടനയെ ദളിതർക്കും ആദിവാസികൾക്കും സ്ത്രീകൾക്കും നീചസ്ഥാനം കൽപ്പിക്കുന്ന മനുസ്മൃതിയെക്കൊണ്ട് പകരം വയ്ക്കാനാണ് ആർഎസ്എസ് ശ്രമിക്കുന്നത്. രാജ്യത്തും പുറത്തുമുള്ള വൻകിട കോർപറേറ്റുകളുടെയും വൻകിട ബിസിനസ് ഗ്രൂപ്പുകളുടെയും പരിലാളനയിലാണ് ബിജെപിയും ആർഎസ്എസ്സും. രാജ്യത്ത് ഉയരുന്ന വിമത ശബ്ദങ്ങളെ അടിച്ചമർത്താൻ എല്ലാ ആയുധങ്ങളും പ്രയോഗിക്കുന്ന സ്ഥിതിയിലേക്ക് ബിജെപി സർക്കാർ മാറിയിരിക്കുന്നു. ജനാധിപത്യ ഭരണഘടനാവകാശങ്ങൾ ആക്രമിക്കപ്പെടുകയാണ്. പാർലമെന്ററി മര്യാദകൾ ലംഘിക്കപ്പെടുന്നു. ജനങ്ങളുടെ ഏകോപിതമായ സമരങ്ങളെ ഭിന്നിപ്പിക്കാനും ജനങ്ങളുടെ ഐക്യം ശിഥിലമാക്കാനുമാണ് ശ്രമം.

ഈ സാഹചര്യത്തിലാണ് സിഐടിയു, അഖിലേന്ത്യ കിസാൻസഭ, അഖിലേന്ത്യ കർഷകത്തൊഴിലാളി യൂണിയൻ എന്നിവയുടെ ആഭിമുഖ്യത്തിൽ ചേർന്ന തൊഴിലാളികളുടെയും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും സംയുക്ത ദേശീയ കൺവെൻഷന്റെ പ്രസക്തി. 2023ലെ പാർലമെന്റിന്റെ ബജറ്റ് സമ്മേളനക്കാലത്ത് ഡൽഹിയിൽ വൻ പ്രക്ഷോഭം നടത്താൻ കൺവെൻഷൻ ആഹ്വാനം ചെയ്തു. അതിനുമുമ്പായി രാജ്യമൊട്ടുക്ക്നിരന്തരമായ സമരപരിപാടികൾ അരങ്ങേറും. നവലിബറൽ നയങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടും ബദൽ നയങ്ങൾ മുന്നോട്ടുവയ്ക്കണമെന്നാവശ്യപ്പെട്ടും രാജ്യത്തിന്റെ മുക്കിലും മൂലയിലും സംയുക്ത പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**മുതലാളിത്ത– സാമ്രാജ്യത്വ കുഴലൂത്തുകാർ സോവിയറ്റ് യൂണിയൻ ശിഥിലമായപ്പോൾ ആഹ്ലാദിച്ചുകൊണ്ട് പ്രഖ്യാപിച്ചത് മുതലാളിത്തം ചരിത്രത്തിന്റെ അവസാനമാണെന്നാണ്. നവലിബറലിസത്തിന് സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ പ്രാമുഖ്യം ലഭിക്കുകയും ആ നയം ഐഎംഎഫ്, ലോകബാങ്ക്, ഡബ്ല്യുടിഒ എന്നീ അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങൾ വഴി ആഗോളമായി അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ ഇന്ന് നവലിബറലിസത്തിന് വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നു. അസമത്വവും തൊഴിൽനഷ്ടവും തൊഴിലില്ലായ്മയും ദാരിദ്ര്യവും പോഷകാഹാരക്കുറവും രൂക്ഷമാക്കുന്നതിനും തൊഴിൽ സാഹചര്യങ്ങൾ ദുരിതപൂർണമാക്കുന്നതിനും തൊഴിലാളി സംഘടനകളുടെ അവകാശങ്ങൾക്കു നേരെയുള്ള കടന്നാക്രമണങ്ങൾക്കും കാരണമായി നവലിബറൽ നയങ്ങൾ മാറിയിരിക്കുന്നു.**

രാജ്യത്തിനു വേണ്ടി സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളികളുടെയും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും സംയുക്തവും ഏകോപിതവുമായ സമരങ്ങളിലൂടെ മാത്രമേ ജനങ്ങളുടെ ദുരിതങ്ങൾക്ക് നവലിബറൽ നയങ്ങളുമായും മുതലാളിത്ത വ്യവസ്ഥിതിയുമായുമുള്ള ബന്ധം തുറന്നു കാട്ടാനും അതുവഴി ചൂഷണമുക്തമായ സമൂഹത്തിനു വേണ്ടിയുള്ള ബദൽ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനും സാധിക്കൂ.

മഹത്തായ ഒക്ടോബർ വിപ്ലവത്തെ സ്മരിക്കുമ്പോൾ ചൂഷണാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥിതി സമഗ്രമായ പ്രതിസന്ധി നേരിടുകയാണെന്ന ബോധ്യം തൊഴിലാളി വർഗത്തിലും കർഷകരിലും സൃഷ്ടിക്കുന്നതിനൊപ്പം അതിനെതിരെ സംയുക്ത സമരങ്ങളിലൂടെ പോരാടാൻ അവരെ സജ്ജരാക്കുക എന്നതും നമ്മുടെ അനിവാര്യമായ കടമയാണ്. •

# തൊഴിലാളിവർഗത്തെ എന്നും ചേർത്തു പിടിച്ച കോടിയേരി



കെ.എൻ.ഗോപിനാഥ്

കണ്ണൂർ പയ്യാമ്പലത്തെ മണൽതരികളെ കണ്ണീര് കൊണ്ട് പുണർന്ന ജനസാഗരം സാക്ഷിയാക്കി കോടിയേരി എന്ന പുഞ്ചിരി മാഞ്ഞുപോയി. സഖാവ് ബാലകൃഷ്ണൻ ചരിത്രത്തിലലിഞ്ഞുപോയി. തൊഴിലാളിവർഗത്തിന് ഒരിക്കലും മറക്കാനാകാത്ത ദീപ്തസ്മരണയായി ഏത് പ്രതിസന്ധികാലഘട്ടത്തെയും പുഞ്ചിരിച്ചുകൊണ്ട് നേരിടാൻ സഖാവ് കോടിയേരിയുടെ മാർഗനിർദേശങ്ങൾ കരുത്തുപകരും. കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനം കൈരളിക്ക് സമ്മാനിച്ച സമാനതകളില്ലാത്ത നേതൃത്വമായിരുന്ന കോടിയേരി. 23ാം വയസിൽ അനുഭവിച്ച ജയിൽവാസം കോടിയേരിയെ പൂർണസമയ രാഷ്ട്രീയ പ്രവർത്തകനാക്കി. തന്റെ രാഷ്ട്രീയ സർവകലാശാലയായിരുന്നു. കെ.എസ്.എഫും, നീണ്ട ജയിൽവാസവും കഴിവുകൾ കണ്ടറിഞ്ഞ് കേഡറായി മാറ്റിത്തീർക്കുന്ന അപാരമായ സംഘടന പാടവം. ഏവർക്കും അനിവാര്യമായ ചിന്താശേഷിയും പ്രയോഗക്ഷമതയും പ്രദാനം ചെയ്ത ചാലകശക്തിയായിരുന്നു സഖാവ് കോടിയേരി. തൊഴിലാളിവർഗത്തിന്റെ ജിഹ്വയായി ദേശാഭിമാനിയെയും, പ്രത്യയശാസ്ത്രപ്രബന്ധമായി ചിന്തയെയും വളർത്തുന്നതിലും വലുതാക്കുന്നതിലും കോടിയേരിയുടെ ശ്രമം അപാരമായിരുന്നു. ഇലക്ട്രോണിക് മീഡിയയിലൂടെ മാധ്യമങ്ങളുടെ വലതുപക്ഷ സംസ്കാരം തിരിച്ചറിഞ്ഞ കോടിയേരിയും പിണറായിയും ചേർന്നാണ് കൈരളിക്ക് തുടക്കമിട്ടത്. വായന ദിനചര്യയാക്കിയ കോടിയേരി നിരന്തര ഗൃഹപാഠത്തിലൂടെ പുതിയ സമസ്യകൾ നിർധാരണം ചെയ്യുന്നതിൽ അസാമാന്യമായ കഴിവാണ് പ്രയോഗിച്ചിരുന്നത്. തന്റെ ലേഖനങ്ങളിലൂടെയും പാർട്ടി കത്തുകളിലൂടെയും തൊഴിലാളിവർഗ്ഗത്തിനെതിരായ വിമർശനങ്ങളെ തന്റെ സർഗധനമായ ശൈലിയിൽ നേരിടുന്ന പോരാളിയായിരുന്നു കോടിയേരി. കൂർമബുദ്ധികൊണ്ട് പിച്ചാത്തി പഴത്തിൽ കയറ്റുന്നതുപോലെ എതിരാളിയെ യുക്തികൊണ്ട് മലർത്തിയടിക്കാനുള്ള അദ്ദേഹത്തിന്റെ സിദ്ധി തന്റെ പ്രസ്ഥാനത്തിന് എന്നും പ്രതിരോധം തീർത്തുകൊണ്ടിരുന്നു. സംവാദാത്മകമായ അദ്ദേഹത്തിന്റെ പ്രയോഗങ്ങൾ അതത് കാലഘട്ടങ്ങളെ അനായാസേന അനാവരണം ചെയ്തു. കേരളത്തിലെ പാർടിയെയും ഇടതുപക്ഷജനാധിപത്യമുന്നണിയേയും ഉരുക്കു കോട്ടയായി നിലനിർത്തി. നിലയ്ക്കാത്ത പോരാട്ടമായ ജീവിതത്തിൽ ആടിയുലയാതെ ജനങ്ങളെ മാറോട് ചേർത്ത് പ്രവർത്തിക്കുന്നതാണ് ഏറെ അഭിമാനം എന്ന് തുറന്ന് പറഞ്ഞ കമ്മ്യൂണിസ്റ്റായിരുന്നു. കോടിയേരി.

അസമത്വം വിളഞ്ഞാടിയ സമൂഹത്തെ മാറ്റിത്തീർക്കാൻ നിതാന്തജാഗ്രതയോടെ തന്റെ പ്രസ്ഥാനത്തെ വിഭാഗീയതയുടെ നടുക്കയറ്റത്തിൽ നിന്ന് തുഴഞ്ഞ് കരക്ക് കയറ്റിയ അത്യപൂർവമായ സംഘാടനമികവിനുടമയായിരുന്നു സഖാവ്. സ്വതേ ആർദ്രമായ മനസ്സുള്ള കേടിയേരിയുടെ സാമീപ്യം സംഘർഷഭരിതമായ മനസിനെ നേരിടാൻ ജീവിതത്തിലുടനീളം ആശ്വാസമായി ഭവിക്കാറുണ്ടായിരുന്നു. അസ്ത്രങ്ങൾ നെഞ്ചിൽ കുത്തിയിറങ്ങിയപ്പോഴും വിങ്ങിപ്പൊട്ടാതെ സ്വന്തം പ്രസ്ഥാനത്തെയും ജനങ്ങളെയും തണലായി കണ്ട മനസാന്നിദ്ധ്യം. പാവം സ്വകാര്യമായി ഏറെ കരഞ്ഞിട്ടുണ്ടാകും. ഒന്നും മുഖത്ത് പ്രകടിപ്പിക്കുമായിരുന്നില്ല. അർബുദരോഗം മൂർച്ഛിച്ചത് ജീവന് അവധി വച്ചു എങ്കിലും, 69ാം വയസിൽ അകാലമൃത്യുവിന് കാരണമാക്കിയത് അനർഹമായി പേറേണ്ടി വന്ന വേദനകളുമായിരിക്കാം.

1970 സിഐടിയു രൂപീകരണത്തിന് ശേഷം സിഐടിയുവിനെ സ്വതന്ത്രവും ജനാധിപത്യപരവുമായി വളർത്തുന്നതിൽ സ:കോടിയേരിയുടെ പാർടി നേതൃത്വം തുടർച്ചയായ കരുതലാണ് കാണിച്ചത്. ഏറ്റവും ഒടുവിൽ ഇ.എം.എസ് അക്കാദമിയിൽ നടന്ന പാർട്ടി സ്കൂളിലെ പഠന വിഷയത്തിലും ട്രേഡ് യൂണിയൻ മുന്നണിയിൽ തിരുത്തപ്പെടേണ്ടതായ ഒട്ടേറെ കുറവുകൾ ചൂണ്ടിക്കാണിച്ചിരുന്നു. തൊഴിലാളിമേഖല യിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ച് മുന്നേറുന്നതുകൊണ്ടാണ് സിഐടിയു സംഘടന കേരളത്തിലെ ഏറ്റവും വലിയ പ്രസ്ഥാനമായി ഉയർന്നു നിൽക്കുന്നത്. തൊഴിലാളിവർഗം, വർഗം എന്ന നിലയിൽ സംഘടിച്ച് ശക്തമാകണം എന്ന കാഴ്ചപ്പാടിൽ ഇനിയും എത്താത്തവരിലേക്കെത്തി ച്ചേരാൻ വർഗരാഷ്ട്രീയത്തിൽ ഊന്നി പ്രവർത്തിക്കണമെന്ന് നിഷ്കർഷമുള്ളയാളായിരുന്നു സഖാവ് കോടിയേരി. കേരളത്തിലെ പൊതുമേഖലാ സംരക്ഷണ പോരാട്ടങ്ങൾക്കും സ്കീംവർക്കർമാരുടെ പ്രശ്നപരിഹാരത്തിനും, അസംഘടിത തൊഴിലാളികളുടെ അവകാശങ്ങൾക്കും വേണ്ടി സമരമല്ലാതെ മറ്റൊരുമാർഗമില്ലെന്ന് വഴി കാട്ടിയ തണലായിരുന്നു സഖാവ് കോടിയേരി. തൊഴിലാളി വർഗത്തിന്റെ പ്രക്ഷോഭസമരങ്ങളെ ശക്തമായി പിന്തുണയ്ക്കുകയും സമരമുഖങ്ങളിൽ നേരിട്ടെത്തി അഭിവാദ്യം ചെയ്യുക യും ചെയ്ത നേതാവായിരുന്നു സ:കോടിയേരി റയിൽവേസ്വകാര്യവൽക്കരണത്തിനെതിരായി സംയുക്ത ട്രേഡ് യൂണിയനുകൾ എറണാകുളം റയിൽവേസ്റ്റേഷന് മുന്നിൽ നടത്തിയ പ്രതിഷേധ സംഗമത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സഖാവ് കോടിയേരി നടത്തിയ പ്രസംഗം ഒരു ട്രേഡ് യൂണിയൻ നേതാവിന്റെ പ്രസംഗത്തേക്കാൾ പ്രസക്തിയും പ്രാധാന്യവുമുള്ളതായിരുന്നു.

ഇണക്കവും പിണക്കവും ഒരുപോലെ ചാലിച്ച് രാഷ്ട്രീയ എതിരാളികളെയും മാധ്യമങ്ങളെയും ഒരുപോലെ നേരിട്ട നേതാവായിരുന്നു. കടന്നാക്രമണങ്ങളെ ഭരണപക്ഷത്തുള്ളപ്പോഴും പ്രതിപക്ഷത്തുള്ളപ്പോഴും ചിരിതൂകി എണ്ണി എണ്ണി പറഞ്ഞ് നേരിട്ടയാളായിരുന്നു. എതിരാളികളുടെ അതിർവരമ്പുകൾ കടന്ന് സൗഹൃദം കാത്തു സൂക്ഷിച്ച നേതാവായിരുന്നു. കോടിയേരി ഒരിക്കലും മാധ്യമപരിലാളനയ്ക്ക് വശംവ ദനായിരുന്നില്ല. സിഐടിയു സെക്രട്ടറി സ:എളമരം കരീമിന്റെ ചെവിക്കുറ്റി അടിച്ച് പൊട്ടിക്കണമെന്ന് ആക്രോശിച്ച ഏഷ്യാനെറ്റിന്റെ വിനു.വി.ജോണിനോടും അത്തരം വക്രത കൈമുതലാക്കിയ മാധ്യമകു ത്തകകളോടും കോടിയേരി വാർത്താസമ്മേളനം വിളിച്ച് വെല്ലുവിളിച്ചത് സമരപഥങ്ങളിൽ അതിനിരണ തൊഴിലാളി സമൂഹത്തിന് എത്രമാത്രം ആത്മവിശ്വാസം പകർന്നു. സംരക്ഷിക്കാൻ പൊതുപ്രസ്ഥാനം ഉണ്ടാകുമെന്ന തോന്നൽ ഏവരിലും ജനിപ്പിക്കുവാൻ ഉപകരിച്ച നിലപാട്. ഒരുപക്ഷേ ഇത്രയും സൗമ്യനായ കോടിയേരിയിൽ നിന്ന് ആണ് പ്രതീക്ഷിക്കാത്ത വെല്ലുവിളി വേറിട്ടൊരു കോടിയേരിയെ നാം കണ്ടത് അന്നാണ്. ധീരനായ സമരനായകനായിരുന്നു കോടിയേരി. കോടിയേരിയുടെ സൗമ്യതയുടെ ഈ നയത ന്ത്രം മാധ്യമങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വഴിയൊരുക്കി. രാഷ്ട്രീയത്തോടൊപ്പം വ്യക്തിപര മായ വലിയ പ്രയാസങ്ങൾക്ക് നടുവിലൂടെ നീറി നീറിയായിരിക്കണം സഖാവ് പ്രസ്ഥാനത്തെ നയിച്ചത്. അതൊന്നും ധീരവും സൗമ്യവുമായ കോടിയേരിയുടെ ജീവിതത്തെ ഉലച്ചില്ല. വലിയ പ്രക്ഷോഭങ്ങൾക്ക് നടുവിൽ പാറ പോലെ ഉറച്ചു നിന്നു. വേദനിക്കുന്ന മനുഷ്യരെ നെഞ്ചോട് ചേർക്കുന്ന തനിമയേറിയ പ്രസാദാത്മകത ഒരിക്കലും ഓർമ്മകളിൽ നിന്ന് മായില്ല. ധീരനായ കോടിയേരിക്ക് സിഐടിയുവിന്റെ ധന്യമായ അഭിവാദ്യങ്ങൾ.



# സമകാലീന മാധ്യമ രംഗവും ദേശാഭിമാനി പ്രചരണവും






**പുത്തലത്ത് ദിനേശൻ**

പ്രചരണ പ്രവർത്തനം തന്നെ വലിയ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന ഘട്ടമാണിത്. മാധ്യമപ്രചരണം എന്നത് ഒരു വ്യവസായം പോലെയായി ലോകത്തെമ്പാടും മാറിക്കഴിഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിവിധ തരത്തിലുള്ള പഠനങ്ങൾ ലോകത്ത് ഉയർന്നുവന്നിട്ടുണ്ട്.

മാധ്യമ കുത്തക എന്ന ബെൻ ബാഗ്ഡിന്റെ പ്രസിദ്ധമായ ഗ്രന്ഥത്തിൽ അമേരിക്കയിലെ പത്രങ്ങൾ ഉൾപ്പടെയുള്ള മാധ്യമങ്ങളെ നിയന്ത്രിച്ചിരുന്ന 50 കുത്തകകളെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. 1987–ൽ 23 എണ്ണമായി അത് മാറി. 1997 ആകുമ്പോഴേക്ക് അത് 10 ആയി തീർന്നു. ഇത്തരത്തിൽ മാധ്യമ ഭീമന്മാർ ഇന്ത്യയിലെ പത്ര പ്രവർത്തന രംഗവും കൈപ്പിടിയിലൊതുക്കിയിരിക്കുകയാണ്. അംബാനി, താപ്പർ, മോദി, ബിർല തുടങ്ങിയ കുത്തക കുടുംബങ്ങൾക്കെല്ലാം ഇന്ന് മാധ്യമ സാമ്രാജ്യമുണ്ട്. തെറ്റായ പ്രചരണങ്ങൾ നടത്തിക്കൊണ്ട് ജനങ്ങളുടെ ബോധത്തെ തങ്ങൾക്ക് അനുകൂലമാക്കി മാറ്റാനുള്ള പ്രവർത്തനമാണ് കോർപ്പറേറ്റുകളുടെ നേതൃത്വത്തിൽ തങ്ങളുടെ മാധ്യമങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്.

മുതലാളിത്ത വ്യവസ്ഥക്ക് അനുകൂലമായും, പ്രതികൂലമായും ചിന്തിക്കുന്നവർ തന്നെ



7
ശനി
മാർച്ച് 2020
1195 കുംഭം 23
പേജ് 16, വില ₹ 7.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശ്ശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

www.deshabhimani.com
facebook.com /deshabhimani
@DBIDaily
dbitvm@gmail.com

# ദേശാഭിമാനി

ESTD. 1942

ഡൽഹി വർഗീയ കലാപത്തെക്കുറിച്ച് പാർലമെന്റിൽ സർക്കാർ ചർച്ചയ്ക്ക് തയ്യാറാകാത്തത് കടുത്ത അന്യായം

07

## മിണ്ടരുത്

### മാധ്യമങ്ങളെ വരുതിയിൽ നിർത്താനുള്ള നീക്കം: കോടിയേരി

### കടന്നാക്രമണം: പി രാജീവ്

സ്വന്തം ലേഖകൻ

- ഡൽഹി കലാപം വാർത്തയാക്കിയ ഏഷ്യാനെറ്റ് ന്യൂസിനും മീഡിയാ വണ്ണിനും രണ്ട് ദിവസം വിലക്ക്
- യൂട്യൂബ് ലൈവും തടഞ്ഞു
- ആർഎസ്എസിനെയും ഡൽഹിപൊലീസിനെയും കേന്ദ്രആഭ്യന്തര മന്ത്രാലയത്തെയും വിമർശിച്ചതായി കുറ്റാരോപണം

asianet news
MEDIA one

വിലക്കിനുകാരണമാക്കിയ ചട്ടം

**ഗൗരി ലങ്കേഷിന്റെ മരണം തൊട്ട് മധ്യപ്രദേശിലെ ബി.ജെ.പി എം.എൽ. എയ്ക്കെതിരെ വാർത്ത കൊടുത്തതിന്റെ പേരിൽ നഗരായി നിൽക്കേണ്ടി വന്ന പത്രപ്രവർത്തകർ വരെ രാജ്യത്ത് സ്വതന്ത്രമായി അഭിപ്രായം രേഖപ്പെടുത്തുന്നത് അസാധ്യമായിരിക്കുന്നു എന്ന് നമ്മെ ഓർമ്മപ്പെടുത്തുകയാണ്. സ്വതന്ത്രമായി പത്രപ്രവർത്തനം നടത്തുന്നത് സംബന്ധിച്ച ഐക്യരാഷ്ട്ര സംഘടനയുടെ കണക്കിൽ 2021-ൽ 142-ാം സ്ഥാനമായിരുന്നു നമ്മുടെ രാജ്യത്തിനുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അത് 150 ആയി മാറിയിരിക്കുന്നു.**

ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന അന്റോണിയോ ഗ്രാംഷി ഇങ്ങനെ സമ്മതം ഉൽപാദിപ്പിച്ച് മുതലാളിത്ത അധിപത്യം നേടുന്ന പ്രശ്നം തന്റെ പ്രസിദ്ധമായ ജെയിൽ കുറിപ്പുകളിൽ ഉൾപ്പെടെ വ്യക്തമാക്കുന്നുണ്ട്. അമേരിക്കൻ മുതലാളിത്തത്തിന്റെ കടുത്ത വിമർശകനായ നോംചോംസ്കി സമ്മതം ഉൽപ്പാദിപ്പിച്ച് നിലനിൽക്കുന്ന മുതലാളിത്തത്തിന്റെ സവിശേഷതയെ എടുത്ത് പറഞ്ഞിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റിന്റെ മാധ്യമ ഉപദേഷ്ടാവായിരുന്ന വീറ്റർ ലിപ്മാൻ ആധുനീക ജനാധിപത്യത്തിന്റെ പുതിയ കലയാണ് സമ്മതി നിർമ്മാണം എന്ന് വ്യക്തമാക്കിയതിലൂടെ വിരൽ ചൂണ്ടുന്നത് ഈ യാഥാർത്ഥ്യത്തിലേക്ക് തന്നെയാണ്.

ജനകീയ താൽപര്യങ്ങളെ അവഗണിച്ചുകൊണ്ട് മുതലാളിത്തത്തിന് വേണ്ടി സമ്മതം നിർമ്മിക്കുന്നതിന് ഏറ്റവും ശക്തമായി പത്ര മാധ്യമങ്ങളിൽ ഇടപെടുകയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് രാജ്യ താൽപര്യത്തിനായി പൊതുവിൽ നിലകൊള്ളുകയായിരുന്നു പത്ര മാധ്യമങ്ങൾ. ഇന്ന് സ്ഥിതി ഗതികൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കോർപ്പറേറ്റുകൾക്ക് അനുകൂലമായ നയമാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവെക്കുന്നത്. കോർപ്പറേറ്റ് നികുതി 1.45 ലക്ഷം കോടി രൂപ എഴുതി തള്ളുന്ന നടപടി തന്നെ ഇതിന് ഉദാഹരണമാണ്. ഇത്തരം നയങ്ങൾ കുത്തകകളെ വളർത്തുകയും ചെയ്യുന്നുണ്ട്. രാജ്യത്തെ പത്തു ശതമാനം പേർക്ക് രാജ്യത്തിന്റെ സമ്പത്തിന്റെ 57 ശതമാനവും കൈവശമുള്ള നിലയിലേക്ക് അത് വളർന്നിട്ടുണ്ട്. അതുകൊണ്ട് കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന മാധ്യമങ്ങൾ മോദി സ്തുതിയുടെ കേന്ദ്രങ്ങളായി മാറുന്നു.

വമ്പിച്ച മൂലധന നിക്ഷേപം ആവശ്യമുള്ള മേഖലയായി മാധ്യമരംഗം മാറിയതോടെ വൻനിക്ഷേപം ഇല്ലാതെ പിടിച്ചുനിൽക്കാൻ പറ്റില്ല എന്ന സാഹചര്യം പത്ര ദൃശ്യ മാധ്യമ രംഗത്ത് സജീവമായി കഴിഞ്ഞിട്ടുണ്ട്. പരസ്യങ്ങളെ ആശ്രയിച്ച് മാധ്യമങ്ങൾ പ്രവർത്തിക്കേണ്ടിവരുന്നു എന്ന സാഹചര്യം സ്ഥിതിഗതികളെ കൂടുതൽ ഗുരുതരമാക്കുകയും ചെയ്യുന്നു. ഇതിനെയെല്ലാം മറികടന്ന് ജനകീയ താൽപര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവർ പലവിധത്തിലുള്ള പീഢനങ്ങൾക്ക് വിധേയമാകുകയാണ്. ഗൗരി ലങ്കേഷിന്റെ മരണം തൊട്ട് മധ്യപ്രദേശിലെ ബി.ജെ.പി എം.എൽ.എയ്ക്കെതിരെ വാർത്ത കൊടുത്തതിന്റെ പേരിൽ നഗരായി നിൽക്കേണ്ടി വന്ന പത്രപ്രവർത്തകർ വരെ രാജ്യത്ത് സ്വതന്ത്രമായി അഭിപ്രായം രേഖപ്പെടുത്തുന്നത് അസാധ്യമായിരിക്കുന്നു എന്ന് നമ്മെ ഓർമ്മപ്പെടുത്തുകയാണ്.

സ്വതന്ത്രമായി പത്രപ്രവർത്തനം നടത്തുന്നത് സംബന്ധിച്ച ഐക്യരാഷ്ട്ര സംഘടനയുടെ കണക്കിൽ 2021 –ൽ 142–ാം സ്ഥാനമായിരുന്നു നമ്മുടെ രാജ്യത്തിനു ണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അത് 150 ആയി മാറിയിരിക്കുന്നു. 2016 ൽ 131–ാം സ്ഥാനത്തുനിന്നാണ് പടിപടിയായി ഇത്തരമൊരു അവസ്ഥയിലേക്ക് രാജ്യം എത്തി നിൽക്കുന്നത്. 180 രാജ്യങ്ങളായിരുന്നു ഇതിന്റെ പരിധിക്കകത്ത് വന്നത്. ഈ രാജ്യങ്ങൾക്കിടയിലാണ് ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായി കണക്കാക്കപ്പെടുന്ന നമ്മുടെ രാജ്യത്തിന് ഇത്തരമൊരു അവസ്ഥ ഉണ്ടായത്. മോദി സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന അമിതാധികാര പ്രവണതയുടെ ഭാഗം കൂടിയാണിത്.

ഇത്തരമൊരു സാഹചര്യത്തിൽ തൊഴിലാളി വർഗ്ഗത്തെ

**മലയാളത്തിലെ ഒന്നാമത്തെ പത്രത്തിന് മൂന്ന് ലക്ഷത്തോളം കോപ്പികളാണ് കുറഞ്ഞത്. രണ്ടാമത്തെ പത്രത്തിനാവട്ടെ രണ്ട് ലക്ഷത്തോളം കോപ്പികളുടെ കുറവും ഉണ്ടായിട്ടുണ്ട്. എന്നാൽ ദേശാഭിമാനിയുടേത് 60000ത്തോളം കോപ്പി വർദ്ധിക്കുന്ന സ്ഥിതിയുമാണ് ഉണ്ടായിട്ടുള്ളത്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി പ്രസ്ഥാനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾക്ക് ഫലം കാണുന്നു എന്നതിന്റെ അടയാളം കൂടിയാണിത്.**



സംബന്ധിച്ചെടുത്തോളം അവർ അവരുടെ കാഴ്ചപ്പാടുകളും, ഇടപെടലുകളും എങ്ങനെ ജനങ്ങളിലെത്തിക്കാമെന്ന പ്രശ്നമുയർന്നു വരുന്നുണ്ട്. നവലിബറൽ കാലഘട്ടം തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ചുള്ള മാധ്യമ മനുഷ്യനെ രൂപപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ ബന്ധങ്ങളുടെ സമുച്ചയമായാണ് മാർക്സ് മനുഷ്യനെ വിലയിരുത്തിയിട്ടുള്ളത്. എന്നാൽ നവലിബറൽ കാലഘട്ടത്തിലെ മാധ്യമങ്ങളാകട്ടെ സാമ്രാജ്യത്വത്തിന്റെ ചരക്കുകളും, സംസ്ക്കാരവും വിമർശന രഹിതമായി സ്വീകരിക്കുന്ന ഉപഭോക്താവായി മനുഷ്യനെ രൂപപ്പെടുത്തുന്നതിന് ഇടപെടുകയാണ് ചെയ്യുന്നത്. അതിനായി കടുത്ത അരാഷ്ട്രീയതയും പുനരുദ്ധാരണ കാഴ്ചപ്പാടുകളും മുന്നോട്ടുവയ്ക്കുകയാണ്. ചരിത്ര നിരപേക്ഷമായ ഒരു മനുഷ്യനെ സൃഷ്ടിക്കുന്നതിനുള്ള ഇടപെടലാണ് നടത്തുന്നത്.

സാമ്രാജ്യത്വ തൽപര്യങ്ങൾക്ക് അനുയോജ്യമായി നാടിന്റെ സമസ്ത മേഖലകളെയും രൂപപ്പെടുത്തുന്നതിനെ തടയുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും, ജനനേതാക്കളേയും അവമതിക്കുകയും, അപവാദങ്ങൾ പ്രചരിപ്പിക്കുന്നതിനും ഇവർ മുന്നിട്ടിറങ്ങുകയാണ് ചെയ്യുന്നത്. കമ്മ്യൂണിസ്റ്റുകാർ രാജ്യത്തോട് കൂറില്ലാത്തവരും, ചൈനീസ് ഏജന്റുമാരാണെന്നുമുള്ള പ്രചരണങ്ങളെല്ലാം ഇതിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ ജനകീയ താൽപര്യങ്ങൾ മുന്നോട്ടുവച്ച്കൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം മാധ്യമ വിമർശനം എന്നത് പ്രധാനപ്പെട്ട അജണ്ടയായി മാറുകയും ചെയ്തിരിക്കുന്നു. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ആശയ കുഴപ്പങ്ങളേയും, കപടവാദങ്ങളേയും വിമർശിക്കാതെ നവലിബറൽ കാലത്തെ സാമൂഹ്യ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ മൂന്ന് തലത്തിൽ നിന്നുകൊണ്ട് മാധ്യമ രംഗത്ത് പ്രതിരോധം സൃഷ്ടിക്കാനാകണം.

1. **പൊതുവായ ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള ഇടപെടൽ ശക്തിപ്പെടുത്തുക.**
2. **മാധ്യമങ്ങളുടെ തെറ്റായ ഇടപെടലകളെ തുറന്നുകാട്ടുന്നവിധമുള്ള മാധ്യമ സംസ്ക്കാരത്തെ വികസിപ്പിക്കുക.**
3. **ജനകീയ താൽപര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ബദൽ മാധ്യമങ്ങൾ പ്രചരിപ്പിക്കുക.**

ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സമരങ്ങളുമായി തൊഴിലാളി വർഗ്ഗം ഐക്യപ്പെടുക എന്നത് പ്രധാനമാണ്. കോർപ്പറേറ്റ് മാധ്യമങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മാധ്യമ സംസ്ക്കാരത്തേയും, തെറ്റായ വാർത്തകളേയും തുറന്നുകാട്ടിക്കൊണ്ട് മുന്നോട്ടുപോകുക. നമ്മുടെ പൊതുവായ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുമ്പോൾ തന്നെ നവമാധ്യമങ്ങളുടെ സാധ്യതയും ഉപയോഗപ്പെടുത്താനാകണം. തെറ്റായ വാർത്തകളെ അതാത് ഘട്ടത്തിൽ തുറന്നുകാട്ടി കോർപ്പറേറ്റ് മാധ്യമങ്ങളുടെ വിശ്വാസ്യതയെ ഇല്ലാതാക്കാനാകണം.

ഈ രംഗത്തുള്ള ഏറ്റവും പ്രധാനപ്പെട്ട ദൗത്യമാണ് ബദൽ മാധ്യമങ്ങളെ വികസിപ്പിക്കുക എന്നത്. രാഷ്ട്രീയ പ്രചരണത്തിനായി പത്ര മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുക എന്നത് ലോകത്തെമ്പാടും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നേരത്തെ തന്നെ വികസിപ്പിച്ചുകൊണ്ടുവന്ന രീതിയാണ്. 1842 ൽ റെയ്നീഷെ സെയ്റ്റുങ്ങ് എന്ന പത്രത്തിൽ മാർക്സ് എഴുതിയത് ഇത്തരം കാഴ്ചപ്പാടുകളുടെ കൂടി പശ്ചാത്തലത്തിലായിരുന്നു. 1848 -ലാണ് അദ്ദേഹം സ്വന്തമായി പത്രം സ്ഥാപിച്ചത്. 1850 കളിൽ ന്യൂയോർക്ക് ട്രിബ്യൂണലിലെ കോളമെഴുത്തുകാരനുമായും തന്റെ ആശയപ്രചണത്തിന് അദ്ദേഹം ഉപയോഗിച്ചു. ഇന്ത്യയിലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെ കുറിച്ച് ന്യൂയോർക്ക് ട്രിബ്യൂണലിലൂടെയായിരുന്നു അദ്ദേഹമെഴുതിയത്.

ഈ പാരമ്പര്യത്തിന്റെ ചുവടുപിടിച്ചുകൊണ്ട് തന്നെയാണ് കേരളത്തിൽ പ്രഭാതവും, ദേശാഭിമാനിയും പ്രവർത്തിച്ചു വന്നത്. ജനവിരുദ്ധ നയങ്ങൾക്കെതിരെ ജനങ്ങൾ നടത്തുന്ന പ്രതിരോധത്തിന്റെ ഉൽപ്പന്നം എന്ന നിലയിലാണ് ദേശാഭിമാനി രൂപപ്പെട്ടുവന്നത്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർടിയുടെ നേതൃത്വത്തിൽ 1935ൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രഭാതത്തിൽ നിന്ന് ആരംഭിക്കുന്നതാണ് ഇതിന്റെ പാരമ്പര്യം.

1942ൽ കമ്മ്യൂണിസ്റ്റുകാരെ രാജ്യദ്രോഹികളെന്ന് മുദ്രകുത്താൻ വലതുപക്ഷം ശ്രമിച്ച കാലത്താണ് ദേശാഭിമാനി എന്ന പേരിൽ വാരിക ആരംഭിക്കുന്നത്. കേരളത്തിലെ ജനപക്ഷത്ത് നിന്നുകൊണ്ടുള്ള പോരാട്ടങ്ങൾക്കെല്ലാം കരുത്തായി ദേശാഭിമാനി വളരുകയായിരുന്നു. തൊഴിലാളികളുടേയും, കർഷകരുടേയും, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടേയും ശബ്ദമായാണ് ദേശാഭിമാനി രംഗപ്രവേശനം ചെയ്യത്.

അതുകൊണ്ട് തന്നെ നിരോധനത്തിന്റേയും, പിഴകളുടേയും പരമ്പരകൾ തന്നെയാണ് ഏറ്റുവാങ്ങേണ്ടി വന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ മാത്രമല്ല സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും സമാനമായ അനുഭവമാണ് ദേശാഭിമാനിക്കുണ്ടായത്. നാവടക്കി പണിയെടുക്കുവാൻ ആഹ്വാനം ചെയ്ത അടിയന്തിരാവസ്ഥ കാലത്തും പ്രതിരോധത്തിന്റെ കണ്ണിയായി പ്രവർത്തിക്കാൻ ദേശാഭിമാനിക്ക് കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ വിശ്വാസവും, പിന്തുണയുമാണ് ഈ ഘട്ടങ്ങളെയെല്ലാം അതിജീവിക്കാൻ കരുത്തായി തീർന്നത്.

രാജ്യവും, തൊഴിലാളി വർഗ്ഗവും നേരിടുന്ന എല്ലാ പ്രതിസന്ധികളിലും സജീവമായി ഇടപെടാൻ ദേശാഭിമാനിക്ക് കഴിഞ്ഞിട്ടുണ്ട്. വർത്തമാനകാലത്ത് ആഗോളവൽക്കരണ നയങ്ങൾ രാജ്യത്ത് ദുരിതം വിതക്കുമ്പോൾ അതിന്റെ ആപത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതിന് ശക്തമായി ഇടപെട്ടുകൊണ്ടിരിക്കുന്നത് ദേശാഭിമാനിയാണ്. ഇന്ത്യയുടെ മതനിരപേക്ഷ പാരമ്പര്യത്തെ തകർക്കാനുള്ള നീക്കങ്ങൾക്കെതിരെ ജനങ്ങളെ ജാഗ്രതപ്പെടുത്തുന്നതിന് മുൻനിരയിൽ നിന്നതും ദേശാഭിമാനിതന്നെയാണ്.

കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരായി രാജ്യത്തുയർന്നുവന്ന നിരവധി പ്രക്ഷോഭങ്ങളുണ്ട്. പ്രത്യേകിച്ചും തൊഴിലാളികളും, കർഷകരും നടത്തിയ എണ്ണമറ്റ പോരാട്ടങ്ങൾ. എന്നാൽ ഈ പോരാട്ടങ്ങളും, അവക്ക് ആധാരമായ മുദ്രാവാക്യങ്ങളും ജനങ്ങളിലെത്തിക്കുന്നതിന് വലതുപക്ഷ മാധ്യമങ്ങൾ തയ്യാറാവുകയില്ല. ഇത്തരം മുദ്രാവാക്യങ്ങൾ ജനങ്ങളിലെത്തണമെങ്കിൽ ദേശാഭിമാനിപോലുള്ള പത്രങ്ങൾ പ്രചരിക്കേണ്ടത് ഏറ്റവും അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്.

വലതുപക്ഷ മാധ്യമങ്ങൾ തൊഴിലാളി വിരുദ്ധ വാർത്തകളുടെ പെരുമഴയുമായാണ് ഓരോ ദിവസവും മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നത്. ഇത്തരം ഘട്ടങ്ങളിൽ തൊഴിലാളി വർഗ്ഗത്തിന്റെ ശബ്ദം ജനങ്ങളിലെത്തിക്കുന്നതിന് നമുക്കുള്ള ഉപാധി പത്രലോകത്ത് ദേശാഭിമാനിയാണ്. അതുകൊണ്ട് തന്നെ അത് പ്രചരിപ്പിക്കുക എന്നത് തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തിന്റെ മുന്നോട്ടുപോക്കിന് അനിവാര്യമാണെന്ന് കാണണം.

ദേശാഭിമാനി നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം ഇടപെടലുകൾ ജനങ്ങൾ അംഗീകരിക്കുന്നു എന്നതിന്റെ കണക്കുകളാണ് കഴിഞ്ഞ ദിവസം പുറത്തുവന്നത്. മലയാളത്തിലെ ഒന്നാമത്തെ പത്രത്തിന് മൂന്ന് ലക്ഷത്തോളം കോപ്പികളാണ് കുറഞ്ഞത്. രണ്ടാമത്തെ പത്രത്തിനാവട്ടെ രണ്ട് ലക്ഷത്തോളം കോപ്പികളുടെ കുറവും ഉണ്ടായിട്ടുണ്ട്. എന്നാൽ ദേശാഭിമാനിയുടേത് 60000ത്തോളം കോപ്പി വർദ്ധിക്കുന്ന സ്ഥിതിയുമാണ് ഉണ്ടായിട്ടുള്ളത്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി പ്രസ്ഥാനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾക്ക് ഫലം കാണുന്നു എന്നതിന്റെ അടയാളം കൂടിയാണിത്. ഈ പ്രവർത്തനം കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ കണക്കുകൾ ആത്മവിശ്വാസം പകരുകയും ചെയ്യുന്നതാണ്.●

# വിദേശനാണ്യശേഖരത്തിന് മേലുള്ള പുതിയ ഭീഷണി




**രൂപ തകരുമ്പോൾ നമ്മുടെ ഇറക്കുമതിക്ക് ചെലവേറും; രൂപയുടെ തകർച്ച ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ വില കൂടാനും കാരണമായി. ഇത് പണപ്പെരുപ്പം പൊടുന്നനെ വർധിക്കാൻ ഇടവരുത്തും. അത് രൂപയുടെ ബാഹ്യ മൂല്യത്തിനും കുറവു വരുത്തും. അതോടെ പണപ്പെരുപ്പവും മൂല്യശോഷണവും ഒരുമിച്ച് സംഭവിക്കും. യൂറോയുമായുള്ള വിനിമയത്തിൽ ഡോളറിന്റെ മൂല്യം കുറയുന്നത് നമ്മുടെ വിദേശനാണ്യ ശേഖരത്തിന് ഡോളറുമായുള്ള വിനിമയത്തിന്റെ മൂല്യത്തിൽ കുറവ് വരുന്നതിന് കാരണമാകുന്ന ഘടകമാണ്. എന്നാൽ രൂപയുടെ മൂല്യം പിടിച്ചു നിർത്താനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഡോളർ വിൽപ്പന നടത്തുമ്പോഴാണ് ഈ തകർച്ചയും രൂപയുടെ മൂല്യത്തകർച്ചയും.**



പ്രഭാത് പട്നായിക്

ഇക്കഴിഞ്ഞ സെപ്റ്റംബർ 23ന് ഡോളറുമായുള്ള വിനിമയ നിരക്കിൽ രൂപ പുതിയൊരു താഴ്ചയിലേക്ക് പതിക്കുകയുണ്ടായി. അതിന് മുൻപുള്ള ഏതാനും ആഴ്ചകളിൽ ഡോളറുമായി താരതമ്യം ചെയ്യുമ്പോഴുള്ള രൂപയുടെ മൂല്യം ഏറെക്കുറെ സ്ഥിരം എന്ന് കരുതപ്പെട്ട 79നും 80നും ഇടക്ക് പിടിച്ചു നിന്ന ശേഷം അന്ന് 81നെ മറികടന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അതിന്റെ വിദേശ നാണയ കരുതൽ ശേഖരത്തിൽ നിന്ന് ഡോളർ ഒഴുക്കിയിട്ടും രൂപയുടെ തകർച്ചയെ തടയുവാൻ ആയില്ല. 2021 ഒക്ടോബറിൽ റിക്കോർഡ് നിലയിൽ എത്തിയിരുന്ന വിദേശ നാണയ കരുതൽ ശേഖരം തുടർന്ന് 90 ബില്യൺ ഡോളർ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വിപണിയിൽ ഇറക്കിയത് കാരണം 2022 സെപ്റ്റംബർ 23ന് 550 ബില്യൺ ഡോളറായി കുറഞ്ഞു. ഇങ്ങനെ കുറഞ്ഞതിന് ഒരു കാരണം പുനർ മൂല്യനിർണയമാണ്. ഡോളറെ

കൂടാതെ മറ്റ് വിദേശ കറൻസികളും ആർബിഐയുടെ കരുതൽ നിധിയിലുണ്ട്. ഡോളറുമായുള്ള യൂറോയുടെ മൂല്യം ഇടിഞ്ഞതും ആർബിഐയുടെ കരുതൽ ശേഖരത്തിൽ കുറവുണ്ടാക്കി. എങ്കിലും പ്രധാന കാരണം രൂപയുടെ മൂല്യം പിടിച്ചുനിർത്തുന്നതിനായി ആർബിഐ ഡോളർ ഒഴുക്കിയത് തന്നെയാണ്. എന്നിട്ടും രൂപ കൂപ്പുകുത്തുകയാണ് ഉണ്ടായത്.

രൂപ തകരുമ്പോൾ നമ്മുടെ ഇറക്കുമതിക്ക് ചെലവേറും; പ്രത്യേകിച്ച് സാർവലൗകിക മധ്യവർത്തി ഉൽപ്പന്നങ്ങളായ പെട്രോളിയം ഉൽപ്പന്നങ്ങളുടേതടക്കമുള്ള ഇറക്കുമതിക്ക്. റഷ്യയ്ക്കുമേൽ പാശ്ചാത്യ രാജ്യങ്ങൾ അടിച്ചേൽപ്പിച്ച ഉപരോധങ്ങൾ മൂലം പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഡോളർ വില ലോക വിപണിയിൽ വർധിച്ചിരിക്കയാണ്. രൂപയുടെ തകർച്ച ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ വില കൂടാനും കാരണമായി. ഇത് പണപ്പെരുപ്പം പൊടുന്നനെ വർധിക്കാൻ ഇടവരുത്തും. അത് രൂപയുടെ ബാഹ്യ മൂല്യത്തിനും കുറവു വരുത്തും. അതോടെ പണപ്പെരുപ്പവും മൂല്യശോഷണവും ഒരുമിച്ച് സംഭവിക്കും. ഒരു മുതലാളിത്ത സമ്പദ്വ്യവസ്ഥ ഈ ചുഴിയെ മറികടക്കുന്നത് തൊഴിലാളികളെ കൂടുതൽ ചൂഷണം ചെയ്തുകൊണ്ടാണ്. വില കൂടുന്നതിന് ആനുപാതികമായി വേതനം വർധിപ്പിക്കാതെയാണ് പ്രതിസന്ധി മറികടക്കുമെന്ന് ഉറപ്പുവരുത്തുന്നത്. പണപ്പെരുപ്പം തടയുന്നതിനുള്ള എല്ലാ മാർഗങ്ങളും ചെന്നവസാനിക്കുന്നത് വേതനം വർധിപ്പിക്കാതെ നിലനിർത്തുന്നതിലൂടെയാണ്. അത് തൊഴിലാളികളോടുള്ള കടന്നാക്രമണമാണ്.

പണപ്പെരുപ്പവും മൂല്യശോഷണവും ചേർന്ന ചുഴി കൂടാതെ മറ്റൊരു സ്വതന്ത്രമായ ചുഴി കൂടി രൂപപ്പെടുന്നുണ്ട്. കൂടുതൽ മൂല്യത്തകർച്ച ഉണ്ടാകുമെന്ന പ്രതീക്ഷ മൂലം ഉണ്ടാകാനിടയുള്ള യഥാർഥ മൂല്യത്തകർച്ചയുടെ ചുഴിയാണത്. ഈ രണ്ടു ചുഴികളും സമ്പദ്ഘടനയിൽ പിടിമുറുക്കുന്നു. ഈ രണ്ടു ചുഴികളുടെ ഇരകൾ രാജ്യത്തെ തൊഴിലെടുക്കുന്ന മനുഷ്യരാണ്.




എന്നാൽ ഇതുമായി ബന്ധപ്പെട്ട് മറ്റൊരു പ്രശ്നം കൂടി ഉയർന്നുവരുന്നുണ്ട്. രൂപയുടെ മൂല്യത്തിന്റെ ഇടിവ് വിലക്കയറ്റം രൂക്ഷമാകുന്നത്തിലേക്ക് നയിക്കുകയില്ല എന്ന് കരുതിയാൽ പോലും, അതായത് രൂപയുടെ മൂല്യശോഷണത്തിന്റെ ഫലമായി ഇറക്കുമതി ഉൽപ്പന്നങ്ങളുടെ വില ഉയരുന്നത് കാരണം ഉണ്ടാകുന്ന വിലക്കയറ്റത്തെ ഉടൻ തന്നെ കൂലി വെട്ടിക്കുറച്ചുകൊണ്ട് പിടിച്ച് നിർത്താനാകും എന്ന് വാദത്തിനു വേണ്ടി അംഗീകരിച്ചാൽ കൂടിയും, രൂപയുടെ മൂല്യത്തിൽ ഉണ്ടാകുന്ന ഇടവ് ഊഹക്കച്ചവടക്കാരിൽ തുടർന്നുള്ള ഇടിവിന്റെ പ്രതീക്ഷ സൃഷ്ടിക്കും. ഇത് കൈവശമുള്ള രൂപയുടെ ശേഖരം കൂടുതൽ വിറ്റഴിക്കുന്നതിന് അവരെ പ്രേരിപ്പിക്കുകയും അങ്ങനെ രൂപയുടെ മൂല്യത്തിൽ ഇടിവ് ഉണ്ടാകും എന്ന അവരുടെ പ്രതീക്ഷ യാഥാർത്ഥ്യമാകുന്നതിന് ഇടയാക്കുകയും ചെയ്യും. രൂപയുടെ മൂല്യത്തെ സംരക്ഷിക്കുന്നതിനായി റിസർവ് ബാങ്കിന് കരുതൽ ശേഖരത്തിൽ നിന്ന് കൂടുതൽ ഡോളറുകൾ ചിലവാക്കേണ്ടിവരും എന്ന വസ്തുത ഭാവിയിലും മൂല്യത്തകർയുണ്ടാകും എന്ന പ്രതീക്ഷയെ ഒന്നുകൂടി ശക്തിപ്പെടുത്തും. അതുകൊണ്ട് വിലക്കയറ്റം രൂപയുടെ മൂല്യത്തകർച്ചയ്ക്ക് ഇടയാക്കുന്നു എന്ന അപകടത്തെ കൂടാതെ മൂല്യത്തകർച്ച തുടർമൂല്യത്തർച്ചയുടെ പ്രതീക്ഷ ജനിപ്പിക്കുകയും ആ പ്രതീക്ഷ വീണ്ടും മൂല്യത്തകർച്ച യാഥാർഥ്യമാകുന്നതിന് വഴിയൊരുക്കുകയും ചെയ്യും എന്ന മറ്റൊരു അപകടത്തെയും നാം അഭിമുഖീകരിക്കുകയാണ്. സമ്പദ്ഘടന ഈ രണ്ട് അപകടങ്ങളുടെയും നീരാളിപ്പിടിത്തത്തിലാണ്. ഇവ രണ്ടിന്റെയും ദുരന്തഫലങ്ങൾ അനുഭവിക്കുന്നത് തൊഴിലാളി വർഗ്ഗവുമാണ്.

ചില ക്ഷണികമായ ഘടകങ്ങളുടെ പ്രഭാവത്തിൽ രൂപയുടെ മൂല്യം തകരുന്നതും ആ ഘടകങ്ങൾ കുറച്ചു കാലം കൊണ്ട് അസ്തമിക്കുന്നതും മൂലമുണ്ടാവുന്ന സംഭവങ്ങൾ പോലെയാവണമെന്നില്ല ഇപ്പോഴത്തെ സ്ഥിതി. ഈ തകർച്ച ഘടനാപരമാണെങ്കിലും ക്ഷണികമല്ല. ക്ഷണികമല്ലാത്ത രണ്ട് പ്രത്യേക ഘടകങ്ങളാണ് ഇതിനു കാരണം. അതിലൊന്ന് ധനക്കമ്മിയുടെ വർധനയാണ്. രണ്ടാമത്തേത് സമ്പദ്ഘടനയിൽനിന്ന് ഡോളറി

ലേക്കോ ഡോളർ അനുബന്ധ ആസ്തിയിലേക്കോ ഉള്ള ഒഴുക്കാണ്. ഇന്ത്യയുടെ ഇറക്കുമതി കയറ്റുമതിയെക്കാൾ കൂടുതലാകുന്നതുകൊണ്ടാണ് ധനക്കമ്മി വർധിക്കുന്നത്. എന്നാൽ മഹാമാരി മൂലം തകർന്ന സമ്പദ്ഘടന ശേഷി പൊടുന്നനെ വീണ്ടെടുക്കുന്നതുകൊണ്ടാണ് ഇറക്കുമതി അതിവേഗം വർധിക്കുന്നത് എന്നാണ് സർക്കാരിന്റെ അവകാശവാദം. ഈ വാദം തികച്ചും അടിസ്ഥാന രഹിതമാണ്. 2019–20ന്റെ ആദ്യപാദത്തെ 2022-23-ന്റെ ആദ്യപാദവുമായി താരതമ്യം ചെയ്യുമ്പോൾ അതായത് മഹാമാരിക്കു മുമ്പുള്ള ആദ്യപാദത്തെയും ശേഷമുള്ള ആദ്യപാദവുമായി അവലോകനം ചെയ്യുമ്പോൾ വ്യാപാരക്കമ്മി ജിഡിപിയുടെ നാലു ശതമാനത്തിൽനിന്ന് ജിഡിപിയുടെ അഞ്ചു ശതമാനത്തിന് തുല്യമായ തുകയിലേക്ക് വർധിച്ചിട്ടുണ്ട് എന്ന് കാണാനാകും. ഈ കാലയളവിൽ ജിഡിപി 2.8 ശതമാനത്തിന്റെ നേരിയ വർധന രേഖപ്പെടുത്തിയിട്ടും ഇതാണ് അവസ്ഥ.

വ്യാപാരക്കമ്മി വർധിക്കുന്നതിനെ ഉക്രൈൻ യുദ്ധത്തെ തുടർന്ന് ലോകമാകെയുണ്ടായ എണ്ണയടക്കമുള്ള ഉൽപ്പന്നങ്ങളുടെ വർധനയുടെ കണക്കിൽ പെടുത്താൻ കഴിയില്ല. ജൂലൈയിലും ആഗസ്തിലും ഉണ്ടായ വ്യാപാരക്കമ്മി ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പാദത്തിലെ ശരാശിയെക്കാൾ കൂടുതലാണ്. ജൂലൈയിൽ വ്യാപാരക്കമ്മി 28.7 ശതകോടി ഡോളറും ആഗസ്തിൽ 28.68 ശതകോടി ഡോളറുമാണ്. എന്നാൽ ഏപ്രിൽ ജൂൺ പാദത്തിലെ പ്രതിമാസ ശരാശരി 22.6 ശതകോടി ഡോളറാണ്. ഏപ്രിൽ ജൂൺ പാദത്തിൽ തന്നെ എണ്ണ വില വൻതോതിൽ വർധിച്ചിട്ടുണ്ട് എന്നിരിക്കെ ജൂലായ് ആഗസ്ത് പാദത്തിലെ വർധന എണ്ണയുടെയും മറ്റുൽപ്പന്നങ്ങളുടെ വിലവർധയുമായി ചേർത്ത് കണക്കാക്കാനാവില്ല. ആവർത്തിക്കുന്ന ഏതെങ്കിലും ഘടകങ്ങൾ കൊണ്ടും ഈ പ്രതിഭാസത്തെ വിശദീകരിക്കാൻ സാധിക്കില്ല എങ്കിലും ഇതിന്റെ വേരുകൾ ഇറങ്ങിച്ചെന്നിട്ടുള്ളത് സമ്പദ്ഘടനയുടെ ഇന്നത്തെ അപകടാവസ്ഥയിലാണ്.

ഇനി നമുക്ക് രണ്ടാമത്തെ ഘടകം എന്തെന്ന് നോക്കാം. സമ്പത്തിന്റെ പുറത്തേക്കുള്ള മൊത്തം ഒഴുക്കാണ് ആ ഘടകം. അമേരിക്കയിലെ ഫെഡറൽ റിസർവ് കുറേക്കാലമായി അതിന്റെ പലിശ നിരക്കുകൾ പൂജ്യത്തിനടുത്ത് നിലനിർത്തുകയും സമ്പദ്ഘടനയിലേക്ക് കൂടുതൽ നാണ്യശേഖരം എത്തിക്കുന്നതിന് അളവുപരമായ ഇളവുകൾ നൽകുകയും ചെയ്തു. ഹൗസിങ് പ്രതിസന്ധിമൂലം നിശ്ചലതയിലായ അമേരിക്കൻ സമ്പദ്ഘടനയെ ഇത് ഉത്തേജിപ്പിച്ചു. എന്നാൽ ഈ പ്രക്രിയമൂലം വർധിച്ച പണലഭ്യത എത്തിയത് ഇങ്ങനെ ഇന്ത്യ പോലുള്ള മൂന്നാംലോക രാജ്യങ്ങളിലേക്ക് എത്തിയ വിദേശധനം ആ രാജ്യങ്ങളിലെ കറണ്ട് അക്കൗണ്ട് കമ്മി പരിഹരിക്കുന്നതിന് സഹായകരമായതോടെ അതിന്റെ ഒഴുക്കിന് വലിയ വർധനവ് ഉണ്ടാവുകയും വിദേശനാണ്യ വിപണി ശക്തിപ്പെടുകയും ചെയ്തു. എന്നാൽ അമേരിക്കയിലും മുതലാളിത്ത ലോകത്തും ഇന്ന് രൂപപ്പെട്ട പണപ്പെരുപ്പം പലിശ നിരക്ക് വർധിപ്പിക്കാൻ ഫെഡറൽ റിസർവിനെ നിർബന്ധിതമാക്കി. ഫെഡറൽ റിസർവിന്റെ ഭാഗത്തുനിന്നുണ്ടായ താൽക്കാലിക വ്യതിചലനം ആയിരുന്നില്ല ഇത്. പൂജ്യത്തോട് അടുത്ത നിന്ന പലിശ നിരക്ക് ഒരു താൽക്കാലിക വ്യതിചലനത്തിന്റെ സൂചനയായിരുന്നു. പക്ഷേ അതിന് ശാശ്വതമായി നിലനിൽക്കാനവില്ല. ഫെഡറൽ റിസർവിന്റെ നീക്കത്തിന് പ്രതികരണമെന്നോണം ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾ പലിശ നിരക്ക് വർധിപ്പിച്ചപ്പോൾ പണത്തിന്റെ എളുപ്പത്തിലുള്ള ലഭ്യത വരുംനാളുകളിൽ അപ്രാപ്യമാകും. ധനകമ്മി വർധിക്കാനും ഇത് കാരണമാകും. വിനിമയ നിരക്കുകളുടെ കുറവും പണപ്പെരുപ്പത്തിന്റെ വർധയും തൊഴിലില്ലായ്മ നിലനിൽക്കുന്ന ഒരു സമ്പദ്ഘടനയുടെ പൊതുവായ നിശ്ചലതയും വരും നാളുകളിൽ പതിവുരീതിയായി മാറും. എന്നാൽ ഈ വിഷയങ്ങൾ കൂടുതൽ പ്രയാസകരമാണ്.

## ജനസംഖ്യ നിയന്ത്രിക്കണമെന്ന് ആർഎസ്എസ് തലവൻ

മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ സന്തുലനം പ്രധാനമാണെന്നും അത് അവഗണിക്കാനാകില്ലെന്നും ആർഎസ്എസ് തലവൻ മോഹൻ ഭാഗവത്. എല്ലാവർക്കും ബാധകമായ ജനസംഖ്യാ നിയന്ത്രണം അടുത്ത 50 വർഷത്തേക്ക് നടപ്പാക്കണം. ജനസംഖ്യാ അസന്തുലിതാവസ്ഥ ഭൂമിശാസ്ത്രപരമായ അതിരുകളിൽ മാറ്റം വരുത്തും. നിർബന്ധപൂർവവും പ്രലോഭനങ്ങളിലൂടെയുമുള്ള മതംമാറ്റം, നുഴഞ്ഞുകയറ്റം എന്നിവയും പ്രധാന കാരണങ്ങളാണ്. ഇതെല്ലാം പരിഗണിക്കണം നാഗ്പുരിൽ ആർഎസ്എസ് സ്ഥാപകദിനാഘോഷത്തിൽ ഭാഗവത് പറഞ്ഞു.

സംഘപരിവാറും സംഘടിത ഹിന്ദുക്കളും അപകടകരമാണെന്ന ഭീതിപ്പെടുത്തൽ ന്യൂനപക്ഷങ്ങളെന്ന് അവകാശപ്പെടുന്നവർക്കിടയിൽ നടക്കുന്നുണ്ട്. രാജ്യത്ത് സംഘപരിവാർ ശക്തമായതോടെ ഹിന്ദുരാഷ്ട്രമെന്ന സങ്കൽപ്പം ഇപ്പോൾ ഗൗരവത്തിൽ ഉയർന്നുവരികയാണ്. പലരും ഈ സങ്കൽപ്പത്തോട് യോജിക്കുന്നുണ്ട്. എന്നാൽ, 'ഹിന്ദു' എന്ന വാക്കിനോടാണ് വിയോജിപ്പ്. അവർ മറ്റു വാക്കുകൾ നിർദേശിക്കുന്നുണ്ട്. അതിൽ ആർഎസ്എസിന് പ്രശ്നമില്ല. എന്നാൽ, ഹിന്ദു എന്ന വാക്കിന് തുടർന്നും ഊന്നൽ നൽകിക്കൊണ്ടിരിക്കും' ഭാഗവത് പറഞ്ഞു.

# ആധുനിക ജനാധിപത്യത്തിൽ ഗവർണർ പദവി ആവശ്യമില്ല




**കേന്ദ്ര സർക്കാരിന്റെ താൽപ്പര്യപ്രകാരം നൃത്തമാടുന്ന ഏജന്റ് മാത്രമാണ് ഗവർണർ. ഭരണഘടനയുടെ ആദ്യദിനങ്ങളിൽ മുതിർന്ന രാഷ്ട്രീയനേതാക്കളായിരുന്നു ഗവർണർമാർ. 1967നു ശേഷം ഗവർണർമാരുടെ ഭാവത്തിലും മാറ്റമുണ്ടായി. കേന്ദ്ര താൽ പ്പര്യങ്ങൾ നടപ്പാക്കുക മാത്രമായി ചുമതല ചുരുങ്ങി. അടിയന്ത രാവസ്ഥയോടെ ഇത് കൂടുതൽ മോശമായി. ജനാധിപത്യത്തിൽ യോഗ്യത ഏറ്റവും കുറവുവേണ്ട പദവിയാണ് ഗവർണറുടേത്. ആർ ക്കുവേണമെങ്കിലും സംസ്ഥാനത്തെ ഒന്നാമനാകാം. ഗവർണർ പദവിയുടെ വിലയിടിച്ചതിൽ കോൺഗ്രസിനും ബിജെപിക്കും തുല്യ ഉത്തരവാദിത്വമാണ്.**

ദക്ഷിണേന്ത്യയിൽ തമിഴ്നാട്, തെലങ്കാന, കേരളം എന്നിവിടങ്ങളിൽ ബിജെപി ഇതര സർക്കാരുകളാണ് ഭരിക്കുന്നത്. കർണാടകത്തിൽ ബിജെപി സർക്കാരാണ്. ആന്ധ്രയിൽ ജഗൻമോഹൻ റെഡ്ഡി ബിജെപി വിരുദ്ധ നിലപാട് ശക്തമായി സ്വീകരിച്ച് രംഗത്തുവന്നിട്ടില്ല. ബിജെപിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നവരെ ഒറ്റപ്പെടുത്താനുള്ള ശ്രമമാണ് കേന്ദ്രം ശ്രമിക്കുന്നത്. അതിനുള്ള തന്ത്രങ്ങളിൽ ഒന്നുമാത്രമാണ് ഗവർണർ. കേന്ദ്ര സർക്കാരിന്റെ താൽപ്പര്യപ്രകാരം നൃത്തമാടുന്ന ഏജന്റ് മാത്രമാണ് ഗവർണർ. ഭരണഘടനയുടെ ആദ്യദിനങ്ങളിൽ മുതിർന്ന രാഷ്ട്രീയനേതാക്കളായിരുന്നു ഗവർണർമാർ. 1967നു ശേഷം ഗവർണർമാരുടെ ഭാവത്തിലും മാറ്റമുണ്ടായി. കേന്ദ്ര താൽപ്പര്യങ്ങൾ നടപ്പാക്കുക മാത്രമായി ചുമതല ചുരുങ്ങി. അടിയന്തരാവസ്ഥയോടെ ഇത് കൂടുതൽ മോശമായി.



**ജസ്റ്റിസ് ചന്ദ്രു**

അമിത് ഷായും മോദിയുമാണ് നിലവിലെ ഗവർണർമാരെ തെരഞ്ഞെടുത്ത് നയിക്കുന്നത്. ജനാധിപത്യത്തിൽ യോഗ്യത ഏറ്റവും കുറവുവേണ്ട പദവിയാണ് ഗവർണറുടേത്. ആർക്കുവേണമെങ്കിലും സംസ്ഥാനത്തെ ഒന്നാമനാകാം. ഗവർണർ പദവിയുടെ വിലയിടിച്ചതിൽ കോൺഗ്രസിനും ബിജെപിക്കും തുല്യ ഉത്തരവാദിത്വമാണ്. ഗവർണറെ അവരുടെ ഏജന്റാക്കി മാറ്റുകയാണ് ചെയ്തത്. ബിജെപിക്കാലത്ത് ഗവർണർപദവി കൂടുതൽ ദുരുപയോഗപ്പെടുത്തുന്നു. നേരത്തെ കേന്ദ്ര സർക്കാരിനെ പ്രൊമോട്ട് ചെയ്യുന്ന നടപടികൾ

**ബിജെപി ഭരണകാലത്ത് ഗവർണർപദവി കൂടുതൽ ദുരുപയോഗപ്പെടുത്തുന്നു. നേരത്തെ കേന്ദ്ര സർക്കാരിനെ പ്രൊമോട്ട് ചെയ്യുന്ന നടപടികൾ മാത്രമായിരുന്നെങ്കിൽ സംഘപരിവാർ അജൻഡകൾ നടപ്പാക്കാനും വിദ്വേഷരാഷ്ട്രീയം പ്രചരിപ്പിക്കാനും പാഠപുസ്തകങ്ങളിൽപ്പോലും ഇടപെടാനും തുടങ്ങിയിരിക്കുന്നു. സർക്കാരിന്റെ എല്ലാതലത്തിലും ഇടപെടാൻ ഗവർണറെ ഉപയോഗപ്പെടുത്തുകയാണ്.**

മാത്രമായിരുന്നെങ്കിൽ സംഘപരിവാർ അജൻഡകൾ നടപ്പാക്കാനും വിദ്വേഷരാഷ്ട്രീയം പ്രചരിപ്പിക്കാനും പാഠപുസ്തകങ്ങളിൽപ്പോലും ഇടപെടാനും തുടങ്ങിയിരിക്കുന്നു. സർക്കാരിന്റെ എല്ലാതലത്തിലും ഇടപെടാൻ ഗവർണറെ ഉപയോഗപ്പെടുത്തുകയാണ്.

അഭിപ്രായവ്യത്യാസമുള്ള ബില്ലുകളുടെ കാര്യത്തിൽ ഗവർണർക്ക് രണ്ട് മാർഗമേയുള്ളൂ. ഒന്നുകിൽ തിരികെ അയക്കുക, അതല്ലെങ്കിൽ രാഷ്ട്രപതിക്ക് വിടുക. ബില്ലുകൾക്കുമേൽ അടയിരിക്കുകയെന്ന മൂന്നാംമാർഗമില്ല. ആദ്യ രണ്ടു വഴിയും സ്വീകരിക്കാതെ മൂന്നാമത്തെ മാർഗംതേടി കാര്യങ്ങൾ വൈകിപ്പിക്കുന്നത് ശരിയല്ല. പേരറിവാളന്റെ മോചനവുമായി ബന്ധപ്പെട്ട ബില്ലിൽ ഒപ്പിടാൻ ഗവർണർ തയ്യാറായില്ല. മാസങ്ങൾക്കുശേഷം രാഷ്ട്രപതിക്ക് അയച്ചു. വിഷയം സുപ്രീംകോടതിയിൽ എത്തിയപ്പോൾ രണ്ടു മാർഗമേ മുന്നിലുള്ളൂവെന്ന് സുപ്രീംകോടതിയും ഓർമിപ്പിച്ചതാണ്. രാജ്ഭവൻ വിവാദങ്ങൾ സൃഷ്ടിക്കുന്നയിടങ്ങളായി മാറരുത്. എന്നാൽ, രാജ്ഭവനുകൾ ബിജെപി ഓഫീസായി മാറിക്കൊണ്ടിരിക്കുന്നു. തമിഴ്നാട് സർക്കാർ ദേശീയ വിദ്യാഭ്യാസനയത്തെ എതിർക്കുന്ന നിലപാട് സ്വീകരിച്ചപ്പോൾ ദേശീയ വിദ്യാഭ്യാസനയത്തെ സ്വാഗതം ചെയ്യുന്നതായി ഗവർണർ പ്രസംഗിച്ചു. ഏതു വിഷയത്തിലും വിശദാംശം അന്വേഷിക്കാനോ പുനഃപരിശോധിക്കണമെന്ന്സർക്കാരിനോട്അഭ്യർഥിക്കാനോ മാത്രമാണ് ഗവർണർക്ക് അധികാരം.

പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടപെടാനുള്ള ശ്രമം നടത്തിക്കൊണ്ടേയിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടാൻതക്ക വിധത്തിൽ ഇവരുടെ യോഗ്യത എന്തെന്നും പരിശോധിക്കപ്പെടണം. വിമർശങ്ങളെ അവർ പരിഗണിക്കുന്നേയില്ല. സർവീസാനന്തര നേട്ടങ്ങൾക്കായി എത്തുന്നവരായാണ് ഇവരെ ജനം പരിഗണിക്കുന്നത്. ഭരണഘടന അനുസരിച്ച് മൂന്നാം സ്ഥാനത്തിരുന്ന പി സദാശിവം വിരമിച്ചപ്പോൾ ഏഴാം സ്ഥാനത്തുള്ള ഗവർണർ പദവിയിലേക്കു മാറി.

എൻ ഡി തിവാരി, മേഘാലയ ഗവർണറായിരുന്ന ഷൺമുഖനാഥൻ എന്നിവർക്ക് സ്ഥാനം നഷ്ടമായത് ലൈംഗിക പരാതിയിലാണ്. ഇത്തരം ഗവർണർമാർക്ക് എന്ത് ബഹുമാനമായിരിക്കും ജനം നൽകുകയെന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. കിരൺ ബേദിക്കുശേഷം പുതുച്ചേരിയിൽ ലെഫ്റ്റനന്റ് ഗവർണർ പദം ഒഴിഞ്ഞുകിടക്കുകയാണ്. വളരെ എളുപ്പത്തിൽ ഒരാളെ നിയമിക്കാമെന്നിരിക്കെയാണ് തെലങ്കാന ഗവർണർ തമിഴിസൈ സൗന്ദർരാജന് പുതുച്ചേരിയുടെ ചുമതല നൽകിയത്. തമിഴ്നാട് ഗവർണറായിരുന്ന ഭൻവാരിലാൽ പുരോഹിതിന് മഹാരാഷ്ട്രയുടെ ചുമതല നൽകിയതും ഇതിനു സമാനമായിരുന്നു. ഇത്തരം അസംബന്ധങ്ങൾ ജനങ്ങൾക്കു മുന്നിൽ വിശദീകരിക്കുന്നത് എങ്ങനെയാണ്. നാഗ്പൂരിൽനിന്നുള്ള അനുമതിയാണ്, ഡൽഹിയിലെ സർക്കാരല്ല കാര്യങ്ങൾ നിശ്ചയിക്കുന്നത് എന്നാണ് ഇത് വ്യക്തമാക്കുന്നത്.

അമിതമായ കേന്ദ്രീകരണം ഫെഡറൽ സംവിധാനത്തെ തകർക്കുകയാണ്. സ്റ്റേറ്റ് ലിസ്റ്റിലുള്ള കാര്യങ്ങൾ കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റുന്നു. ഇക്കാര്യം പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. നെഹ്റുവിന്റെ കാലത്ത് ആരംഭിച്ച ആസൂത്രണ കമീഷൻ ഇല്ലാതായതോടെ എന്താണുണ്ടായത്? മുഖ്യമന്ത്രിമാർ കേന്ദ്രത്തിനു മുന്നിൽ യാചിച്ചുനിൽക്കേണ്ടിവരുന്നു. ജിഎസ്ടിയുടെ കാര്യത്തിലും ഇതാണ് സംഭവിച്ചിരിക്കുന്നത്. ഇ എം എസും ജ്യോതിബസുവും ഈ വിഷയം ഉയർത്തിയിരുന്നു.

കേന്ദ്ര സർക്കാരിന്റെ ഏജന്റുമാർ മാത്രമാണ് ഗവർണർമാർ. കേന്ദ്രത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കാൻവേണ്ടി മാത്രമാണ് അവർ എത്തുന്നത്. എഴുപതുകൾ വരെ ഗവർണർമാർ ശക്തമായ തീരുമാനങ്ങളെടുത്തിരുന്നു. തമിഴ്നാട് ഗവർണറായിരുന്ന പ്രഭുദാസ് പട്വാരി സർക്കാരിനെ പിരിച്ചുവിടാനുള്ള ശുപാർശ നൽകാൻ വിസമ്മതിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിന് ഗവർണർ സ്ഥാനം നഷ്ടമാകുകയായിരുന്നു.

സംസ്ഥാനത്തെ സർവകലാശാലകളിൽ ഗവർണർ തന്നെ ചാൻസലർ ആയിരിക്കണമെന്നില്ല. നിയമ സർവകലാശാലകളിൽ ചീഫ് ജസ്റ്റിസാണ് ചാൻസലർ. ദേശീയ സർവകലാശാലകളിൽ മുതിർന്ന ജഡ്ജിമാരായിരിക്കാം. ഗവർണർ ആ പദവി ദുരുപയോഗപ്പെടുത്തുമ്പോൾ മുഖ്യമന്ത്രി ചാൻസലറാകണമെന്ന് നിയമസഭയ്ക്ക് തീരുമാനിക്കാം. അത് ജനങ്ങളുടെ ഇച്ഛാശക്തിയാണ്. യുജിസി എതിർത്താൽ കോടതിയിൽ നേരിടണം.

ബ്രിട്ടീഷ് ഭരണത്തിൽ രൂപീകൃതമായ ഗവർണർ പദവി ആധുനിക ജനാധിപത്യകാലത്ത് അത്യാവശ്യമുള്ളതല്ല.

അണ്ണാദുരൈ പറഞ്ഞിട്ടുണ്ട് 'ആടിന് താടിയെന്തിന് ? സംസ്ഥാനത്തിന് ഗവർണർ എന്തിന്'. അത് ശരിയാണെന്ന് തെളിയിക്കുന്നതാണ് ഇപ്പോൾ നടക്കുന്ന സംഭവവികാസങ്ങൾ.●

# സിഐഎയുടെ 75 വർഷങ്ങൾ




സിഐഎ എന്ന ചുരുക്കപ്പേരിൽ കുപ്രസിദ്ധമായ അമേരിക്കൻ ചാരസംഘടന സെൻട്രൽ ഇന്റലിജൻസ് ഏജൻസി സ്ഥാപിതമായത് 1947 സെപ്റ്റംബർ 17 നാണ്. 2022 ൽ അതിന്റെ 75ാം വാർഷികമാണ്. 1947 കാലത്ത് പ്രസിഡന്റായിരുന്ന ഹാരി എസ്ട്രൂമാൻ 1947 സെപ്റ്റംബർ 18 ന് ദേശീയ സുരക്ഷാനിയമത്തിൽ ഒപ്പുവച്ചതോടെയാണ് സിഐഎ നിലവിൽ വന്നത്. രണ്ടാംലോക മഹായുദ്ധകാലത്ത് അപ്രതീക്ഷിതമായി ഇംപീരയൽ ജാപ്പനീസ് നേവി എയർസർവ്വീസിന്റെ പേൾ ഹാർബർ പോർട്ടിന്മേലുള്ള ആക്രമണം അമേരിക്കൻ ഭരണകൂടത്തെ ഞെട്ടിച്ചു. ആ സംഭവം അമേരിക്കൻ ഇന്റലിജൻസ് സംവിധാനത്തിന്റെ കാര്യക്ഷമതയിലും കഴിവിലും കരിനിഴൽ വീഴ്ത്തി. അതോടെയാണ് ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെയും പുന:സംഘടിപ്പിക്കേണ്ടതിന്റെയും



ജോസ് ടി എബ്രഹാം

ആവശ്യകതയെക്കുറിച്ച് അമേരിക്ക ചിന്തിച്ചുതുടങ്ങിയതെന്നാണ് ചില രേഖകൾ പറയുന്നത്. അതിന്റെ പര്യവസാനത്തിലാണ് 1947 സെപ്റ്റംബർ 18 ന് സിഐ എന്ന സ്ഥാപനത്തിന് അമേരിക്കൻ പ്രസിഡന്റ് അംഗീകാരം നൽകുന്നത്. സിഐഎയുടെ മുൻഗാമി നാഷണൽ ഇന്റലിജൻസ് ഏജൻസി സ്ഥാപിച്ച് പ്രസിഡന്റ് ട്രൂമാൻ ഉത്തരവിറക്കിയത് ജനുവവരി 22, 1946 ലാണ്. അമേരിക്കൻ ഇന്റലിജൻസ് സംവിധാനത്തിലെ മറ്റുചില ഏജൻസികളെക്കൂടി ചേർത്താണ് പിന്നീട് സിഐഎ. രൂപീകരിക്കുന്നത്.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം റഷ്യയുടെ നീക്കങ്ങൾ മനസ്സിലാക്കി പ്രതിരോധിക്കാനും സോഷ്യലിസത്തിന്റെ വളർച്ചക്കു തടയിടുകയുമായിരുന്നു സിഐഎയുടെ പ്രധാന ഉത്തരവാദിത്വം. സെൻട്രൽ




**ലോകത്തെ ജനജീവിതം തകർക്കുന്നതിൽ ഏറ്റവും വലിയ പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന ചാരസംഘടനയാണ് സിഐഎ. ഇന്ത്യയിലും ഇന്ത്യൻ രാഷ്ട്രീയപ്രസ്ഥാനങ്ങളിലും സിഐഎ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഇടപെടുന്നുണ്ട്. കേരളത്തിൽ ആദ്യം അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പുറത്താക്കുന്നതിലും അതിന് മുന്നോടിയായി നടന്ന വിമോചന സമരത്തിലും സിഐഎ യുടെ പങ്കുണ്ടായിരുന്നുയെന്ന് ഇന്ന് വ്യക്തമാണ്.**

ഇന്റലിജൻസ് ഗ്രൂപ്പിന്റെ ആദ്യ ഡയറക്ടർ സിഡ്നി സോവേഴ്സ് പറഞ്ഞത് 'സോവിയറ്റ് യൂണിയനെക്കുറിച്ച് ഏറ്റവും കുറഞ്ഞ സമയം കൊണ്ട് ഏറ്റവും മികച്ചതും കൃത്യമായതുമായ വിവരങ്ങൾ ലഭിക്കാൻവേണ്ട അടിയന്തിരനടപടികൾ എടുക്കേണ്ടതുണ്ട്.' എന്നാണ്.

ലോകമാകെ നടന്ന പല ഭരണമാറ്റങ്ങളിലും കൊലപാതങ്ങളിലും സിഐഎ യ്ക്ക് പങ്കുണ്ട്. ക്യൂബൻ നേതാക്കളായിരുന്ന ഫിഡൽ ക്യാസ്ട്രോ, റൗൾ കാസ്ട്രോ, ചെഗുവേരെ എന്നിവരെ ഇല്ലാതാക്കാൻ സിഐഎ നടത്തിയ നീക്കങ്ങൾ പ്രസിദ്ധമാണ്. കാസ്ട്രോയെ വധിക്കാൻ സിഐഎ ശ്രമിച്ചത് 638 പ്രാവശ്യമാണെന്നാണ് റിപ്പോർട്ട്.ചെഗുവേരയെ കൊലപ്പെടുത്തിയത് സിഐഎ ആണ്.

### ക്യൂബയും സിഐഎയും

1959 -ൽ വിപ്ലവത്തിലൂടെ പ്രസിഡന്റ് ഫുൾ ഹെൻസിയോ ബാറ്റിസ്റ്റയെ പുറത്താക്കി ക്യൂബയിൽ ഫിഡൽകാസ്ട്രോ അധികാരത്തിലെത്തി. ഫിഡൽ അധികാരത്തിലെത്തിയ ഉടൻ തന്നെ അമേരിക്കയുമായുള്ള ബന്ധങ്ങൾ വിഛേദിച്ച് സോവിയറ്റ് യൂണിയനുമായി ബന്ധം സ്ഥാപിച്ചു. അമേരിക്കയും അമേരിക്കൻ കമ്പനികളും കയ്യടക്കിവച്ചിരുന്ന ക്യൂബയിലെ സമ്പത്ത് ക്യൂബൻ സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഇത് അമേരിക്കയ്ക്ക് വലിയ തിരിച്ചടിയായി. അമേരിക്കയുമായി ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന ക്യൂബ സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനുമായി ബന്ധം സ്ഥാപിച്ചത് അമേരിക്ക വലിയ ഭീഷണിയായികണ്ടു. സോവിയറ്റ് യൂണിയനുമായി നടന്നുകൊണ്ടിരുന്ന ശീതയുദ്ധത്തിനെ ഇത് ത്വരിതപ്പെടുത്തി.

1960 ൽ അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന ഐസനോവർ ക്യൂബയിലെ ഇടതുപക്ഷ ഭരണം അട്ടിമറിക്കാൻ കാര്യമായ പദ്ധതി തയ്യാറാക്കൻ സിഐഎയ്ക്ക് നിർദ്ദേശം നൽകി. സിഐഎ ക്യൂബയിൽ നിന്ന് പുറത്താക്കപ്പെട്ട വിപ്ലവവിരുദ്ധശക്തികളെ സംഘടിപ്പിച്ച് ബ്രിഗേഡ് 2506 എന്നറിയപ്പെട്ട ഡെമോക്രാറ്റിക് റെവലൂഷനറി ഫ്രണ്ട് എന്നൊരു സംഘടന രൂപീകരിച്ച് കാസ്ട്രോയെ അട്ടിമറിക്കാൻ പദ്ധതിയിട്ടു. 1960 ൽ തന്നെ അമേരിക്കയിലെ പുതിയ പ്രസിഡന്റായി ജോൺ എഫ് കെന്നഡി അധികാരത്തിലെത്തി. അദ്ദേഹം, മുൻ പ്രസിഡന്റ് ക്യൂബൻ ഭരണം അട്ടിമറിക്കാൻ ഇട്ട പദ്ധതി മുന്നോട്ടുകൊണ്ടുപോകാനും ക്യൂബയിൽ ഗൂഢമായി കയറി ഫിഡൽ ഭരണം അട്ടിമറിക്കാനും പച്ചകൊടി കാട്ടി. ഗോട്ടിമാലയിൽ നിന്നും ആക്രമണം നടത്താനാണ് സിഐഎ പദ്ധതിയിട്ടത്. എന്നാൽ തുടക്കംമുതൽ തന്നെ ഈ പദ്ധതി പാളി.

ഫിദൽ കാസ്ട്രോ മരണമടയുന്നതിന് മുമ്പ് ഏതാണ്ട് 40–45 വർഷക്കാലത്തിനിടയിൽ സിഐഎ കാസ്ട്രോയെ വധിക്കാൻ ശ്രമിച്ചത് 600 ലധികം തവണയാണ്. ജോൺ എഫ് കെന്നഡി അമേരിക്കൻ പ്രസിഡന്റായിരുന്ന കാലത്ത് കാസ്ട്രോയെ വധിക്കാൻ 42 പ്രാവശ്യം ശ്രമം നടന്നു. എല്ലാം പരാജയപ്പെട്ടു. ജോൺ എഫ് കെന്നഡി തന്നെ ഡള്ളാസ്സിൽവച്ച് വെടിയേറ്റുമരിച്ചു എന്നത് ചരിത്രം. കാസ്ട്രോയെ കൊല്ലാൻ നാനാതരം പദ്ധതികളാണ് 40 വർഷകാലത്ത് സിഐഎ ആസൂത്രണം ചെയ്തത്. പൊട്ടിത്തെറിക്കുന്ന സ്ഫോടക വസ്തുക്കൾ നിറച്ച സിഗാർ, വിഷം പുരട്ടിയ സിഗാർ എന്നിവ ഉപയോഗിച്ചായിരുന്നു ചില ശ്രമങ്ങൾ. സിഗാർപോലെ കാസ്ട്രോയ്ക്ക് പ്രിയമായിരുന്നു ഐസ്ക്രീം. ഐസ്ക്രീമിൽ വിഷം ചേർത്ത് കൊല്ലാനാണ് മറ്റൊരു ശ്രമം. വെള്ളത്തിൽ നീന്തുന്നതും

ഡൈവിംഗും കാസ്ട്രോക്ക് പ്രിയമായിരുന്നു. കടൽജീവികളു ടെ രൂപത്തിൽ ക്രിത്രിമ സ്ഫോടകവസ്തു നിറച്ച് കാസ്ട്രോയെ കുടുക്കാനായിരുന്നു മറ്റൊരുപരിപാടി. ഡൈവിംഗ് സ്യൂട്ടിന്റെ ഉള്ളിൽ പ്രത്യേകതരം ഫംഗസ് വിതറി രോഗം വരുത്തികൊ ല്ലാൻ മറ്റൊരു ശ്രമം നടന്നു. ഇത്തരത്തിൽ സിഐഎ അവരുടെ ചിന്തയിൽ ഉരുത്തിരിഞ്ഞ നാനാതരം മാർഗ്ഗങ്ങളുപയോഗിച്ച് ശ്രമം നടത്തിയെങ്കിലും കാസ്ട്രോയെ കൊല്ലാൻ കഴിഞ്ഞില്ല. അദ്ദേഹം 90 ാം വയസ്സിൽ സ്വാഭാവിക മരണം വരിച്ചു.

### ലാറ്റിനമേരിക്കയിലെ ഇതര രാജ്യങ്ങൾ

ലാറ്റനിമേരിക്കയിലെ എല്ലാ രാജ്യങ്ങളിലും ഇടതുപക്ഷ ഭരണം അട്ടിമറിക്കാൻ സിഐഎ അതിന്റെ ആരംഭം മുതൽ ഇങ്ങോട്ട് ഇടപെട്ട് വരുന്നു. ഗോട്ടിമാലയിൽ 1954 ൽ പുരോ ഗമന സ്വഭാവത്തോടുകൂടിയ ജാക്കബോ അർബൻസിനെ പുറത്താക്കാൻ സിഐഎ ഇടപെട്ടു. സോവിയറ്റ് യൂണിയനോട് ആഭിമുഖ്യം പുലർത്തുന്നുവെന്ന് ആരോപിച്ചാണ് അട്ടിമറി.

ബ്രിട്ടീഷ് ഗയാനയിൽ (ഇപ്പോൾ ഗയാന) ഡോ.ചേടി ജഗനെ പുറത്താക്കാൻ 1958 മുതൽ 64 വരെ സിഐഎ ഇട പെട്ടു. സിഐഎ ശ്രമങ്ങൾ വിജയിക്കാതെ വന്നപ്പോൾ ബ്രി ട്ടീഷ് സർക്കാർ നിയന്ത്രണത്തിലുള്ള ട്രേഡ് യൂണിയനുകളെ സമരത്തിലിറക്കി ഡോ.ജഗനെ പുറത്താക്കി.

ഇക്വഡോറിൽ സെപ്റ്റംബർ 1960-ന് അധികാരത്തിലെ ത്തിയ ജോസ് മരിയ ബലാസ്കോ ഇബാരെയെ പുറത്താക്കാ നും സിഐഎ ഇടപെട്ടു. ജോസ് മരിയ ഒരു ഇടതുപക്ഷകാ രനൊന്നും ആയിരുന്നില്ല. കമ്യൂണിസ്റ്റ്കാരെ അടിച്ചമർത്താൻ അദ്ദേഹം മുതിർന്നില്ല. അതുപോലെ ക്യൂബയോടുള്ള ബന്ധം വിഛേദിക്കാനും തയ്യാറായില്ല. ഈ സമീപനം അമേരിക്കയ്ക്ക് ഇഷ്ടപ്പെട്ടില്ല. ഇക്വഡോറിലെ ഇടതുപക്ഷപ്രസ്ഥാനങ്ങളിലും സിഐഎ നുഴഞ്ഞുകയറി വ്യാജമായ സംഘടനകൾ സൃഷ്ടി ച്ചും ജോസ് മരിയയെ അവർ അട്ടിമറിച്ചു.

ബ്രസീലിൽ 1961-64 കാലത്ത് അധികാരത്തിൽവന്ന ജാനിയോ ഡ സിൽവ ക്വാഡ്രോസിന്റെ ഭരമത്തെയും പെറുവിൽ 1960 കളിലും ഡൊമനിക്കൻ റിപ്പബ്ലിക്കിൽ 196365 ലും ഉറു ഗ്വേയിൽ 196470 കാലത്തും എല്ലാം ഭരണഅട്ടിമറിക്കായി സിഐഎ ഇടപെട്ടു.

ചിലിയിൽ 1964-73 കാലത്ത് സിഐഎ നിരന്തരം ഇടപെ ട്ടുവന്നു. സാൽവദോർ അലന്റെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ജയിക്കുന്നത് തടയാൻ സിഐഎ നടത്തിയ ശ്രമങ്ങൾ വിജയി ച്ചില്ല. തുടർന്ന് അലന്റെയെ പുറത്താക്കാനായി ശ്രമം. സർക്കാർ ഓഫീസേഴ്സിന് കൈക്കൂലി കൊടുത്തും കള്ളപ്രചരണം നടത്തിയും അലന്റെയെ പുറത്താക്കി. തുടർന്ന് സ്വച്ഛാധിപ തിയായ അഗസ്റ്റോ പിനോഷയെ 1973-ൽ അധികാരത്തിലേറ്റി.

ലാറ്റിനമേരിക്കയിൽ മാത്രമല്ല മിഡിൽ ഈസ്റ്റ് പ്രദേശ ത്താകെ സിഐഎ പ്രവർത്തനം നിരന്തരം നടത്തുകയാണ്. ഇറാക്കിലെ സദ്ദാം ഹുസൈനെ പുറത്താക്കി കൊലപ്പെടു ത്താൻ അമേരിക്കൻ ഭരണകൂടം സിഐഎ യാണ് പ്രധാനമായി ഉപയോഗിച്ചത്. എന്നാൽ 1988 കാലത്ത് സദ്ദാം ഹുസൈന്റെ സഹായം ഇറാനെ കൈകാര്യം ചെയ്യാൻ അമേരിക്ക ഉപയോ ഗിച്ചിരുന്നു.

1947-ൽ സിഐഎ സ്ഥാപിതമായ വർഷം തന്നെ സിറിയയിൽ പ്രസിഡ ന്റ് തുക്രിഅൽക്വബൈറ്റിയെ അട്ടിമറി ക്കാൻ സിഐഎ ഇടപെടുകയും 1949 മാർച്ചിൽ അട്ടിമറിക്കുകയും ചെയ്തു. അതിനുശേഷം ഇന്നുവരെ സിറിയയിൽ സിഐഎ നിരന്തരം നാനാതരത്തിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. സി റിയയിൽ ഇപ്പോഴത്തെ പ്രസിഡന്റ് ബാഷർ അൽ അസദ് അധികാരത്തി ലെത്തുന്നത് 17 ജൂലൈ 2000-ലാണ്. അന്നുമുതൽ അസദിനെ പുറത്താ ക്കാൻ വിവിധ തീവ്രവാദഗ്രൂപ്പുകളെ ട്രെയിനിംഗ് ചെയ്യുകയും സാമ്പത്തി കമായി സഹായിക്കുകയും ചെയ്തുവ രുന്നു സിഐഎ. അതിൽ അവർക്ക് വിജയിക്കാൻ കഴിഞ്ഞില്ലായെന്നത് മറ്റൊരുവിഷയം.

ഇറാൻ, ഇറാക്ക്, സിറിയ, ലിബിയ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ഇടപെട്ട് നശിപ്പിക്കുന്നതിന്റെ ലക്ഷ്യം മറ്റൊന്നു മല്ല. അവിടത്തെ എണ്ണ സമ്പത്ത് കൈ ക്കാലാക്കുകയെന്നത് തന്നെ. ഒസാമ ബിൻലാദനെ സൃഷ്ടിച്ചതും അമേരിക്ക തന്നെ. ലാറ്റിനമേരിക്കയിലും മിഡിൽ ഈസ്റ്റിലും വടക്കൻ ആഫ്രിക്കൻ രാ ജ്യങ്ങളിലും ലോകത്തെ മറ്റ് അനേക രാജ്യങ്ങളിലും സിഐഎ കടന്ന് ചെന്ന് ഇടപെടുന്നത് അമേരിക്കൻ സാമ്രാ ജ്യത്വതാല്പര്യങ്ങൾ സംരക്ഷിക്കാൻ തന്നെയാണ്. ഇന്ത്യയിലും ഇന്ത്യൻ രാഷ്ട്രീയപ്രസ്ഥാനങ്ങളിലും സിഐഎ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധ ത്തിൽ ഇടപെടുന്നുണ്ട്. കേരളത്തിൽ ആദ്യം അധികാരത്തിൽവന്ന കമ്മ്യൂണി സ്റ്റ് ഗവൺമെന്റിനെ പുറത്താക്കുന്ന തിലും അതിന് മുന്നോടിയായി നടന്ന വിമോചന സമരത്തിലും സിഐഎ യുടെ പങ്കുണ്ടായിരുന്നുയെന്ന് ഇന്ന് വ്യക്തമാണ്.

ലോകത്തെ ജനജീവിതം തകർ ക്കുന്നതിൽ പിന്നോട്ടടിക്കുന്നതിൽ ചരിത്രത്തില ഏറ്റവും വലിയ പങ്കുവ ഹിച്ചുകൊണ്ടിരിക്കുന്ന ചാരസംഘ ടനയാണ് സിഐഎ. അതിന്റെ ഗൂ ഢപ്രവർത്തനങ്ങൾ കുറെയെങ്കിലും മനസ്സിലാക്കേണ്ടത് പുരോഗമന പ്ര വർത്തനത്തിനും പ്രസ്ഥാനങ്ങൾക്കും അത്യന്താപേക്ഷിതമാണ്.●

## ഇന്ത്യയിലെ അസമത്വത്തിന്റെ വ്യാപ്തി

# വർധിക്കുന്ന ചൂഷണവും തമസ്കരണവും



> രാജ്യങ്ങൾ തമ്മിലുള്ള വരുമാനത്തിലെ അസമത്വം കുറഞ്ഞുവെന്നും എന്നാൽ രാജ്യത്തിനുള്ളിലെ അസമത്വം വർഷങ്ങളായി വർധിക്കുകയാണെന്നുമാണ് ലോക അസമത്വ റിപ്പോർട് സൂചിപ്പിക്കുന്നത്.



ലോകത്തെ നവഉദാരവൽകരണ ക്രമം വർധിച്ചു വരുന്ന അസ്വമത്വത്തിന്റെ തോത് വർധിപ്പിക്കുകയാണ്.  ഉയർന്ന തോതിലുള്ള അസമത്വം മുതലാളിത്തത്തിന്റെ നിലവിലെ അവസ്ഥയ്ക്ക് അസ്ഥിരത സൃഷ്ടിക്കുന്നുണ്ടെങ്കിലും, സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം വർധിക്കുന്നതിലൂടെ മുതലാളിത്തം വളരുന്നുവെന്നതാണ് വിരോധാഭാസം. വേതനത്തിന്റെ വിഹിതത്തിലുണ്ടായ കുറവിനൊപ്പം ദേശീയ വരുമാനത്തിലെ ലാഭവിഹിതം ലോകമെമ്പാടും വർധിച്ചു.

വികസിത സമ്പദ് വ്യവസ്ഥയിൽ തൊഴിലാളികൾക്ക് പകരം സാങ്കേതികവിദ്യയുടെ ഉപയോഗം വർധിക്കുന്നതും ഗ്ലാബേൽ സൗത്തിലേക്ക് ഉൽപ്പാദനം മാറ്റുന്നതിലൂടെയുണ്ടാകുന്ന തൊഴിൽ നഷ്ടവുമാണ് ഇതിന് വഴിയൊരുക്കിയത്.

രാജ്യങ്ങൾ തമ്മിലുള്ള വരുമാനത്തിലെ അസമത്വം കുറഞ്ഞുവെന്നും എന്നാൽ രാജ്യത്തിനുള്ളിലെ അസമത്വം വർഷങ്ങളായി വർധിക്കുകയാണെന്നുമാണ് ലോക അസമത്വ റിപ്പോർട് സൂചിപ്പിക്കുന്നത്. അതേസമയം ചൈന ഒഴികെയുള്ള വികസിതവും വികസ്വരവുമായ സമ്പദ് വ്യവസ്ഥകൾ തമ്മിലുള്ള വരുമാനത്തിലെ വിടവ് ഏറെക്കുറെ മാറ്റമില്ലാതെ തുടരുകയാണ്. നിർമാണ പ്രവർത്തനങ്ങൾ ദക്ഷിണ മേഖലയിലേക്ക് മാറ്റിയെങ്കിലും ആ മാറ്റം വികസ്വര സമ്പദ് വ്യവസ്ഥകളിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കാൻ ഉപകരിച്ചിട്ടില്ല. വികസ്വര രാജ്യങ്ങളുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് മാറ്റിസ്ഥാപിക്കപ്പെട്ട പ്രവർത്തനങ്ങൾ താരതമ്യേന കൂടുതൽ മൂലധനം ആവശ്യമുള്ളതാണെന്നതും പ്രതീക്ഷിച്ചപ്പോലെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാത്തതുമാണ് ഇതിന് കാരണം. ആഗോളവിപണിയുമായി മത്സരിക്കണമെങ്കിൽ ദക്ഷിണ മേഖലയിലെ നിർമാതാക്കൾക്ക് അതിന് അനുസൃതമായ സാങ്കേതിവിദ്യകൾ പാലിക്കണം. ഇതിന്റെ ചെലവും ഗുണനിലവാരവും നിറവേറ്റുന്നതിനായി നടപ്പാക്കുന്ന നീക്കങ്ങൾ കൂടുതൽ തൊഴിൽ നഷ്ടമുണ്ടാകുന്നതാണ്. ഇതിൽ ഏറ്റവും പ്രധാനം ബഹുജനങ്ങളുടെ വാങ്ങൽശേഷിയുടെ വളർച്ച കുറയ്ക്കുമെന്നതാണ്. എന്നാൽ മറുവശത്ത്, സമ്പന്ന വിഭാഗത്തിന്റെ സമ്പത്തിനോടുള്ള ആർത്തിയും വർധിപ്പിക്കും. നിലവിലെ മുതലാളിത്തത്തിന്റെ അവസ്ഥയിൽ അവരുടെ വളർച്ചയെന്നത് ഊഹക്കച്ചവടത്തിലൂടെ കുത്തക മുതലാളിമാർ നേടിയെടുത്ത സാമ്പത്തിക നേട്ടവും തൊഴിലാളികളെ ചൂഷണം ചെയ്തുണ്ടാക്കിയതിനെയും ആശ്രയിച്ചുള്ളതാണ്. അതിനാൽ അസമത്വം ഇല്ലാതാക്കുന്നതിന് പകരം അതിനെ രാഷ്ട്രീയമായി നേരിടേണ്ട ഒന്നാണ്.

### വരുമാനത്തിലെയും സമ്പത്തിലെയും അസമത്വം

അടുത്തിടെ പുറത്തുവിട്ട ഇന്ത്യയിലെ അസമത്വ റിപ്പോർട്ട് ചില വസ്തുതകളും വരുമാനം,

സമ്പത്ത്, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ വർധിച്ചുവരുന്ന അസമത്വത്തെക്കുറിച്ചുള്ള ചില ഭയാനകമായ പ്രവണതകളും വെളിപ്പെടുത്തുന്നുണ്ട്.

കോവിഡ് കാലത്തെ അസാധാരണ വർഷങ്ങളടക്കം സമീപ വർഷങ്ങളിലെ പിരിയോഡിക് ലേബർ ഫോഴ്സ് സർവേകളിൽ (പിഎൽഎഫ്എസ്) കൂടുതൽ ഊന്നൽ നൽകിയാണ് റിപ്പോർട്ട് തയാറാക്കിയിട്ടുള്ളത്. ലൂക്കാസ് ചാൻസലും തോമസ് പിക്കറ്റിയും 1922 2015 വരെയുള്ള കാലയളവിലെ സ്പെഷ്യലൈസ്ഡ് സർവേയും ആദായനികുതി വിവരങ്ങളും ഉപയോഗിച്ച് ഇന്ത്യയിലെ അസമത്വം പഠിച്ചു. 2015ലെ അസമത്വം സ്വാതന്ത്ര്യത്തിന് മുമ്പുള്ള കാലഘട്ടത്തെ അപേക്ഷിച്ച് ഉയർന്നതാണെന്നും കണ്ടെത്തി.

**ഉയർന്ന തലത്തിലുള്ളവർ ദേശീയ വരുമാനത്തിന്റെ 0.1 ശതമാനമായിരുന്നത് 57 ശതമാനമായി.**

കഴിഞ്ഞ വർഷം പുറത്തിറക്കിയ അഭിജിത് വിനായക് ബാനർജിയും എസ്തർ ഡഫ്ലോയും ചേർന്ന് തയാറാക്കിയ ലോക അസമത്വ റിപ്പോർട്ട് പ്രകാരം സമ്പന്നരായ വരേണ്യവർഗങ്ങളുള്ള ഇന്ത്യ ദരിദ്രവും വളരെ അസമത്വവുമുള്ള രാജ്യമായി വേറിട്ടുനിൽക്കുന്നുവെന്നാണ് അഭിപ്രായപ്പെട്ടത്. റിപ്പോർട്ട് പ്രകാരം

**ദേശീയ വരുമാനത്തിന്റെ 57 ശതമാനവും 22 ശതമാനവും യഥാക്രമം മേൽത്തട്ടിലുള്ള 10 ശതമാനത്തിന്റെയും 1 ശതമാനത്തിന്റെയും കൈവശമാണ്. താഴെ തട്ടിലുള്ള 50ശതമാനത്തിന്റെ വരുമാനം ദേശീയ വരുമാനത്തിന്റെ 23ശതമാനം മാത്രമാണ്.**

സാമ്പത്തിക അസമത്വം ഇതിലും കൂടുതലാണ്. താഴെ തട്ടിലുള്ള 50 ശതമാനം ജനവിഭാഗത്തിന്റെ സമ്പത്ത് രാജ്യത്തിന്റെ ആകെ സമ്പത്തിന്റെ ആറ് ശതമാനം മാത്രം. എന്നാൽ മേൽത്തട്ടിലുള്ള 10ശതമാനത്തിയും 1 ശതമാനത്തിന്റെയും യഥാക്രമം ഇന്ത്യയുടെ സമ്പത്തിന്റെ 65 ശതമാനവും 22 ശതമാനവുമാണ്.

പിഎൽഎഫ്എസ് വിവരങ്ങൾ പ്രകാരം ഇന്ത്യയിലെ അസമത്വ റിപ്പോർട്ട് സൂചിപ്പിക്കുന്നത് വേതനവും ശമ്പളവും വാങ്ങുന്നവരിൽ ഏറ്റവും ഉയർന്ന 10 ശതമാനത്തിന്റെ ഏറ്റവും കുറഞ്ഞ പ്രതിമാസ ശമ്പളം 25,000 രൂപ മാത്രമാണ്.

**എന്നാൽ 15 ശതമാനത്തോളം തൊഴിലാളികൾ പ്രതിമാസം 5000 രൂപയിൽ താഴെയാണ് വരുമാനം ലഭിക്കുന്നത്. 5000 രൂപയിൽ താഴെ വരുമാനം ലഭിക്കുന്നവരിൽ 77ശതമാനവും സ്വയം തൊഴിൽ ചെയ്യുന്നവരാണ്.**

കൂലിയും ശമ്പളവും വാങ്ങുന്നവരുടെയും സ്വയം തൊഴിൽ ചെയ്യുന്നവരുടെയും കുറഞ്ഞ വരുമാനമാണ് ഇത് എടുത്തുകാണിക്കുന്നത്.

**മേൽത്തട്ടിലുള്ള ഒരു ശതമാനത്തിന്റെ വേതനമെന്നത് മൊത്തം ആളുകളുടെ കൂലിയുടെയും ശമ്പളത്തിന്റെയും ഏകദേശം 67 ശതമാനമാണ്. ഇത് താഴെ തട്ടിലുള്ള 10 ശതമാനം ജീവനക്കാരുടെ വരുമാനത്തിന്റെ മൂന്നിരട്ടിയുമാണ്.**

കോവിഡ് മഹാമാരിയുടെ കാലത്ത് അസമത്വം വർധിച്ചുവെന്ന് പലരും ചർച്ച ചെയ്യുകയും തിരിച്ചറിയുകയും ചെയ്തതാണ്.വിവിധ വരുമാന വിഭാഗങ്ങളിലുള്ളവരുടെ വരുമാന വളർച്ചാനിരക്ക് പരിശോധിച്ചാണ് റിപ്പോർട്ട് ഈ വസ്തുതയെ സാധൂകരിക്കുന്നത്.



**2017–2020 വരെയുള്ള കാലഘട്ടത്തിൽ താഴെതട്ടിലുള്ള 50ശതമാനത്തിന്റെ വരുമാനത്തിലുണ്ടായ വർധനവ് 3.9ശതമാനമാണ്. അതേസമയം മേൽത്തട്ടിലുള്ള 10ശതമാനത്തിന്റെ 8.1ശതമാനവും ഒരു ശതമാനത്തിന്റേത് 15ശതമാനവും വർധിച്ചു. ഏറ്റവും താഴെതട്ടിലുള്ള 10ശതമാനം പേരുടെ വരുമാനം 201718ൽ ഏഴ് ശതമാനം കുറഞ്ഞു. താഴെ തട്ടിലുള്ളവരുടെ വരുമാനത്തിലുണ്ടായ ഇടിവ് രണ്ട് ശതമാനവുമാണ്.**

മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി വാങ്ങൽ ശേഷി നഷ്ടപ്പെട്ട പാവപ്പെട്ടവരെ ബാധിച്ചതെന്നും സമ്പന്നർ തങ്ങളുടെ വരുമാനം മറ്റുവളരുമായി താരതമ്യം ചെയ്യുമ്പോൾ വർധിപ്പിച്ചുവെന്നും റിപ്പോർട്ട് അടിവരയിടുന്നു.

### ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ

വരുമാനത്തിലുണ്ടായ അസമത്വത്തിനു പുറമേ, ആരോഗ്യ, വിദ്യാഭ്യാസ മേഖലയിൽ എങ്ങനെയാണ് അസമത്വം വർധിച്ചതെന്ന് പരി

ശോധിക്കേണ്ടതും പ്രധാനമാണ്. വ്യക്തികളുടെ വെളിപ്പെടുത്തുന്ന മുൻഗണനകൾ എന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തിയും പ്രതിശീർഷ വരുമാനത്തിന്റെ വളർച്ചയ്ക്ക് അത്യധികം പ്രാധാന്യം നൽകുന്നതുമായ പരമ്പരാഗത ക്ഷേമത്തെക്കുറിച്ചുള്ള ലിബറൽ സങ്കൽപ്പത്തിനെതിരായ വിമർശനമായിരുന്നു അമർത്യ സെന്നിന്റെ സമീപനം. നേരെമറിച്ച് സെന്നിന്റെ ക്ഷേമത്തെക്കുറിച്ചുള്ള ആശയം, കഴിവ്, അവകാശം, സ്വാതന്ത്ര്യം എന്നിവയെ അടിസ്ഥാനമാക്കിയാണ്. ശരാശരി പ്രതിശീർഷ നില അതേപടി നിലനിൽക്കുണ്ടെങ്കിലും രാജ്യങ്ങൾക്കും വ്യക്തികൾക്കും ഇടയിൽ ക്ഷേമം വ്യാപകമായി വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നാണ് സെൻ പറഞ്ഞത്. അതിനാൽ തന്നെ, കഴിവ് നേടുന്നതിനുള്ള പരോക്ഷ മാർഗമായി വരുമാനം ഉറപ്പാക്കുന്നതിനുപകരം, പോഷകാഹാരം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ സൗകര്യങ്ങളും വിവരവും അറിവും ലഭിക്കാനുള്ള സംവിധാനവുമാണ് ഉറപ്പാക്കേണ്ടത് പ്രധാനമാണ്. പ്രതിമാസ ആളോഹരി വരുമാനത്തിൽ നിന്ന് ആരോഗ്യത്തിനായുള്ള ചെലവ് പോലും കുറഞ്ഞിട്ടുണ്ടെങ്കിലും അത്തരം ചെലവ് ഇപ്പോഴും ശരാശരി 13 ശതമാനമാണെന്നും അസമത്വ റിപ്പോർട്ടിൽ പറയുന്നു.

**ആഗോള ആരോഗ്യ സൂചികയിൽ ഇന്ത്യ 116 രാജ്യങ്ങളിൽ 101ാം സ്ഥാനത്താണ്. ഗ്രാമീണ മേഖലയിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സാച്ചെലവ് സർക്കാർ ആശുപത്രികളുടേതിൽ നിന്ന് ആറ് മടങ്ങ് അധികമാണ്. നഗരമേഖലയിൽ സർക്കാർ ആശുപത്രിയെക്കാൾ ഒമ്പത് മടങ്ങ് അധികം നൽകണം സ്വകാര്യ ആശുപത്രിയിൽ ചികിത്സ ലഭിക്കാൻ.**

ആരോഗ്യ രംഗത്ത് സ്വകാര്യവൽക്കരണം നടപ്പാക്കുന്നതും ഇൻഷുറൻസ് അധിഷ്ഠിത പദ്ധതികളിലേക്ക് നീങ്ങുന്നതും വലിയൊരു വിഭാഗം ദരിദ്രർക്ക് ആരോഗ്യസേവനം അപ്രാപ്യമാക്കും. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറഞ്ഞിട്ടുണ്ടെന്നത് തർക്കമില്ലാത്ത കാര്യമാണ്.

പട്ടിക ജാതി–പട്ടിക വർഗ വിദ്യാർഥികളിൽ കൊഴിഞ്ഞുപോക്ക് ഇപ്പോഴും ഉയർന്ന നിരക്കിലാണ്. ഡിജിറ്റൽ അസമത്വം ഭാവിയിൽ ദരിദ്രരും നിരാലംബരുമായ വിദ്യാർഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കും.

**ഇന്ത്യയിൽ 38.5 ശതമാനം സ്കൂളുകളിൽ മാത്രമാണ് പ്രവർത്തനക്ഷമമായ കംപ്യൂട്ടറുകളുള്ളത്. ഇന്റർനെറ്റ് സേവനമുള്ള സ്കൂളുകൾ 22.18ശതമാനവുമാണ്. വീടുകളിലെ ഇന്റർനെറ്റ് ലഭ്യത വർഷങ്ങളായി വർധിക്കുന്നുണ്ട്. എന്നാൽ, ഗ്രാമീണ മേഖലയിൽ 34.4ശതമാനം വീടുകളിലും നഗരമേഖലയിൽ 55.12ശതമാനം വീടുകളിലും മാത്രമാണ് ഇപ്പോഴും ഇന്റർനെറ്റുള്ളത്.**

ഇന്ത്യയിലെ പകുതി ജനതയും ഇന്റർനെറ്റ് മുഖാന്തരം അറിവും വിജ്ഞാനും ലഭിക്കുന്നതിൽ നിന്ന് ഇപ്പോഴും പുറംതള്ളപ്പെട്ടിരിക്കുകയാണെന്നാണ് ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നത്.

കോവിഡ് മഹാമാരിയിൽ നിന്ന് സമ്പദ് വ്യവസ്ഥ കരകയറുന്നതിനൊപ്പം തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് വർധിക്കുന്നുണ്ടെങ്കിലും 201920 ലെ തൊഴിൽ പങ്കാളിത്ത നിരക്ക് 53.5 ശതമാനമായിരുന്നുവെന്നും, അതായത് തൊഴിൽ പ്രായത്തിലുള്ള ജനസംഖ്യയുടെ പകുതിയോളം പേർ തൊഴിൽരഹിതരാണെന്നും റിപ്പോർട് അടിവരയിടുന്നു. തൊഴിൽ ലഭിക്കാതെ പ്രതീക്ഷ നഷ്ടപ്പെട്ട തൊഴിലാളികളുടെ തീവ്രതയെ പ്രതിഫലിപ്പിക്കുന്ന ഈ കണക്കുകൾ പ്രാധാന്യമർഹിക്കുന്നതാണ്.

**തൊഴിലില്ലായ്മയുടെ തോത് ഏറ്റവും കുറവ് സാക്ഷരരല്ലാത്തവരിലാണ്. ഇവരിൽ 0.6 ശതമാനമായിരിക്കെ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദമുള്ളവിൽ ഇത് ഏറ്റവും ഉയർന്ന തോത്തിലാണ്. ഇവരിൽ തൊഴിലില്ലായ്മ 19 മുതൽ 20 ശതമാനം വരെയാണെന്നതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്.**

അടുത്തിടെയുള്ള പുറത്തുവന്ന സിഎംഐഇ റിപ്പോർട്ട് ഈ പ്രവണതയെ സാധൂകരിക്കുന്നതിനൊപ്പം തൊഴിൽ സേനയിലെ ബിരുദധാരികളുടെ അനുപാതം കുറയുന്ന പ്രവണത കാണിക്കുന്നുവെന്ന് കാണിക്കുന്നു, എന്നാൽ ഇന്ത്യയുടെ തൊഴിൽ പ്രവണതകളുടെ മറ്റൊരു അസ്വാസ്ഥ്യകരമായ വസ്തുത ചൂണ്ടിക്കാണിക്കുന്നു. തൊഴിലുള്ള യുവാക്കളുടെ അനുപാതം കുറയുകയും നാൽപ്പതുകളിലും അൻപതുകളിലും ഉള്ളവരുടെ അനുപാതം സമീപകാലത്ത് വർധിക്കുകയും ചെയ്യു. വളർന്നുവരുന്ന യുവജനങ്ങളെ ബോധവൽക്കരിക്കുകയും തൊഴിൽ നൽകി ഈ അനുപാതത്തിലെ വ്യത്യാസത്തെ ഗുണകരമായ രീതിയിൽ പൂർണ തോതിൽ സമ്പദ് വ്യവസ്ഥ ഉപയോഗിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ യുവജനങ്ങളെക്കാൾ, വിദ്യാഭ്യാസം കുറഞ്ഞവരും താരതമ്യേന പ്രായമായവരുമായ ആളുകളെ കൂടുതൽ ഉൾക്കൊള്ളുന്ന സമ്പദ് വ്യവസ്ഥ വിപരീത ദിശയിലാണ് നീങ്ങുന്നത്.•

# ആഗോള സമ്പദ്‌രംഗം മാന്ദ്യത്തിലേക്ക്




**1980 -കളിൽ തുടങ്ങി വച്ച നവലിബറൽ നയങ്ങളാണ് യഥാർത്ഥത്തിൽ ലോകത്തെ ഈ പ്രതിസന്ധിയിലെത്തിച്ചത്. സോവിയറ്റ് യൂണിയന്റെ തകർച്ചയും ഏകധ്രുവലോകം കെട്ടി ഉയർത്താനുള്ള അമേരിക്കയുടെ സാമ്രാജ്യത്വ മോഹങ്ങളാണ് ആഗോള സംഘർഷങ്ങളുടെ അടിസ്ഥാന കാരണം. മുതലാളിത്തത്തിന്റെ ലാഭക്കൊതി മനുഷ്യരാശിയെ പ്രതിസന്ധിയിലേക്കു നയിക്കുന്ന മുഖ്യ ഘടകമാണ്.**

ഒക്ടോബർ ആദ്യവാരം യു.എൻ ഏജൻസിയായ യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആന്റ് ഡെവലപ്മെന്റ് (UNCTAD അൺടാഡ്), വേൾഡ് ട്രേഡ് ഓർഗനൈസേഷൻ (WTO), ലോകബാങ്ക്, കെ.എം.എഫ് എന്നീ അന്തർദേശീയ ഏജൻസികളെല്ലാം പുറത്തു വിട്ട കണക്കുകളും നിഗമനങ്ങളും പറയുന്നത് ലോകസമ്പദ്‌വ്യവസ്ഥ ഒരു മാന്ദ്യത്തിന്റെ വക്കിലോ മാന്ദ്യത്തിൽ തന്നെയോ ആണെന്നാണ്.

## വേൾഡ് ട്രേഡ് ഓർഗനൈസേഷൻ

- ഉക്രൈൻ യുദ്ധം, ഉയരുന്ന ഊർജ്ജവില, വിലക്കയറ്റം, കേന്ദ്ര ബാങ്കുകളുടെ പലിശ നിരക്ക് ഉയർത്തൽ നടപടി എല്ലാം ലോക ചരക്കു വ്യാപാര വളർച്ച 2028 ൽ 1% എന്ന നിലയിലേക്കിടിക്കും.



- ഏപ്രിൽ മാസത്തിൽ WTO യുടെ നിഗമനം 2023 ൽ ലോകചരക്കു വ്യാപാരം 3% വർദ്ധിക്കും എന്നായിരുന്നു. മാറിയ പരിതസ്ഥിതിയിൽ അത് 1% ആയി കുറക്കാൻ അവർ നിർബന്ധിതരായി.
- കേന്ദ്രബാങ്കുകൾ പ്രത്യേകിച്ച് ഫെഡറൽ റിസർവ് പലിശ




ഉയർത്തുന്നത് ലോകമാകെ പ്രത്യാഘാതം സൃഷ്ടിക്കുന്നുണ്ട്.
- 2022 ൽ ലോകവ്യാപാര വളർച്ച 3.5 ശതമാനമാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ 2022 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ വ്യാപാരത്തിൽ വലിയ ഇടിവുണ്ടാകും.
- ഉക്രൈനിൽ യുദ്ധം തുടരുന്നതു മൂലം യൂറോപ്പിലെ ഊർജ്ജവില വർദ്ധന കുടുംബങ്ങളുടെയും വ്യക്തികളുടെയും ഉപഭോഗത്തെ ബാധിക്കുകയും അവിടേയ്ക്കുള്ള ഇറക്കുമതി അല്ലെങ്കിൽ മറ്റു രാജ്യങ്ങളിൽ നിന്നുള്ള കയറ്റുമതിയെ ഇടിക്കും.
- അമേരിക്കയിലെ പലിശനിരക്കു വർദ്ധന അവിടുത്തെ ഹൗസിംങ്ങ്, മോട്ടോർ വില്പന, മറ്റു നിക്ഷേപങ്ങൾ എന്നിവയെ ബാധിക്കും.



- ചൈനയിലെ കോവിഡ് നിയന്ത്രണങ്ങൾ ലോക വ്യാപാരത്തെ ബാധിക്കുന്നത് തുടരുകയാണ്.
- ആഗോള ജിഡിപി വളർച്ച 2022ൽ 2.8% വും 2023 ൽ 2.3% വും മാത്രമായിരിക്കുമെന്നും WTO പറയുന്നു.

## അൺ ടാഡ് (UNCTAD)

**അൺ ടാഡ് ഒക്ടോബർ ആദ്യം പുറത്തുവിട്ട റിപ്പോർട്ട് പറയുന്നത് ആഗോള സമ്പദ് വ്യവസ്ഥ നാനാതരം പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണെന്നാണ്.**

- എല്ലാ രാജ്യങ്ങളിലും പ്രദേശങ്ങളിലും വളർച്ച ഇടയുകയാണ്. 2019 ലെ കോവിഡിന് മുൻപുള്ള സ്ഥിതിയിലേക്ക് വളർച്ച എത്തുന്നില്ല.
- കട പ്രതിസന്ധിയിലായ രാജ്യങ്ങൾ പകുതിയോളം വരുമാനം കുറഞ്ഞ രാജ്യങ്ങളും, മൂന്നിലൊന്ന് മദ്ധ്യവരുമാന (Middle income) രാജ്യങ്ങളും കടം തിരിച്ചടക്കാൻ കഴിയാത്ത പ്രതിസന്ധിയിലേക്കെത്തിക്കൊണ്ടിരിക്കുകയാണ്.



- സാമ്പത്തിക പ്രതിസന്ധി, ജീവിത ചിലവുകളിലെ വർദ്ധനവ്, കാലാവസ്ഥാ വ്യതിയാനം, സർക്കാർ നിക്ഷേപത്തിലെ ഇടിവ്. ഇവ എല്ലാം സാമൂഹ്യ അസ്വസ്ഥതകളിലേക്കും, അരക്ഷിതാവസ്ഥയിലേക്കും നയിക്കാം.
- ഫെഡറൽ റിസർവ് (അമേരിക്കൻ കേന്ദ്രബാങ്ക്) ഒരു ശതമാനം പലിശ നിരക്കുയർത്തുമ്പോൾ വികസിത രാജ്യങ്ങളിലെ സാമ്പത്തിക വളർച്ച ഏതാണ്ട് 0.5%വും വികസ്വര രാജ്യങ്ങളിലെ സാമ്പത്തിക വളർച്ച 0.8% വും ഇടിയുന്നു. ഇപ്പോൾ തന്നെ ഫെഡറൽ റിസർവ് പലിശനിരക്ക് 3.15%ത്തോളം ഉയർത്തിക്കഴിഞ്ഞു. ഇനിയും ഉയർത്തുമെന്നാണ് സൂചന.
- അൺടാഡ് തലവൻ റിചാർട്ട് കൊബൂൾ റൈറ്റിന്റെ അഭിപ്രായത്തിൽ വിലക്കയറ്റം ഉണ്ടാകുന്നത് ചരക്കിന്റെ വിതരണത്തിലേയും ലഭ്യതയിലേയും (Supply) പ്രശ്ന

ങ്ങൾ മൂലമാണ്. അത് പലിശനിരക്കുയർത്തി നിയന്ത്രിക്കാൻ കഴിയില്ല. ആവശ്യകതയിലെ (Demand) വർദ്ധനവാണെങ്കിൽ പലിശനിരക്കുയർത്തി പരിഹരിക്കാമായിരുന്നു.




- ഇപ്പോൾ പലിശനിരക്കുയർത്തുന്നത് നിക്ഷേപം കുറക്കുകയും മാന്ദ്യം സൃഷ്ടിക്കുകയും തൊഴിലാളികളെ ദുരിതത്തിലാക്കുകയും ചെയ്യും.
- സമ്പദ് വ്യവസ്ഥയെ നിഴൽ ബാങ്കിംഗ് സംവിധാനം (Shadow banking) അസ്ഥിരപ്പെടുത്തുന്നതായി അൺടാഡ് പറയുന്നു. നിഴൽ ബാങ്കിംഗ് എന്നാൽ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ സ്ഥാപനങ്ങളും, ക്രെഡിറ്റ് ഇൻസ്റ്റിറ്റിയൂഷൻസും കൂടിയതാണ്. അവരുടെ പങ്ക് കുറക്കാൻ ആലോചന നടന്നെങ്കിലും യഥാർത്ഥത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.



- ആഗോളതലത്തിൽ ഷാഡോ ബാങ്കിംഗ് സംവിധാനം 2008 ൽ കയ്യാളിയിരുന്നത് മൊത്തം സാമ്പത്തിക ആസ്തിയുടെ 42% ആയിരുന്നത് 2019 ൽ 50% ആയി ഉയർന്നു.
- അൺടാഡ് റിപ്പോർട്ട് ശരിയായി തന്നെ പറയുന്നത്.

**''ഇപ്പോൾ ലോകം നേരിടുന്നത് ഒരു വ്യവസ്ഥയുടെ പ്രതിസന്ധിയാണ്. വ്യവസ്ഥയെത്തന്നെ ശരിയാക്കിയാലെ പ്രശ്നം പരിഹരിക്കാൻ കഴിയൂ എന്നാണ്.''**

## ഐ.എം.എഫ് ചീഫ് ക്രിസ്റ്റലീന ജോർജിവ

- ഐ.എം.എഫിന്റെ വാർഷിക യോഗത്തിന്റെ മുന്നോടിയായി ഒക്ടോബർ 6 ന് നടത്തിയ ഒരു പ്രധാന പ്രസംഗത്തിൽ ചീഫ് ക്രിസ്റ്റലീന ജോർജ്ജിവ പറഞ്ഞത് ഒരു മാന്ദ്യത്തിന്റെ അപകടം വർദ്ധിച്ചു വരുന്നു എന്നാണ്.
- ആഗോള സമ്പദ് വ്യവസ്ഥയുടെ മൂന്നിലൊന്നും രണ്ടു സാമ്പത്തിക പാദങ്ങളിൽ ചുരുങ്ങും.
- ആഗോള ഉല്പാദനത്തിൽ ഇന്നു മുതൽ 2026 വരെയെടുത്താൽ 4 മില്യൺ ഡോളറിന്റെ നഷ്ടമുണ്ടാകും. അത് ജർമ്മൻ സമ്പദ്വ്യവസ്ഥക്കു സമമാണ് ഭീമമായ നഷ്ടമാണ്.
- ചിലപ്പോൾ സ്ഥിതിഗതി ഇപ്പോൾ കണക്കാക്കുന്നതിലും മോശമാകും.
- ലോകസമ്പദ്രംഗം പ്രക്ഷുബ്ദ്ധമായ കടലിലൂടെ പോകുന്ന കപ്പലിനെപ്പോലെ ആടിയുലയുകയാണ്.
- മൂന്ന് വർഷമായി പ്രതിസന്ധികൾ ഒന്നിനു പിറകെ ഒന്നായി വന്നു കൊണ്ടിരിക്കുകയാണ്. ആദ്യം കോവിഡ് പിന്നെ ഉക്രൈൻ യുദ്ധം. ഇത് ജനജീവിതത്തെ അതിഗുരുതരമായി ബാധിക്കുകയാണ്.
- ഭക്ഷ്യവസ്തുക്കളുടെയും, ഊർജ്ജത്തിന്റെയും വില ക്രമാതീതമായി ഉയരുകയാണ്.
- ലോകത്ത് എല്ലാം അസ്ഥിരമായിരിക്കുകയാണ്. ഒന്നും പ്രവചിക്കാൻ കഴിയില്ല. ഒന്നിനും സ്ഥിരതയില്ല. സമ്പദ്രംഗം കലുഷിതം. രാജ്യങ്ങൾ തമ്മിൽ ഏറ്റുമുട്ടലുകൾ, പ്രകൃതി ക്ഷോഭങ്ങൾ ഏത് രാജ്യവും പ്രതിസന്ധിയിലാകും എന്ന സ്ഥിതി.



- രാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ എന്നും ഐഎംഎഫ് ചീഫ് പറഞ്ഞു.
- ഒക്ടോബർ 10–ന് പുറത്തുവന്ന IMF റിപ്പോർട്ടും പറയുന്നത് ലോകം മാന്ദ്യത്തിലേക്ക് എന്നാണ്.

1980 –കളിൽ തുടങ്ങി വച്ച നവലിബറൽ നയങ്ങളാണ് യഥാർത്ഥത്തിൽ ലോകത്തെ ഈ പ്രതിസന്ധിയിലേക്കെത്തിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചത്. സോവിയറ്റ് യൂണിയന്റെ തകർച്ചയും ഒരു ഏകധ്രുവലോകം കെട്ടി ഉയർത്താനുള്ള അമേരിക്കയുടെ സാമ്രാജ്യത്വ മോഹങ്ങളുമാണ് ആഗോള സംഘർഷങ്ങളുടെ അടിസ്ഥാന കാരണം.

മുതലാളിത്തത്തിന്റെ ലാഭക്കൊതി, ഏതു വിധേയനെയും ലാഭമുണ്ടാക്കാനുള്ള ശ്രമം ഇവയാണ് മനുഷ്യരാശിയെ പ്രതിസന്ധിയിലേക്കു നയിക്കുന്നത്. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന് പ്രധാനകാരണം ഇവയാണ്.

# ഗോ മാതാവ് വഴിയാധാരം
# കർഷകർ ദുരിതത്തിലും

സാധുക്കളായ പശുക്കളെ മുൻനിർത്തിയും ബിജെപി കളിച്ചിരുന്നു. സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിച്ച് വർഗീയധ്രുവീകരണ രാഷ്ട്രീയം പയറ്റാൻ ഗോസംരക്ഷണവിഷയം അവർ ആയുധമാക്കി. ഗോഹത്യ തടയാനെന്ന പേരിൽ വിപുലമായ കുപ്രചാരണം നടത്തുകയും സംഘർഷങ്ങൾക്കും ആക്രമണങ്ങൾക്കും കളമൊരുക്കുകയും ചെയ്തു. സംഘപരിവാർ പിന്തുണയുള്ള ഗോരക്ഷാസംഘങ്ങളുടെ ആക്രമണങ്ങളിൽ ഒന്നാം മോദിസർക്കാരിന്റെ കാലത്ത് വിവിധ സംസ്ഥാനങ്ങളിലായി അമ്പതിൽപ്പരം പേർ കൊല്ലപ്പെട്ടു. സുപ്രീംകോടതി ഇടപെടലിനുശേഷമാണ് ഇത്തരം ആക്രമണങ്ങൾക്ക് തെല്ല് ശമനമുണ്ടായത്. തുടർന്നും ഗോസംരക്ഷണത്തിന്റെ പേരിലുള്ള വർഗീയപ്രചാരണം ബിജെപിയും പരിവാരങ്ങളും തുടർന്നു. കന്നുകാലികളുടെ വിൽപ്പന അസാധ്യമായി. ഗ്രാമനഗരങ്ങളിലെ കന്നുകാലി ചന്തകൾ സ്തംഭിക്കാനും കർഷകരുടെ വരുമാനമാർഗങ്ങളിലൊന്ന് നിലയ്ക്കാനും ഇത് വഴിയൊരുക്കി.

ഇതിനുള്ള തിരിച്ചടിയാണ് ബിജെപി ഇപ്പോൾ ഏറ്റുവാങ്ങുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന ഗുജറാത്തിൽ ബിജെപിയുടെ ഏറ്റവും വലിയ ആശങ്കയായി പശുക്കൾ മാറിയിരിക്കുന്നു. ആയിരക്കണക്കിനു പശുക്കൾ ഗുജറാത്തിലെ തെരുവുകളിലും സർക്കാർ ഓഫീസ് വളപ്പുകളിലും അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. പശുക്കൂട്ടങ്ങൾ ദേശീയപാതകളിലടക്കം ഗതാഗതം തടസ്സപ്പെടുത്തുന്നു. നഗരങ്ങളിൽ കന്നുകാലികൾ പെരുകുന്നതും പൊതുസ്ഥലത്ത് അലഞ്ഞുനടക്കുന്നതും നിയന്ത്രിക്കാൻ കഴിഞ്ഞ ബജറ്റ് സമ്മേളനത്തിൽ ബിൽ പാസാക്കിയിരുന്നു. സംസ്ഥാനവ്യാപകമായി ഉയർന്ന പ്രതിഷേധത്തെതുടർന്ന് ഈയിടെ നിയമസഭ ഈ ബിൽ പിൻവലിച്ചു. ഗോശാലകൾക്ക് സർക്കാർ പ്രഖ്യാപിച്ച 500 കോടി രൂപ ഉടൻ വിതരണം ചെയ്തില്ലെങ്കിൽ തെരഞ്ഞെടുപ്പിൽ ബിജെപിയെ ബഹിഷ്കരിക്കുമെന്ന് ആഹ്വാനം ചെയ്തിരിക്കുകയാണ് മൽദാരികൾ എന്നറിയപ്പെടുന്ന ഗോപാലകരുടെ സംഘടന.

നാലര ലക്ഷത്തോളം പശുക്കളെയും ഇതര മൃഗങ്ങളെയും സംരക്ഷിക്കാൻ സംസ്ഥാനത്ത് ആയിരത്തഞ്ഞൂറോളം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങളിൽനിന്നുള്ള സംഭാവനയായിരുന്നു ഇവയുടെ മുഖ്യവരുമാന മാർഗം. കോവിഡ് വരുത്തിയ സാമ്പത്തികപ്രതിസന്ധിയിൽ വരുമാനം ഇടിഞ്ഞ് ഈ കേന്ദ്രങ്ങൾ കടുത്ത ബുദ്ധിമുട്ടിലായി. ഗോസംരക്ഷണ കേന്ദ്രങ്ങൾക്ക് സർക്കാർ 500 കോടി രൂപ നൽകുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ, തങ്ങൾ ചതിക്കപ്പെട്ടുവെന്നും ഒരു രൂപപോലും സർക്കാർ ഇന്നേവരെ നൽകിയില്ലെന്നും ഗുജറാത്ത് ഗോസേവാ സംഘ് സെക്രട്ടറി വിപുൽ മാലി പറയുന്നു.

നഗരങ്ങളിൽ പശുക്കൾ പെരുകിയതോടെയാണ് ഇവയെ നിയന്ത്രിക്കാൻ പുതിയ നിയമം നടപ്പാക്കാൻ ബിജെപി സർക്കാർ ശ്രമിച്ചത്. ഓരോ പശുവിനെയും ടാഗ് ചെയ്ത് ലൈസൻസ് എടുക്കണമെന്നും പൊതുനിരത്തിലൂടെ പശുക്കളെ കൊണ്ടുപോകരുതെന്നും വ്യവസ്ഥ ചെയ്താണ് ബിൽ പാസാക്കിയത്. ഉപേക്ഷിക്കപ്പെട്ട പശുക്കൾ മറ്റ് സംസ്ഥാനങ്ങളിലും വലിയ പ്രശ്നമാണ്. കറവ വറ്റിയ പശുക്കളെ പോറ്റാൻ കർഷകർക്ക് ശേഷിയില്ല. വിൽക്കാമെന്ന് വച്ചാൽ ഗോരക്ഷകർ തടഞ്ഞ് പ്രശ്നമുണ്ടാക്കും. പ്രയോജനമില്ലാത്ത കന്നുകാലികളെ അഴിച്ചുവിടുന്നതാണ് അഭികാമ്യമെന്ന് ഉടമകൾ കരുതുന്നു. ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്ന കന്നുകാലികൾ (ആവാരാ പശു) കൃഷിയിടങ്ങളിൽ കടന്ന് വിളകൾ തിന്നുതീർക്കുന്നു. വൻകൃഷിനാശമാണ് ഇതുവഴി സംഭവിക്കുന്നത്. ഇതേത്തുടർന്ന് ആവാരാ പശുവിഷയം ഉത്തർപ്രദേശിലും രാഷ്ട്രീയപ്രശ്നമായി മാറിയിട്ടുണ്ട്.



സംഘപരിവാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗോരക്ഷാസംഘങ്ങൾ പശുക്കളെ വാഹനങ്ങളിൽ കൊണ്ടുപോകുന്നതുപോലും തടഞ്ഞു. കറവ വറ്റിയ പശുക്കളെ വിറ്റുകിട്ടുന്ന പണം കർഷകകുടുംബങ്ങൾക്ക് അധിക വരുമാനമാർഗമായിരുന്നു. കോവിഡ് കാലത്ത് ഈ പ്രതിസന്ധി രൂക്ഷമായതിന്റെ ബാക്കിപത്രമാണ് പല സംസ്ഥാനങ്ങളിലും കാണുന്നത് •

# ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 107-ാം സ്ഥാനത്തേക്ക് താഴ്ന്നു

107 രാജ്യങ്ങളെ താരതമ്യം ചെയ്തുകൊണ്ട് പോഷകാഹാരക്കുറവ്, കുട്ടികളിലെ ഭാരക്കുറവ്, പൊക്കമില്ലായ്മ, ശിശുമരണ നിരക്ക് എന്നിവയെ മാനദണ്ഡമാക്കി തയാറാക്കിയിട്ടുള്ള ലോക പട്ടിണി സൂചികയിൽ യുദ്ധത്തിൽ തകർന്ന അഫ്ഗാനിസ്ഥാൻ ഒഴികെയുള്ള തെക്കനേഷ്യൻ രാജ്യങ്ങൾക്ക് താഴെയായി 107ാമതായിട്ടാണ് ഇന്ത്യയുടെ സ്ഥാനം. ശ്രീലങ്ക (64), നേപ്പാൾ (81), ബംഗ്ലാദേശ് (84), പാകിസ്ഥാൻ എന്നീ രാജ്യങ്ങൾ സൂചികയിൽ ഇന്ത്യക്ക് മുകളിലാണ്.



| റാങ്കിങ്ങ് | രാജ്യങ്ങൾ |
|---|---|
| 102 | റുവാണ്ട |
| 103 | നൈജീരിയ |
| 104 | എത്യോപ്യ |
| 105 | കോംഗോ |
| 106 | സുഡാൻ |
| 107 | ഇന്ത്യ |
| 108 | സാംബിയ |
| 109 | അഫ്ഗാനിസ്ഥാൻ |

- താഴ്ന്നത്, മിതമായത്, ഗുരുതരമായത്, പരിഭ്രമജനകമായത് എന്നീ നാല് വിഭാഗങ്ങളായാണ് സൂചികയിൽ രാജ്യങ്ങളെ തരംതിരിച്ചിരിക്കുന്നത്. ഇതിൽ ഇന്ത്യ ഗുരുതരമായ വിഭാഗത്തിലാണ്.
- കുട്ടികളുടെ ഭാരക്കുറവിന്റെ കാര്യത്തിൽ ഇന്ത്യയുടെ സ്ഥിതി ലോക രാജ്യങ്ങളിൽ ഏറ്റവും മോശമാണ്. പോഷകാഹാരക്കുറവിന്റെ കാര്യത്തിലും ഇന്ത്യയുടെ അവസ്ഥ ദയനീയമാണ്.
- അതേ സമയം കുട്ടികളുടെ പോഷകാഹാരക്കുറവിന്റെയും ശിശുമരണ നിരക്കിന്റെയും കാര്യത്തിൽ ഇന്ത്യ നേരിയ പുരോഗതി കൈവരിച്ചിട്ടുണ്ട്.

## ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സ്ഥിതി ശുഭകരമല്ല



- ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പ്രധാനപ്പെട്ട അടിസ്ഥാന ഘടകങ്ങളെല്ലാം സൂചിപ്പിക്കുന്നത് സ്ഥിതി ശുഭകരമല്ല എന്നാണ്.
- ഡോളറുമായി രൂപയുടെ വില നിരന്തരമായി ഇടിയുന്നു. 14 ഒക്ടോബറിൽ 82.32 രൂപയായിരുന്നു ഡോളറിന്റെ വില. കഴിഞ്ഞ ഒരു വർഷത്തിൽ രൂപയുടെ വില 10% ത്തിലധികം ഇടിഞ്ഞു.
- കറന്റ് അക്കൗണ്ടുകമ്മിയും, വ്യാപാരികമ്മിയും കുതിച്ചുയരുന്നു. വിദേശനാണ്യ ശേഖരം കുത്തനെ കുറയുന്നു. വിദേശ നാണ്യശേഖരം 100 മില്യൺ ഡോളർ ഇടിഞ്ഞു.
- അടിസ്ഥാന വ്യവസായങ്ങളുടെ വളർച്ച (Core Industry) ഇടിയുന്നു.
- ലോക വ്യാപാരത്തിലെ പ്രതിസന്ധി ഇന്ത്യൻ വ്യാപാരത്തെയും ബാധിച്ചു കഴിഞ്ഞു. ഇന്ത്യയുടെ കയറ്റുമതി സെപ്റ്റംബറിൽ 3.52% ഇടിഞ്ഞ് 32.62 ബില്യൺ ഡോളറിലേക്കെത്തി. വ്യാപാര ക്കമ്മി സെപ്റ്റംബറിൽ 26.72 ബില്യൺ ഡോളറായിരുന്നു.
- എഞ്ചിനീയറിംഗ് ചരക്കുകൾ, വസ്ത്രം, വജ്രം തുടങ്ങിയവയിലാണ് കയറ്റുമതി ഇടിഞ്ഞത്. ഈ മേഖലയിലാണ് വലിയ തോതിൽ തൊഴിലാളികൾ പണിയെടുക്കുന്നത്. തൊഴിലില്ലായ്മ ഉയരാൻ ഇതു കാരണമാകും.
- റിസർവ് ബാങ്ക് നിരന്തരം പലിശ ഉയർത്തിയിട്ടും വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നില്ല. 2022 സെപ്റ്റംബർ മാസത്തിലെ വിലക്കയറ്റം 7.4% ആയിരുന്നു. കഴിഞ്ഞ എട്ട് മാസമായി വിലക്കയറ്റം 6 ശതമാനത്തിനും മുകളിലാണ്.

# അതിരുവിട്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ

**തെരഞ്ഞെടുപ്പിൽ സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സംസ്കാരം രാജ്യത്തിന് അപകടകരമാണെന്ന് പ്രധാനമന്ത്രി പറഞ്ഞത് തെരഞ്ഞെടുപ്പ് കമീഷൻ ഏറ്റുപിടിക്കുന്നത് അങ്ങേയറ്റം ആശങ്കാജനകമാണ്. ശിങ്കിടി മുതലാളിത്തത്തിന്റെ പ്രയോക്താക്കളായ ബിജെപിക്ക് ജനക്ഷേമപദ്ധതികൾ സൗജന്യം നൽകൽ മാത്രമാണെന്ന് തോന്നാം. എന്നാൽ തെരഞ്ഞെടുപ്പ് കമീഷൻ ബിജെപിയുടെയും പ്രധാനമന്ത്രിയുടെയും നിലപാടിലേക്ക് നീങ്ങുന്നത് അവരുടെ വിശ്വാസ്യത തകർക്കുന്നതാണ്.**

നിയമസഭ, ലോക്സഭ, രാഷ്ട്രപതി, ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പുകളുടെ സംവിധാനവും മേൽനോട്ടവും നിയന്ത്രണവുമാണ് തെരഞ്ഞെടുപ്പ് കമീഷനിൽ നിക്ഷിപ്തമായ ചുമതല. ഇപ്രകാരമാണ് ഭരണഘടനയുടെ 324ാം വകുപ്പ് തെരഞ്ഞെടുപ്പ് കമീഷന്റെ പങ്ക് നിർവചിച്ചിരിക്കുന്നത്.

പരീക്ഷണങ്ങൾ മറികടന്ന് ഇന്ത്യൻ ജനാധിപത്യത്തെ മുന്നോട്ടുകൊണ്ടുപോയതിൽ മുൻകാലങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നിസ്തുല സംഭാവന നൽകിയിട്ടുണ്ട്. മോദിസർക്കാർ വന്നശേഷം ഭരണഘടനാ സ്ഥാപനങ്ങളെ സങ്കുചിത രാഷ്ട്രീയ അജൻഡ നടപ്പാക്കാൻ ദുരുപയോഗം ചെയ്യുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് കമ്മീഷനും അപചയം സംഭവിച്ചിട്ടുണ്ടെന്ന വിമർശം പലതവണ ഉയർന്നിട്ടുണ്ട്. ഇതിന് അടിവരയിടുന്നതാണ് രാഷ്ട്രീയപാർടികൾ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ എങ്ങനെ നടപ്പാക്കുമെന്നതിന്റെ സാമ്പത്തിക വിശദാംശങ്ങൾ വെളിപ്പെടുത്തുന്ന സംവിധാനം കൊണ്ടുവരാനുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ നീക്കം.

തെരഞ്ഞെടുപ്പിനുമുമ്പ് സംസ്ഥാനങ്ങളുടെ ധനസ്ഥിതി വ്യക്തമാക്കുന്ന കണക്കുകളും ചീഫ് സെക്രട്ടറിവഴി അറിയണമെന്ന് രാഷ്ട്രീയപാർടികളുടെ അഭിപ്രായം തേടി അയച്ച കത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിക്കുന്നു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നീക്കം നഗ്നമായ അധികാരദുർവിനിയോഗമാണെന്നും രാഷ്ട്രീയപാർടികളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റമാണെന്നും പ്രതിപക്ഷം ചൂണ്ടിക്കാട്ടുന്നു. നിയമനിർമാണ സഭകളിലേക്കും അതുവഴി മന്ത്രിസഭകളിലേക്കും പ്രതിനിധികളെ നിശ്ചയിക്കാൻ ജനങ്ങൾക്കുള്ള പരമാധികാരം ഉറപ്പിക്കുന്ന സംവിധാനമാണ് ജനാധിപത്യപരമായ തെരഞ്ഞെടുപ്പ്. രാഷ്ട്രീയപാർടികളുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികകളിൽ വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ അംശങ്ങൾ കടന്നുവരാം. ഇതിന് അടിസ്ഥാനം അതത് രാഷ്ട്രീയപാർടിയുടെ കാഴ്ചപ്പാടും വിവേചനാധികാരവുമാണ്. രാഷ്ട്രീയപാർടികൾ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വാഗ്ദാനങ്ങൾ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ ജനപ്രാതിനിധ്യനിയമ (1951)ത്തിൽ വ്യവസ്ഥയില്ലെന്ന് എസ് സുബ്രഹ്മണ്യം ബാലാജിയും തമിഴ്നാട് സർക്കാരും തമ്മിൽ നടന്ന കേസിൽ (2013) സുപ്രീംകോടതി വിധിയുണ്ട്.

വാഗ്ദാനങ്ങളുടെ മാനദണ്ഡം നിശ്ചയിക്കാനുള്ള അധികാരി തെരഞ്ഞെടുപ്പ് കമ്മീഷനായി മാറുന്നത് ജനാധിപത്യത്തിന് ഗുണകരമല്ല. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാടുകൾ പക്ഷപാതപരമാണെന്ന് അടുത്തിടെയായി പരാതികൾ ഉയരുകയും ചെയ്യുന്നു.

2017ൽ ഗുജറാത്ത് തെരഞ്ഞെടുപ്പ് പ്രഖ്യാപനം നീട്ടിയ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടി വിവാദമായി. ഗുജറാത്തിൽ ഏതാനും പദ്ധതികളുടെ ഉദ്ഘാടന ചടങ്ങുകളിൽ പങ്കെടുക്കാൻ പ്രധാനമന്ത്രിക്ക് അവസരം നൽകുന്നതിനാണ് തെരഞ്ഞെടുപ്പ് പ്രഖ്യാപനം നീട്ടിയതെന്ന് പിന്നീട് വ്യക്തമായി.



വോട്ടെടുപ്പ് നാളിൽ റോഡ് ഷോ നടത്തിയ പ്രധാനമന്ത്രി തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചതായി പരാതി വന്നിട്ടും തെരഞ്ഞെടുപ്പ് കമീഷൻ ക്ലീൻ ചിറ്റ് നൽകി.

തെരഞ്ഞെടുപ്പിൽ സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സംസ്കാരം രാജ്യത്തിന് അപകടകരമാണെന്ന് കഴിഞ്ഞ ജൂലൈയിൽ പ്രധാനമന്ത്രി പറഞ്ഞു. ശിങ്കിടി മുതലാളിത്തത്തിന്റെ പ്രയോക്താക്കളായ ബിജെപിക്ക് ജനക്ഷേമ പദ്ധതികൾ സൗജന്യം നൽകൽ മാത്രമാണെന്ന് തോന്നാം. തെരഞ്ഞെടുപ്പ് കമീഷൻ ഇതേറ്റു പിടിക്കുന്നത് അങ്ങേയറ്റം ആശങ്കാജനകമാണ്. പിന്നാലെ തെരഞ്ഞെടുപ്പ് കമീഷൻ ഇതേ നിലപാടിലേക്ക് നീങ്ങുന്നത് അവരുടെ വിശ്വാസ്യത തകർക്കുന്നതാണ്. ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വിധത്തിലാണ് ഓരോ സ്ഥാപനവും പ്രവർത്തിക്കേണ്ടത്. അതിരുവിട്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ നീങ്ങുന്നത് സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിക്കുമ്പോൾ രാജ്യത്ത് നിലനിൽക്കുന്നത് എന്തുതരം ജനാധിപത്യമാണെന്ന ചോദ്യം ഉയർത്തുന്നു.•

# ഇറ്റലി നവഫാസിസത്തിലേക്ക്

**ബെനിറ്റോ മുസോളിനി ഇറ്റലിയുടെ ഭരണകർത്താവായി അധികാരമേൽക്കുന്നതിന്റെ മുന്നോടിയായി 1922 ഒക്ടോബറിൽ റോമിലേക്ക് നടത്തിയ മാർച്ചിന്റെ 100ാം വർഷത്തിലാണ് നവഫാസിസ്റ്റായ ജോർജിയ മിലോണി ആദ്യ വനിതാ പ്രധാനമന്ത്രിയായി അധികാരത്തിലെത്തുന്നത്. മുസോളിനി മന്ത്രിസഭയിലെ സാംസ്കാരിക മന്ത്രി ജോർജിയോ അൽമിരാന്റോ സ്ഥാപിച്ച ഇറ്റാലിയൻ സോഷ്യൽ മൂവ്മെന്റിന്റെ (എംഎസ്ഐ) തുടർച്ചയാണ് മിലോണിയുടെ ബ്രദേഴ്സ് ഓഫ് ഇറ്റലി. 'ദൈവം, പിതൃഭൂമി, കുടുംബം' എന്ന ഫാസിസ്റ്റ് അടയാളവാക്യം തന്നെയാണ് ബ്രദേഴ്സ് ഓഫ് ഇറ്റലിയും സ്വീകരിച്ചിട്ടുള്ളത്.**




സ്വീഡന് പിന്നാലെ ഇറ്റലിയിലും തീവ്രവലതുപക്ഷം അധികാരത്തിൽ വരുമെന്നുറപ്പായിരിക്കുന്നു. ഹംഗറിയും പോളണ്ടും നേരത്തേ വലതുപക്ഷത്തേക്ക് നീങ്ങിയിരുന്നു. ഫ്രാൻസിൽ മരീൻ ലെ പെന്നിന്റെ നവഫാസിസ്റ്റ് കക്ഷി പ്രധാന പ്രതിപക്ഷമായി വളർന്നിരിക്കുന്നു.

ഈമാസം 11 നു നടന്ന തെരഞ്ഞെടുപ്പിലാണ് സോഷ്യൽ ഡെമോക്രാറ്റുകളെ തോൽപ്പിച്ച് കുടിയേറ്റവിരുദ്ധ തീവ്രവലതുപക്ഷ പാർടിയായ സ്വീഡൻ ഡെമോക്രാറ്റുകൾ നയിക്കുന്ന മുന്നണി നേരിയ ഭൂരിപക്ഷത്തിന് മുന്നിലെത്തിയത്. രണ്ടാഴ്ചയ്ക്കുശേഷം 25ന് ഇറ്റാലിയൻ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിലാണ് നവഫാസിസ്റ്റ് കക്ഷി ബ്രദേഴ്സ് ഓഫ് ഇറ്റലി നയിക്കുന്ന ത്രികക്ഷി സഖ്യം വ്യക്തമായ ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തുന്നത്.



വി.ബി.പരമേശ്വരൻ

വിലക്കയറ്റവും എണ്ണ പ്രതിസന്ധിയും പരിഹരിക്കുന്നതിൽ മുൻ യൂറോപ്യൻ സെൻട്രൽ ബാങ്ക് മേധാവിയായ മരിയോ ദാഗ്രിയുടെ നേതൃത്വത്തിലുള്ള ദേശീയ സർക്കാർ പരാജയപ്പെട്ടതാണ് ആ സർക്കാരിന്റെ പതനത്തിനു കാരണമായത്. 18 മാസംമാത്രം അധികാരത്തിലിരുന്ന ഈ ദേശീയ സർക്കാരിന്റെ ഭാഗമായില്ല എന്നത് ജോർജിയോ മിലോണിയുടെ ബ്രദേഴ്സ് ഓഫ് ഇറ്റലിക്ക് ഗുണം ചെയ്തെന്ന് തെരഞ്ഞെടുപ്പുഫലങ്ങൾ സൂചിപ്പിക്കുന്നു. തെരഞ്ഞെടുപ്പിൽ മത്സരിച്ച മറ്റെല്ലാ മുഖ്യധാരാ കക്ഷികളും ദാഗ്രി സർക്കാരിന്റെ ഭാഗമായിരുന്നു.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നാലു ശതമാനം വോട്ടു മാത്രം ലഭിച്ച മിലോണിയുടെ പാർടിക്ക് ഇക്കുറി 26 ശതമാനമാണ് ലഭിച്ചത്. മുൻ ആഭ്യന്തര മന്ത്രിയും തീവ്രവലതുപക്ഷക്കാരനുമായ മറ്റിയോ സാൽവിനിയുടെ ലെഗ (ഒമ്പതു ശതമാനം) മുൻ പ്രധാനമന്ത്രിയും വലതുപക്ഷക്കാരനുമായ സിൽവിയോ ബർലുസ്കോനിയുടെ ഫൊഴ്സ ഇറ്റാലിയ (എട്ടു ശതമാനം) എന്നിവയാണ് മിലോണിയുടെ സഖ്യകക്ഷികൾ. ഈ രണ്ടു കക്ഷിക്കും വോട്ടിലുണ്ടായ ഭീമമായ ചോർച്ചയാണ് മിലോണിയുടെ പാർടിക്ക് കുതിപ്പ് സമ്മാനിച്ചത്. സ്വന്തം അടിത്തറ തോണ്ടിയ കക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായി ദീർഘകാലം വാഴിക്കാൻ ഈ രണ്ടു കക്ഷിയും തയ്യാറാകില്ലെന്നാണ് വിലയിരുത്തപ്പെടുന്നത്.

ബെനിറ്റോ മുസോളിനി ഇറ്റലിയുടെ ഭരണകർത്താവായി അധികാരമേൽക്കുന്നതിന്റെ മുന്നോടിയായി 1922 ഒക്ടോബറിൽ റോമിലേക്ക് നടത്തിയ മാർച്ചിന്റെ 100ാം വർഷത്തിലാണ് നവഫാസിസ്റ്റായ ജോർജിയ മിലോണി ആദ്യ വനിതാ പ്രധാനമന്ത്രിയെന്ന മികവോടെ അധികാരത്തിലെത്തുന്നത്. മുസോളിനി മന്ത്രിസഭയിൽ സാംസ്കാരികമന്ത്രിയായിരുന്നജോർജിയോ

**യൂറോപ്പിലെ മറ്റേത് നവ ഫാസിസ്റ്റ് കക്ഷിയേക്കാളും തീവ്രവലതുപക്ഷ നിലപാടുകളാണ് മിലോണി ഉയർത്തിപ്പിടിക്കുന്നത്. പ്രധാനം കുടിയേറ്റവിരുദ്ധ നിലപാട് തന്നെ. കുടിയേറ്റം തടയാൻ മധ്യധരണ്യാഴിക്കടലിൽ നാവികസേനാ മതിൽ തീർക്കണമെന്നാണ് മിലോണി പറയുന്നത്.**

അൽമിരാന്റോയുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട ഇറ്റാലിയൻ സോഷ്യൽ മൂവ്മെന്റിന്റെ (എംഎസ്ഐ) തുടർച്ചയാണ് മിലോണിയുടെ ബ്രദേഴ്സ് ഓഫ് ഇറ്റലി. എംഎസ്ഐയുടെ ത്രിവർണ ജ്വാലയാണ് ഇവരുടെയും അടയാളം. 'ദൈവം, പിതൃഭൂമി, കുടുംബം' എന്ന ഫാസിസ്റ്റ് അടയാളവാക്യം തന്നെയാണ് ബ്രദേഴ്സ് ഓഫ് ഇറ്റലിയും സ്വീകരിച്ചിട്ടുള്ളത്. തെരഞ്ഞെടുപ്പിൽ മുസോളിനിയുടെ കൊച്ചുമകൾ റേച്ചേ, കൊച്ചുമകന്റെ മകൻ കായോ ഗിയുലിയോ സിസാരെ എന്നിവരെ സ്ഥാനാർഥിയാക്കുകയും ചെയ്തു. 15ാം വയസ്സിൽ മിലോണിതന്നെ എംഎസ്ഐയുടെ യുവജനവിഭാഗത്തിൽ അംഗമായിരുന്നു. ആദ്യഘട്ടങ്ങളിൽ മുസോളിനിയുടെ ചെയ്തികളെ, 'എല്ലാം ഇറ്റലിക്ക് വേണ്ടിയാണെന്ന്' പറഞ്ഞ് അവർ ന്യായീകരിച്ചിരുന്നു.

എന്നാൽ, പരസ്യമായ ഈ ഫാസിസ്റ്റ് മുഖം അധികാരത്തിലേക്ക് അടുക്കുന്നതിന് തടസ്സമാണെന്ന് കാലക്രമേണ അവർക്ക് ബോധ്യപ്പെട്ടു. അതിന്റെ ഭാഗമായാണ് 1990കളുടെ ആദ്യം എംഎസ്ഐ 'ദേശീയ സഖ്യമായും' 2012 മുതൽ 'ബ്രദേഴ്സ് ഓഫ് ഇറ്റലി'യായും രൂപാന്തരം പ്രാപിച്ചത്. ദേശീയ സഖ്യത്തിന്റെ യുവജനവിഭാഗം പ്രസിഡന്റായ (2004ൽ) മിലോണി 2008ൽ ഇറ്റാലിയൻ മാധ്യമ രാജാവായ ബർലുസ്കോണിയുടെ സർക്കാരിൽ യുവജന മന്ത്രിയാകുകയുംചെയ്തു. 'മധ്യ വലതുപക്ഷ രാഷ്ട്രീയത്തിന് തുടക്കം കുറിച്ചിരിക്കുന്നുവെന്ന്' പറഞ്ഞ് രാഷ്ട്രീയത്തിലേക്ക് കടന്നുവന്ന ബർലുസ്കോണിയാണ് തീവ്രവലതുപക്ഷമായ നോർത്തേൺ ലീഗിനെ (ലെഗ)മന്ത്രിസഭയിൽ ഉൾപ്പെടുത്തി മുഖ്യധാരാ രാഷ്ട്രീയത്തിൽ ഇത്തരം പ്രസ്ഥാനങ്ങൾക്ക് സ്വീകാര്യത നൽകുന്നത്. മിലോണി മന്ത്രിയായതും ബർലുസ്കോണി മന്ത്രിസഭയിൽത്തന്നെ.

യൂറോപ്പിലെ മറ്റേത് നവ ഫാസിസ്റ്റ് കക്ഷിയേക്കാളും തീവ്രവലതുപക്ഷ നിലപാടുകളാണ് മിലോണി ഉയർത്തിപ്പിടിക്കുന്നത്. പ്രധാനം കുടിയേറ്റവിരുദ്ധ നിലപാട് തന്നെ. കുടിയേറ്റം തടയാൻ മധ്യധരണ്യാഴിക്കടലിൽ നാവികസേനാ മതിൽ തീർക്കണമെന്നു പറഞ്ഞ മിലോണി വിദേശ രക്ഷിതാക്കൾക്ക് ജനിക്കുന്ന കുട്ടികൾക്ക് പൗരത്വം നൽകരുതെന്നും വാദിച്ചു. ക്ഷേമാശ്വാസങ്ങൾ വിദേശികൾക്ക് നൽകുന്നതിനും ഇവർ എതിരാണ്. ലിംഗസമത്വത്തിലും മിലോണി വിശ്വസിക്കുന്നില്ല. വനിതാസംവരണം ആവശ്യമില്ലെന്നാണ് നിലപാട്. ഗർഭച്ഛിദ്രത്തെയും സ്വവർഗവിവാഹത്തെയും എതിർക്കുന്നു. യൂറോപ്യൻ യൂണിയനും അവരുടെ സാമ്പത്തികഞെരുക്കം സൃഷ്ടിക്കുന്ന നയത്തിനും എതിരാണ്. തൊഴിലാളികളുടെ അവകാശത്തിനുവേണ്ടിയും അവർ വാദിക്കുന്നു.

മാറിമാറിവന്ന സർക്കാരുകളുടെ ഭാഗമായിട്ടും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതാണ് മധ്യ ഇടതുപക്ഷ കക്ഷിയായ ഡെമോക്രാറ്റിക് പാർടിയുടെ ജനപിന്തുണ ഇടിയാൻ കാരണം. 19 ശതമാനം വോട്ടാണ് ഇവർക്ക് ലഭിച്ചത്. പുരോഗമനകക്ഷിയെന്ന അവകാശവാദവുമായി രംഗത്തുവന്ന ഫൈവ്സ്റ്റാർ മൂവ്മെന്റ്, ലെഗ പോലുള്ള പാർടികളുമായി സഖ്യം സ്ഥാപിച്ച് ഭരണം പങ്കിട്ടത് അവരുടെ വിശ്വാസ്യത ഇടിച്ചു. കമ്യൂണിസ്റ്റ് പാർടി അടക്കമുള്ള അരഡസനോളം പാർടികൾ ചേർന്ന് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നേപ്പിൾസിലെ മുൻ മേയർ ലുയിഗി ഡി മജിസ്ട്രിസിന്റെ നേതൃത്വത്തിൽ 'യൂണിയേനേ പോപ്പുലറെ' എന്ന പ്രസ്ഥാനത്തിന് രൂപം നൽകിയെങ്കിലും അവരുടെ ജനപക്ഷ ആശയങ്ങൾ ഫലപ്രദമായി പ്രചരിപ്പിക്കാൻ സമയം ലഭിച്ചില്ല. എതായാലും ഈ പ്രസ്ഥാനം ഇടതുപക്ഷ മനസ്സുകളെ ആകർഷിച്ചു കൊണ്ടിരിക്കുകയാണെന്നാണ് റിപ്പോർട്ട്.

ഉക്രയ്ൻ യുദ്ധത്തിന്റെ ഫലമായുള്ള ഇന്ധനക്ഷാമവും വിലക്കയറ്റവും പരിഹരിക്കുകയായിരിക്കും മിലോണിക്ക് മുമ്പിലുള്ള വെല്ലുവിളി. യൂറോപ്യൻ യൂണിയനെ തള്ളിപ്പറഞ്ഞാൽ യൂറോപ്യൻ റിക്കവറി ഫണ്ടിൽനിന്നുള്ള ധനസഹായം നിലയ്ക്കും. യൂറോപ്യൻ യൂണിയൻ, ഹംഗറിയിലെ വിക്ടർ ഓർബന്റെ ഭരണം ഇലക്ടറൽ ഒട്ടോക്രസിയാണെന്ന് ആക്ഷേപിക്കുന്ന പ്രമേയത്തെ മിലോണി എതിർത്തപ്പോൾത്തന്നെ അവർ തമ്മിലുള്ള ബന്ധം വഷളായിരുന്നു. മിലോണി അഭിമുഖീകരിക്കാൻ പോകുന്ന മറ്റൊരു പ്രതിസന്ധി മന്ത്രിസഭാ രൂപീകരണമായിരിക്കും. വേണ്ടത്ര ഭരണപരിചയമുള്ളവരൊന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിലില്ല. ഉക്രയ്ൻ യുദ്ധത്തിന്റെ വിഷയത്തിലും മിലോണിയും സഖ്യകക്ഷിനേതാക്കളും രണ്ടു പക്ഷത്താണ്. മിലോണി റഷ്യക്കതിരെയുള്ള ഉപരോധത്തെയും നാറ്റോയെയും പിന്തുണയ്ക്കുന്ന നയമാണ് സ്വീകരിക്കുന്നതെങ്കിൽ സാൽവിനിയും ബർലുസ്കോണിയും റഷ്യയുമായി അടുത്തബന്ധം ആഗ്രഹിക്കുന്നവരാണ്. ഈ വൈരുധ്യങ്ങളെ മിലോണി എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും അവരുടെ രാഷ്ട്രീയഭാവി നിലകൊള്ളുന്നത്.●

# മനുഷ്യ പരിണാമത്തിലേക്ക് വെളിച്ചം വീശി പേബോ

മാനവരാശിയുടെ ഉൽപ്പത്തി, പരിണാമം, അദ്വിതീയത തുടങ്ങിയവയെപ്പറ്റിയുള്ള അന്വേഷണങ്ങൾ എക്കാലത്തും പ്രസക്തമായിരുന്നു. ഏകദേശം 300,000 വർഷംമുമ്പ് ആഫ്രിക്കയിൽ രൂപംകൊണ്ട ആധുനിക മനുഷ്യൻ (ഹോമോ സാപിയൻസ്) ഏതാണ്ട് 70,000 വർഷംമുമ്പ് ആഫ്രിക്കയിൽനിന്ന് മധ്യേഷ്യയിലേക്ക് കുടിയേറുകയും അവിടെനിന്ന് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. ആധുനിക മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധുക്കളായ നിയാണ്ടർത്തലുകൾ ഏകദേശം 4,00,000 മുതൽ 30,000 വർഷംമുമ്പുവരെ യൂറോപ്പിലും പശ്ചിമേഷ്യയിലും സാന്നിധ്യമറിയിച്ചിരുന്നു.

വിവരസാങ്കേതികവിദ്യയുടെ തണലിൽ ജനിതക സാങ്കേതികവിദ്യക്കുണ്ടായ അവിശ്വസനീയമായ വളർച്ചയെത്തുടർന്ന് 1990-കളുടെ അവസാനത്തോടെ, ഏതാണ്ട് മുഴുവൻ മനുഷ്യ ജീനോമും ക്രമപ്പെടുത്തി ചിത്രീകരിച്ച് പ്രസിദ്ധീകരിച്ചു. ഇത് മനുഷ്യരുടെ സ്വഭാവസവിശേഷതകൾക്കും രോഗാവസ്ഥകൾക്കും കാരണക്കാരായ ജീനുകളെ കണ്ടെത്താനും ചികിത്സാരീതികളിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാനും സഹായിച്ചു. എന്നാൽ, ഇന്നത്തെ മനുഷ്യരും വംശനാശം സംഭവിച്ച നിയാണ്ടർത്തലുകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് പുരാതന ഫോസിലുകളിൽനിന്ന് വീണ്ടെടുക്കുന്ന ജനിതക തന്മാത്രകളുടെ (ജീനോമിക് ഡിഎൻഎ) ഘടനയെപ്പറ്റിയുള്ള പഠനങ്ങൾ അനിവാര്യമാണ്. കുറച്ചുകാലം മുമ്പുവരെ ഏതാണ്ട് അസാധ്യമെന്ന് കരുതിയിരുന്ന ഈ ദൗത്യം സാധ്യമാക്കിയതിനാണ് ഇത്തവണ നൊബേൽ സമ്മാനം. ജർമനിയിലെ ലീപ്സിഗിലെ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇവല്യൂഷണറി ആന്ത്രോപോളജിയിലെ സ്വീഡിഷ് ജനിതകശാസ്ത്രജ്ഞനും പരിണാമ ജനിതകശാസ്ത്രജ്ഞനുമായ സ്വാന്റേ പേബോ ശരീരധർമശാസ്ത്രത്തിനും വൈദ്യശാസ്ത്രത്തിനുമുള്ള നൊബേൽ സമ്മാനം സ്വന്തമാക്കി. മനുഷ്യപരിണാമം അന്വേഷിക്കാൻ പുരാതന ഡിഎൻഎയെ ഒരു പുതിയ വിവരപ്രവാഹമായി ഉപയോഗിക്കുന്ന പുതിയ ശാസ്ത്രശാഖയുടെ അടിത്തറ പാകിയതിനാണത്.




തുടക്കത്തിൽ, നിയാണ്ടർത്തലുകളുടെ ഡിഎൻഎ പഠിക്കാൻ ആധുനിക ജനിതക സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള സാധ്യതയിൽ പേബോ ആകൃഷ്ടനായി. എന്നാൽ, ആയിരക്കണക്കിന് വർഷം ഭൂമിക്കടിയിൽപ്പെട്ട അസ്ഥിപഞ്ജരങ്ങളുടെ അവശിഷ്ടങ്ങളായി (ഫോസിലുകൾ) മാത്രം അവശേഷിക്കുന്ന പ്രാചീന മനുഷ്യരുടെ ജനിതക തന്മാത്രകൾ വേർതിരിച്ചെടുക്കുകയെന്നത് സാങ്കേതിക വെല്ലുവിളികൾ നിറഞ്ഞതാണ്. ഒരു പോസ്റ്റ് ഡോക്ടറൽ വിദ്യാർഥിയെന്നനിലയിൽ, നിയാണ്ടർത്തലുകളിൽനിന്ന് ഡിഎൻഎ പഠിക്കുന്നതിനുള്ള രീതികൾ വികസിപ്പിച്ചെടുക്കാൻ പേബോ തുടങ്ങി. ശ്രമങ്ങൾ വിജയം കണ്ടു.

**ഗവേഷണങ്ങൾ :** പരിഷ്കരിച്ച രീതികൾ ഉപയോഗിച്ച്, 40,000 വർഷം പഴക്കമുള്ള ഒരു അസ്ഥിക്കഷണത്തിൽനിന്ന് ഡിഎൻഎ വേർതിരിച്ച് പേബോയും സംഘവും നിയാണ്ടർത്താലിന്റെ ജീനോം 2010ൽ ആദ്യമായി ക്രമപ്പെടുത്തി പ്രസിദ്ധീകരിച്ചു. ശരീരകോശങ്ങളിലെ മൈറ്റോകോൺഡ്രിയയിലുള്ള ഡിഎൻഎ തന്മാത്രകളാണ് ഇതിനായി പ്രയോജനപ്പെടുത്തിയത്. സമകാലീന മനുഷ്യരുമായും ചിമ്പൻസികളുമായും താരതമ്യപ്പെടുത്തുമ്പോൾ നിയാണ്ടർത്തലുകൾ ജനിതകപരമായി വ്യത്യസ്തരാണെന്ന് ഇതുവഴി തെളിയിക്കാനായി. താരതമ്യ വിശകലനങ്ങൾ തെളിയിച്ചത് നിയാണ്ടർത്തലുകളുടെയും ഹോമോ സാപിയൻസിന്റെയും ഏറ്റവും പുതിയ പൂർവികർ ഏകദേശം 800,000 വർഷംമുമ്പ് ജീവിച്ചിരുന്നു എന്നാണ്. പ്രധാനമായും, ഏതാണ്ട് 70,000 വർഷംമുമ്പ് ആഫ്രിക്കയിൽനിന്നുള്ള കുടിയേറ്റത്തെത്തുടർന്ന് ഇപ്പോൾ വംശനാശം സംഭവിച്ച നിയാണ്ടർത്തലുകളിൽനിന്ന് ഹോമോ സാപിയൻസിലേക്ക് ജീൻ കൈമാറ്റം നടന്നതായും സ്വാന്റേ പേബോ കണ്ടെത്തി.

# ജനകീയ ചൈന രൂപീകരണത്തിന് തൊഴിലാളി കർഷക പോരാട്ടം





എൻ. പത്മലോചനൻ

രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുമുമ്പേ ഏഷ്യയിൽ രൂപംകൊണ്ട ലോക ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പുതിയ വിഭാഗങ്ങളും അതിനൊപ്പം കൈവരിച്ച പുരോഗതിയും പരിശോധിക്കേണ്ടത് ആവശ്യമായിരിക്കുന്നു. മറ്റെല്ലാ കൊളോണിയൽ രാജ്യങ്ങളിലും എന്ന പോലെ തന്നെ ഏഷ്യൻ രാജ്യങ്ങളിലും വികസിത വ്യാവസായിക സംവിധാനങ്ങളുടെ വളർച്ചയെ പരിമിതപ്പെടുത്തുകയും തങ്ങൾക്ക് കൊള്ളലാഭമുണ്ടാക്കുന്നതിനായി പ്രാദേശിക വിപണികളെ കുത്തകവൽക്കരിക്കുകയും തൊഴിലാളികളെ പ്രധാനമായും തോട്ടങ്ങളിലെയും ഖനികളിലെയും തൊഴിലാളികളെ പരമാവധി ഞെക്കിപ്പിഴിഞ്ഞ് ചൂഷണം ചെയ്യുകയും ദുരിതം നിറഞ്ഞ തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്നും അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നതിനുള്ള അധ്വാനിക്കുന്ന ജനങ്ങളുടെ സംഘടിത ശ്രമങ്ങളെ എല്ലാം ബലം പ്രയോഗിച്ച് അടിച്ചമർത്തുകയും ചെയ്യുക എന്ന പൊതുനയം തന്നെയായിരുന്നു ബ്രിട്ടീഷ്-ഫ്രഞ്ച് -ഡച്ച് - ജാപ്പനീസ്- പോർച്ചു

ഗീസ് - അമേരിക്കൻ സാമ്രാജ്യത്ത വാഴ്ച നടപ്പാക്കിയിരുന്നത്. ഇതിന്റെ ഫലം അടിമപ്പെടുത്തപ്പെട്ട രാജ്യങ്ങളിലെ ജനങ്ങൾ വിവരണാതീതമായ ദുരിതങ്ങളും ക്ഷാമവും ചൂഷണവും അനുഭവിക്കേണ്ടതായി വരുന്നു എന്നതാണ്.

ഈ സാഹചര്യങ്ങളിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം മന്ദഗതിയിലും കടുത്ത വൈതരണികൾ നേരിട്ടും മാത്രമേ വളരൂ. തൊഴിലാളിവർഗത്തിന്റെ വളർച്ച മുരടിക്കുകയും ചല നശേഷി അല്പമാത്രമാവും ചെയ്തു. ഈ രാജ്യങ്ങളിലെ ട്രേഡ് യൂണിയനുകൾ ഏറെക്കുറെ സാർവത്രികമായ വ്യാവസായിക രൂപം കൈവരിച്ചു കഴിഞ്ഞിരുന്നു. കടുത്ത മർദ്ദന നടപടികൾ നേരിട്ടുകൊണ്ട് നടത്തുന്ന അവരുടെ പണിമുടക്കുകൾ താര തമ്യേന നിസാര ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണെങ്കിൽ പോലും പലപ്പോഴും കലാപങ്ങളുടെ സ്വഭാവം കൈവരിക്കാ റുണ്ട്. കോളനികളിലെയും അർധ കോളനികളിലെയും ട്രേഡ് യൂണിയൻ പ്രസ്ഥാനം ഉയർന്ന നിലവാരത്തിലുള്ള ദേശീയ ബോധവും വർഗബോധവും പ്രകടിപ്പിച്ചിരുന്നു.

**1917-ലെ റഷ്യൻ വിപ്ലവത്തെ തുടർന്ന് ആ രാജ്യങ്ങളിലെ തൊഴിലാളികൾ ട്രേഡ് യൂണിയൻ സംഘടനക്ക് പാകമായിക്ക ഴിഞ്ഞിരുന്നു. കോമിന്റേണിന്റെയും ആർ.ഐ.എൽ.യുവിന്റെയും അനുഭാവി കളായിരുന്നു ഏഷ്യൻ രാജ്യങ്ങളിൽ ട്രേഡ് യൂണിയനുകൾക്ക് അടിത്തറ പാകിയത്.**

ഒന്നാംലോക മഹായുദ്ധം പിടിച്ചുകുലുക്കിയ, സർവോപരി 1917ലെ റഷ്യൻ വിപ്ലവം ആവേശഭരിതരാക്കിയ ആ രാജ്യങ്ങ ളിലെ തൊഴിലാളികൾ ട്രേഡ് യൂണിയൻ സംഘടനക്ക് പാക മായിക്കഴിഞ്ഞിരുന്നു. കോമിന്റേണിന്റെയും ആർ.ഐ.എൽ. യുവിന്റെയും അനുഭാവികളായിരുന്നു ഏഷ്യൻ രാജ്യങ്ങളിൽ ട്രേഡ് യൂണിയനുകൾക്ക് അടിത്തറ പാകിയത്.

1921-ൽ രൂപീകരിക്കപ്പെട്ടതുമുതൽ തന്നെ ലെനിന്റെ നിർ ദേശപ്രകാരം ആർ.ഐ.എൽ.യു, ചൈനയിലെയും കൊറി യയിലെയും ബർമ്മയിലെയും ഇൻഡോ ചൈനയിലെയും ഏഷ്യയിലെ മറ്റ് കൊളോണിയൽ അർദ്ധ കൊളോണിയൽ രാജ്യങ്ങളിലെയും ട്രേഡ് യൂണിയൻ പ്രസ്ഥാനം വളർത്തി യെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തി.

1929 ആഗസ്റ്റിൽ ചൈനയിലെ ഹോങ്കോങ്ങിൽ അഖില പസഫിക് ട്രേഡ് യൂണിയൻ സെക്രട്ടറിയേറ്റ് സ്ഥാപിച്ചതാ യിരുന്നു ഈ വിശാലമായ ഭൂപ്രദേശത്ത് ആർഐഎൽയു കൈക്കൊണ്ട സുപ്രധാന നടപടികളിൽ ഒന്ന്. തുടർന്നുള്ള നിരവധി വർഷക്കാലം കിഴക്കനേഷ്യയിൽ ഉടനീളം ഈ സംവിധാനം സജീവമായി പ്രവർത്തിച്ചു. ഇതിന്റെ സ്ഥാപക സമ്മേളനത്തിൽ ചൈന, ഇന്ത്യ, ജപ്പാൻ, ഫിലിപ്പൈൻസ്, ഇൻഡോനേഷ്യ, കൊറിയ, ആസ്ട്രേലിയ, സോവിയറ്റ് യൂണിയൻ, ഫ്രാൻസ്, ബ്രിട്ടൻ, അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള ട്രേഡ് യൂണിയൻ പ്രതിനിധി കൾ പങ്കെടുത്തു. കൂലിയും തൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്ന തിനും വർധിച്ചുവരുന്ന യുദ്ധവിപത്തി നെ ചെറുക്കുന്നതിനും സാമ്രാജ്യത്ത കടന്നാക്രമണങ്ങളെ ചെറുത്ത് പരാജ യപ്പെടുത്തുന്നതിനും ദേശീയവും വം ശീയവുമായ മുൻവിധികളോടുകൂടിയ വേലിക്കെട്ടുകൾ തകർത്തെറിയുന്നതി നും ട്രേഡ് യൂണിയൻ ഐക്യത്തിനായി പരിശ്രമിക്കുന്നതിനും വേണ്ട പോരാ ട്ടങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള കർമ്മപരിപാടിക്ക് സമ്മേളനത്തിൽ രൂപം നൽകി.

ആർഐഎൽയുവിന്റെയും കമ്യൂ ണിസ്റ്റ് പാർടിയുടെയും നേതൃത്വത്തിൽ അതിവേഗം സംഘടിതരായിക്കൊ ണ്ടിരുന്ന തൊഴിലാളിവർഗത്തിന്റെ ശക്തിയെ ദുർബലപ്പെടുത്താനുള്ള യൂ ണിയനുകൾക്ക് രൂപം നൽകിയപ്പോൾ കൃത്യമായും അവർക്ക് ഐഎഫ്ടി യുവിന്റെയും അതാത് രാജ്യങ്ങളിൽ യൂണിയൻ പൊളിപ്പൻ പരിപാടിയിൽ ഏർപ്പെട്ടിരുന്ന സോഷ്യൽ ഡെമോക്രാ റ്റുകളുടെയും സർവവിധ പിന്തുണയും ലഭിക്കുകയുണ്ടായി.

## ചൈനീസ് ട്രേഡ് യൂണിയൻ പ്രസ്ഥാന ത്തിന്റെ മുന്നേറ്റം

ചൈനീസ് ട്രേഡ് യൂണിയൻ പ്ര സ്ഥാനം ജന്മം കൊണ്ടത് ചൈനീസ് വിപ്ലവത്തിന്റെ അഗ്നിജ്വാലയിൽ നിന്നാ യിരുന്നു. 1950-ൽ ചൈനീസ് റിപ്പബ്ലിക്ക് വിജയകരമായി സ്ഥാപിക്കപ്പെട്ടതോടെ ആയിരുന്നു അത് പൂർണ പക്വത ആർ ജിച്ചത്. അതേവരെ 25 വർഷത്തിലേറെ

ക്കാലം അത് ചൈനീസ് വിപ്ലവത്തോട് തോളോടുതോൾ ചേർന്ന് പൊരുതുകയായിരുന്നു. ചൈനയിലാദ്യമായി ഒരു പൊതുപണിമുടക്ക് നടന്നത് 1912 ഒക്ടോബറിലായിരുന്നു (റെയിൽവെ തൊഴിലാളികളുടെ പണിമുടക്ക്). ആദ്യത്തെ ദേശീയ ട്രേഡ് യൂണിയൻ (അതും റെയിൽവെ തൊഴിലാളികളുടേതായിരുന്നു) സ്ഥാപിക്കപ്പെട്ടത് 1924-ൽ ആയിരുന്നു. 1917-ലെ റഷ്യൻ വിപ്ലവത്തിന് ശേഷമായിരുന്നു വ്യാപകമായി ട്രേഡ് യൂണിയൻ രൂപം കൊള്ളാൻ തുടങ്ങിയത്. 1922-ൽ ആദ്യത്തെ ദേശീയ ട്രേഡ് യൂണിയൻ സമ്മേളനം നടന്നു. 1925 വരെ ആൾ ചൈന ഫെഡറേഷൻ ഓഫ് ലേബർ ദേശീയ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. കൂലിക്കൂടുതലിന് വേണ്ടിയും തൊഴിൽസമയം 12 മുതൽ 20 മണിക്കൂർ വരെ ആയിരിക്കുന്നത് കുറയ്ക്കുന്നതിന് വേണ്ടിയും ബാലവേലക്ക് എതിരെയും (ആറും ഏഴും വയസുള്ള കുട്ടികളെ കൊണ്ടുപോലും പണിയെടുപ്പിച്ചിരുന്നു) അവർ ഇതിനിടയ്ക്ക് തന്നെ നിരവധി സമരങ്ങൾ സംഘടിപ്പിച്ചിരുന്നു. യൂണിയനുകൾ കെട്ടിപ്പടുത്തത് വ്യാവസായിക അടിസ്ഥാനത്തിലായിരുന്നു. പ്രധാന നേതാക്കളെല്ലാം കമ്മ്യൂണിസ്റ്റുകാരായിരുന്നു.



1924-ൽ കമ്യൂണിസ്റ്റ് പാർടിയും മഹാനായ ചൈനീസ് ബൂർഷ്വാ വിപ്ലവകാരി സൺ യാത് സെന്നിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന കൂലിക്കാരും ചേർന്ന് ഐക്യമുന്നണി രൂപീകരിക്കുകയും രാജ്യത്താകെ റിപ്പബ്ലിക്ക് സ്ഥാപിക്കുന്നതിനായി പിന്തിരിപ്പൻ ഫ്യൂഡൽ യുദ്ധപ്രഭുക്കൾക്ക് എതിരായി സായുധ സമരം ആരംഭിക്കുകയും ചെയ്തു. 1925 ജൂണിനും 1926 ഒക്ടബോറിനും ഇടയ്ക്ക് നടന്ന 2.50 ലക്ഷം തൊഴിലാളികൾ പങ്കെടുത്ത ഹോങ്കോംഗിലെയും കാൻഡബറിയിലെയും വലിയ പണിമുടക്കുകളായിരുന്നു ജനകീയ പ്രക്ഷോഭങ്ങളിൽ പ്രധാനം. പിന്നീട് നടന്നത് 1927 ഫെബ്രുവരിയിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടെയും ലോഹ തൊഴിലാളികളുടെയും മറ്റും ഷാങ് ഹായിലെ വമ്പിച്ച പൊതു പണിമുടക്കായിരുന്നു. പ്രശസ്തമായ ഈ പണിമുടക്കിൽ ഉന്നയിക്കപ്പെട്ടത് പ്രാഥമികമായി നിരവധി സാമ്പത്തിക ആവശ്യങ്ങൾ ആയിരുന്നെങ്കിലും ബ്രിട്ടീഷുകാരും ജപ്പാൻകാരും ഉൾപ്പെടെയുള്ള വിദേശ സാമ്രാജ്യത്ത ശക്തികൾ ചൈനയിൽ ആധിപത്യം സ്ഥാപിക്കുന്നതിന് എതിരായ ജനങ്ങളുടെ ദൃഢനിശ്ചയമാണ് അതിൽ പ്രതിഫലിച്ചത്. ഈ പണിമുടക്കം രാജ്യമാകെ പടർന്ന് നിരവധി മാസം നീണ്ടുനിന്നു. പല കാര്യങ്ങളിലും തൊഴിലാളികൾക്ക് ഗണ്യമായ നേട്ടം കൈവരിക്കാനും തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും ഇടയാക്കി. 1927 ജൂൺ 19-ന് ഹോങ്കോങ്ങിൽ ചേർന്ന ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ നാലാം കോൺഗ്രസ് കാലമായപ്പോൾ ദേശീയമായി മൊത്തം മെമ്പർഷിപ്പ് 28 ലക്ഷം കവിഞ്ഞു.

നിരവധി കർഷക തൊഴിലാളികളും ഇതിൽ ഉൾപ്പെട്ടിരുന്നു. ആ സന്ദർഭത്തിൽ കർഷക സംഘടനകൾക്ക് 95 ലക്ഷം മെമ്പർഷിപ്പ് ഉണ്ടായിരുന്നു. 1927ൽ ചൈനയിൽ 27.50 ലക്ഷം വ്യവസായ തൊഴിലാളികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. സോവിയറ്റ് യൂണിയന്റെ സുഹൃത്തും ലിബറൽ ജനാധിപത്യവാദിയുമായ സൺ യാത് സെൻ 1925 മാർച്ചിൽ മരിച്ചു. അതിനുശേഷം തൊഴിലാളികളുടെയും കർഷകരുടെയും വിപ്ലാവാവേശത്തിൽ പരിഭ്രാന്തരായ പിന്തിരിപ്പന്മാർ പ്രതിവിപ്ലവത്തിന് ഗൂഢാലോചന നടത്തി. അതിനെ ത്തുടർന്ന് 1927 ഏപ്രിൽ മാസത്തിൽ വൻകിട ഭൂപ്രഭുക്കന്മാരുടെയും പണമിടപാടുകാരുടെയും വിദേശ സാമ്രാജ്യത്ത ശക്തികളുടെയും ഏജന്റായിരുന്ന ചിയാങ് കൈഷക്ക് ഒരു കലാപം



സംഘടിപ്പിക്കുകയും സൈന്യത്തിന്റെ നിയന്ത്രണം പിടിച്ചെടുക്കുകയും കമ്യൂണിസ്റ്റ് പാർടിക്കും ട്രേഡ് യൂണിയനുകൾക്കും കർഷക സംഘടനകൾക്കും എതിരെ നിഷ്ഠൂരമായ ഭീകരത അഴിച്ചുവിടുകയും പതിനായിരക്കണക്കിന് തൊഴിലാളികളെയും കർഷകരെയും വെടിവച്ച് കൊല്ലുകയോ മാന്ദ്യകാലഘട്ടത്തിലെ പൈശാചികതയെ അനുസ്മരിപ്പിക്കുംവിധം ഇഞ്ചിഞ്ചായി കൊല്ലുകയോ ചെയ്തു. ബോബ് ചെയ്ത തലമുടികളോടു കൂടിയ പെൺകുട്ടികളെ തീവ്രവാദത്തിന്റെ പ്രതിനിധികളായി പരിഗണിച്ച്, ലഘുലേഖകൾ വിതരണം ചെയ്തവരെ കഴുത്തറത്തു കൊന്നു. കമ്യൂണിസ്റ്റുകാരെ കഴുത്തറത്തുകൊല്ലുകയോവെട്ടിനുറുക്കുകയോ ചെയ്തു. 1927 കാലത്ത് ചിയാങ്ങിന്റെ

കൊലയാളികൾ 37,985 തടവുകാരെ കശാപ്പ് ചെയ്തു. 1928ലെ ആദ്യപകുതിയിൽ മറ്റൊരു 7930 പേരെക്കൂടി കൊന്നു. ഈ ഞെട്ടിക്കുന്ന നിഷ്ഠൂര സംഭവങ്ങൾക്കെതിരെ ലോകത്താകമാനമുള്ള പുരോഗമന ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ പ്രതിഷേധിച്ചു.



ചിയാങ് കൈഷക്ക്

1931-നു ശേഷം മഹാനായ മാവോ സെ തുങ്ങിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികളും കർഷകരും ദേശീയ വിമോചനത്തിനും സ്വാതന്ത്ര്യത്തിനുമായി സുദീർഘമായ യുദ്ധങ്ങൾ നടത്തി. 1927 മുതൽ 1936 വരെ ചിയാങ്ങിനെതിരെയും 1936 മുതൽ 1945 വരെ ജപ്പാൻകാർക്ക് എതിരെയും 1945 മുതൽ 1950ൽ വിജയം വരിക്കുന്നതുവരെയും ചിയാങ് സേനയ്ക്ക് എതിരേയും ആയിരുന്നു പോരാട്ടം. ക്രമേണ ജനകീയ സേന വിമോചിതമേഖലകൾ കെട്ടിപ്പടുത്തു. രണ്ടാം ലോകയുദ്ധത്തിന്റെ അന്ത്യമായപ്പോൾ 9 കോടി ആളുകൾ അധിവസിക്കുന്നതായിരുന്നു ഈ വിമോചിതമേഖല. ചൈനയുടെ ഈ പ്രദേശത്ത് ചൈനയിലെ യഥാർത്ഥ ട്രേഡ് യൂണിയൻ പ്രസ്ഥാനം പ്രവർത്തിക്കുകയും ചെയ്തു.



ജനകീയ ചൈനയുടെ രൂപീകരണ പ്രഖ്യാപനം മാവോ സെ തുങ്ങ് നടത്തുന്നു.




ചൈനയ്ക്ക് കുറുകെ നടത്തിയ 3000 മയിൽ നീണ്ട ഐതിഹാസികമായ ലോങ്മാർച്ച് ആ പോരാട്ടത്തിൽ ശ്രദ്ധേയമായിരുന്നു. യഥാർത്ഥത്തിൽ ഈ 25 വർഷക്കാലം ചൈനയിലെ വൻനഗരങ്ങളും റയിൽവേയും ചിയാങിന്റെയും കൂമിന്താങിന്റെയും ജപ്പാൻ സേനയുടേയും പിടിയിലായിരുന്നു. എന്നാൽ അധിനിവേശ മേഖലയിൽ കമ്മ്യൂണിസ്റ്റുകാർ രഹസ്യമായി ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തിയിരുന്നു. അഖില ചൈനാ തൊഴിലാളി ഫെഡറേഷൻ 5മത് ദേശീയ കൺവൻഷൻ 1929 നവംബറിൽ ക്രൂരമായ ചിയാങിന്റെ ഭീകരതയുടെ നടുവിൽ ഷാങ്ഹായിൽ വച്ച് രഹസ്യമായ ചേർന്നിരുന്നു. എന്നാൽ വ്യവസായങ്ങൾ തീരെ ചെറുതും തൊഴിലാളികൾ ചെറുതുമായിരുന്ന വിദൂരദേശങ്ങളിലായിരുന്നു വിപ്ലവസമരങ്ങൾ ഏറെയും സംഘടിപ്പിച്ചിരുന്നത്.

# ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയന് ചരിത്രവിജയം

ബിഎസ്എൻഎൽ മേഖലയിലെ അംഗീകൃത യൂണിയനെ തെരഞ്ഞെടുക്കുന്നതിനുള്ള ഹിതപരിശോധനയിൽ ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയന് തുടർച്ചയായ എട്ടാം ജയം. കേരളത്തിൽ ആകെയുള്ള 1688 വോട്ടിൽ 1198 വോട്ട് നേടി ഒന്നാമതായി. ബിഎംഎസ് സംഘടന 153 വോട്ടും എൻഎഫ്ടിഇ 149 വോട്ടും നേടി. ഐഎൻടിയുസി സംഘടനയായ എഫ്എൻടിഒ 111 വോട്ടോടെ നാലാമതായി.

അഖിലേന്ത്യാതലത്തിൽ ആകെയുള്ള 31,735 വോട്ടിൽ 15,201 (47.89 ശതമാനം) വോട്ടോടെ ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ പ്രധാന അംഗീകൃത യൂണിയനായി. 11,244 (35.4 ശതമാനം) വോട്ടോടെ എൻഎഫ്ടിഇ രണ്ടാമതായി. മറ്റ് സംഘടനകൾക്ക് അംഗീകാരം നേടാനായില്ല.

കേന്ദ്രസർക്കാരിന്റെ പൊതുമേഖലാവിരുദ്ധ നയങ്ങൾക്കെതിരായുള്ള പോരാട്ടത്തിന്റെ വിജയമാണിതെന്ന് ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. യൂണിയനെ പ്രധാന അംഗീകൃത യൂണിയനായി തെരഞ്ഞെടുത്ത ജീവനക്കാരെ സംസ്ഥാന സെക്രട്ടറി എം വിജയകുമാർ അഭിവാദ്യം ചെയ്തു.

# രാജ്യത്ത് 5ജി
## 4ജി പോലും ഇല്ലാതെ ബിഎസ്എൻഎൽ

സ്വകാര്യ ടെലികോം കമ്പനികൾ 5ജി-യിലേക്ക് ചുവടുവച്ചപ്പോൾ, 22-ാം വാർഷികവേളയിലും 4ജിയിലേക്ക് എത്താനാകാതെ കിതച്ച് ബിഎസ്എൻഎൽ. കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബിഎസ്എൻഎൽ 4ജി ഉദ്ഘാടനംചെയ്യുമെന്ന കേന്ദ്രസർക്കാർ പ്രഖ്യാപനവും പാഴ്വാക്കായി. ഡിസംബറോടെ രാജ്യവ്യാപകമാകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അടിസ്ഥാന അനുമതിപോലുമായിട്ടില്ല.

വിദേശകമ്പനികളുടെ 4ജി ഉപകരണങ്ങൾ വാങ്ങാനും അനുവാദമില്ല. 2021 ഡിസംബർ 31നുമുമ്പ് 4ജി നടപ്പാക്കാൻ വേണ്ട 'പ്രൂഫ് ഓഫ് കൺസെപ്റ്റ്', ടാറ്റ ടെലി സർവീസ്കേന്ദ്രസർക്കാരിന് നൽകേണ്ടതായിരുന്നു. 6000 4ജി സൈറ്റുകൾ വാങ്ങാനുള്ള പർച്ചേസ്ഓർഡറും ടിസിഎസ് സ്വീകരിച്ചിട്ടില്ല.

സ്വകാര്യ കമ്പനികൾ നഷ്ടം നികത്താനുള്ള എളുപ്പവഴിയായി 5ജിയെ കാണുന്നു. ഗൂഗിൾ, സിസ്കോ, എറിക്സൺ കമ്പനികൾ 5ജി വാങ്ങാനും തയ്യാറാണ്. ഒമ്പത് ഫ്രീക്വൻസി ബ്രാൻഡിലായി 4.3 ലക്ഷം കോടി രൂപയുടെ സ്പെക്ട്രമാണ് വിൽക്കുന്നത്. 25 നഗരങ്ങളിൽ ഉടൻ 5ജി ആരംഭിക്കുമെന്നാണ് ടെലികോംമന്ത്രി പറഞ്ഞത്. 1000 പട്ടണങ്ങളിൽ സേവനം ആരംഭിക്കുമെന്ന് റിലയൻസ് ജിയോയും പ്രഖ്യാപിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നെറ്റ്വർക്ക്, മെഷീൻ ടു മെഷീൻ ടെക്നോളജി, ഇന്റർനെറ്റ് ഓഫ് തിങ്സ് എന്നിവ 5ജിയിലൂടെ സാധ്യമാകും. ഇവിടെയാണ് ബിഎസ്എൻഎൽ കളത്തിന് പുറത്താകുന്നത്.

5ജിയുടെ പശ്ചാത്തലവികസനത്തിനുവേണ്ട ഏഴുലക്ഷം കിലോമീറ്റർ ഒപ്ടിക്കൽ ഫൈബർ കേബിളുകൾ വിന്യസിച്ച ഏക ടെലികോം കമ്പനിയാണ് ബിഎസ്എൻഎൽ. ഇതിൽ 2.86 ലക്ഷം കിലോമീറ്റർ കേബിളും 14,917 ടവറുകളും 35,000 കോടി രൂപയ്ക്ക് പാട്ടത്തിന് കൊടുക്കാൻ കേന്ദ്രം തീരുമാനിച്ചു. ഈ ഘട്ടത്തിലാണ് സ്വകാര്യ കമ്പനികൾ 5ജി ആരംഭിക്കുന്നത്.

# കേരളത്തിൽ ശൈശവ വിവാഹം 0.0% കേന്ദ്രസർവ്വേ

ശൈശവവിവാഹം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമെന്ന് കേന്ദ്രസർക്കാർ സർവേ. ആഭ്യന്തര മന്ത്രാലയത്തിന്റെ ഡെമോഗ്രാഫിക് സാമ്പിൾ സർവേ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 0.0 ശതമാനമാണ് ശൈശവ വിവാഹം. ഉത്തരേന്ത്യൻ സംസ്ഥാനമായ ജാർഖണ്ഡാണ് പട്ടികയിൽ മുന്നിൽ 5.8 ശതമാനം. ഇവിടെ ഗ്രാമങ്ങളിൽ കുറച്ചുകൂടി രൂക്ഷമാണ് സ്ഥിതി. 7.3 ശതമാനം പെൺകുട്ടികൾ ഈ ചതിക്ക് ഇരയാകുന്നുണ്ട്. ദേശീയ ശരാശരിയും (1.9) കൂടുതലാണ്.

ഇരുപത്തൊന്ന് വയസ്സാകും മുമ്പേ പകുതിയിൽ കൂടുതൽ പെൺകുട്ടികളും വിവാഹിതരാകുന്ന സംസ്ഥാനമെന്ന നാണക്കേടിലും ജാർഖണ്ഡുണ്ട് (54.6). ഇതിൽ പശ്ചിമ ബംഗാളാണ് ഏറ്റവും മുന്നിൽ (54.9). ദേശീയ ശരാശരി 29.5 ആണ്. പ്രായപൂർത്തിയാകും മുമ്പ് വധുവാകേണ്ടിവന്നവർ എറ്റവും കൂടുതലുള്ളത് യുപിയിലാണെന്ന് യുനിസെഫിന്റെ പഠനവും പറയുന്നു.

ശൈശവ വിവാഹം ഇല്ലാതാക്കാൻ വിവിധ തലത്തിൽ നിരവധി പ്രവർത്തനമാണ് കേരളം നടത്തുന്നത്. വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ പതിനായിരക്കണക്കിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാ ശിശുവികസന പദ്ധതി ഓഫീസർമാർ, അങ്കണവാടി പ്രവർത്തകർ എന്നിവരെ നിയോഗിച്ച് ശൈശവവിവാഹം തടയാനുള്ള ഇടപെടലും നിരന്തരം നടത്തിവരുന്നു. ഇതിന്റെയും രാഷ്ട്രീയമായും വിദ്യാഭ്യാസരംഗത്തുള്ള മുന്നേറ്റത്തിന്റെയും പ്രതിഫലനമാണ് കേരളത്തിന്റെ നേട്ടത്തിനു പിന്നിൽ.

# ദ്വിദിന നാഷണൽ ലേബർ കോൺഫ്രൻസിൽ തൊഴിലാളി യൂണിയനുകൾ പുറത്ത്

### 2015ന് ശേഷം ത്രികക്ഷി ഇന്ത്യൻ ലേബർ കോൺഫ്രൻസ് ചേർന്നിട്ടില്ല

സിഐടിയു 2022 ആഗസ്ത് 26ന് പുറത്തിറക്കിയ ശക്തമായ പ്രസ്താവനയിൽ കേന്ദ്രസർക്കാരിന്റെ തൊഴിലാളി ദ്രോഹ നയങ്ങളുടെ പേരിൽ ജനങ്ങളെ വഴിതെറ്റിക്കാനും ആശയക്കുഴപ്പത്തിലാക്കാനുമുള്ള ഗൂഢപദ്ധതിയെ രൂക്ഷമായി വിമർശിച്ചു. നാഷണൽ ലേബർ കോൺഫ്രൻസ് എന്നു പേരിട്ട് തിരുപ്പതിയിൽ സംഘടിപ്പിച്ച മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും കോൺക്ലേവിനെക്കുറിച്ചാണ് മാധ്യമങ്ങളെ ഉപയോഗിച്ച് തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നത്.

സംസ്ഥാനങ്ങളിലെ മന്ത്രിമാരും കേന്ദ്ര തൊഴിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത ഈ കോൺക്ലേവിനെ ഒരു തരത്തിലും നാഷണൽ ലേബർ കോൺഫ്രൻസ് എന്നു വിശേഷിപ്പിക്കാൻ ആകില്ല. കാരണം തൊഴിലിന്റെ ലോകത്തെ ഏറ്റവും പ്രധാന ശക്തിയായ തൊഴിലാളികളെയും അവരുടെ യൂണിയനുകളെയും പങ്കെടുപ്പിക്കാതെയാണ് കോൺക്ലേവ് ചേർന്നത്.

തിരുപ്പതി കോൺക്ലേവിനെ മന്ത്രിമാരും പ്രധാനമന്ത്രിയും പങ്കെടുത്ത നാഷണൽ ലേബർ കോൺഫ്രൻസായി ഉയർത്തിക്കാണിക്കുന്നതിന് പിന്നിൽ സർക്കാരിന്റെ ഒരു പ്രധാന പരാജയം മൂടിവയ്ക്കാനുള്ള തന്ത്രമാണ്. 2015ന് ശേഷം ഏഴു വർഷമായി നടക്കാത്ത ത്രികക്ഷി ഇന്ത്യൻ ലേബർ കോൺഫ്രൻസ് വിളിച്ചു ചേർക്കുന്നതിലുള്ള വൈമുഖ്യവും പരാജയവും മറച്ചുവയ്ക്കാനായിരുന്നു ഈ അഭ്യാസം. ഓരോ വർഷം നടത്തേണ്ട ഐഎൽസിയാണ് ഏഴു വർഷമായി മുടങ്ങിയിരിക്കുന്നത്.

പരാജയം മൂടിവയ്ക്കാൻ കേന്ദ്രസർക്കാർ നടത്തിയ പുതിയ

> 'മിനിമം കൂലി, തൊഴിൽ സുരക്ഷ, സാമൂഹ്യ സുരക്ഷ, ആരോഗ്യ സുരക്ഷ എന്നീ കാര്യങ്ങളിൽ തൊഴിലാളികളെ ശാക്തീകരിക്കുമെന്ന് ഉറപ്പു വരുത്താൻ ലേബർ കോഡുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന പ്രധാനമന്ത്രിയുടെ അവകാശ വാദം സത്യത്തിന് നിരക്കുന്നതല്ല. തൊഴിൽ സാഹചര്യത്തിൽ കൂടുതൽ അയവുണ്ടായി എന്ന പ്രധാനമന്ത്രിയുടെ വാചകമടി വസ്തുതകൾ മറച്ചു വയ്ക്കാനുള്ള ഗൂഢപദ്ധതിയാണ്.

അഭ്യാസങ്ങൾ വസ്തുതാപരമല്ല, മറിച്ച് തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് താനും. രാജ്യത്തിനു വേണ്ടി സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളികളുടെ അവസ്ഥയെയും അവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതിനെയും കുറിച്ച് ഭരണ സംവിധാനത്തിലെ ഏറ്റവും ഉയർന്ന വ്യക്തി തന്നെയാണ് തെറ്റിദ്ധാരണാ ജനകമായ പ്രസ്താവന ഇറക്കിയത്.

ഈ തൊഴിലാളികൾ വാസ്തവത്തിൽ വിരലിലെണ്ണാവുന്ന കോർപറേറ്റുകളുടെ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കയാണെന്നും. അവർ അടിമസമാനമായ അവസ്ഥയിലേക്ക് പതിച്ചിരിക്കുന്നുവെന്നുമുള്ള വസ്തുതകൾ മറച്ചുവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

'അടിമകാലത്തു നിലനിന്ന നിയമങ്ങൾ ഇല്ലാതാക്കുകയാണ്' ലേബർ കോഡുകൾ നടപ്പാക്കുന്നതിന്റെ ലക്ഷ്യമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. എന്നാൽ വസ്തുതകൾ ഇതിന് കടകവിരുദ്ധമാണ്. ഭീകരമുഖമുള്ള ഈ ലേബർ കോഡുകൾ മഹാമാരിക്കാലത്തു തന്നെ അടിച്ചേൽപ്പിച്ചത് പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെയാണ്. ലേബർ കോഡുകളുടെ യഥാർഥ ലക്ഷ്യം 29 തൊഴിൽ നിയമങ്ങളിലൂടെ തൊഴിലാളികൾക്ക് ലഭ്യമായിരുന്ന അവകാശങ്ങൾ അട്ടിമറിക്കാനാണ്.

തൊഴിലാളികളെയാകെ അടിമസമാനമായ സാഹചര്യത്തിലേക്ക് തള്ളിവിടുന്നതിനും തൊഴിലുടമകൾക്ക് കൂടുതൽ അധികാരം നൽകുന്നതിനും വേണ്ടിയാണ് കേന്ദ്രസർക്കാർ പ്രതികാര ബുദ്ധിയോടെ ലേബർ കോഡുകൾ നടപ്പാക്കിയത്.

നാല് ലേബർ കോഡിന്റെയും കാതലായ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് പരിധികൾ ഇല്ലാത്ത അധികാരം നൽകിയതിലൂടെ ജനാധിപത്യപരമായ നിയമനിർമാണ പ്രക്രിയയെ ചവിട്ടി മെതിച്ചിരിക്കയാണ്. നിരവധി പരിമിതികളും പഴുതുകളും ഉണ്ടെങ്കിലും റദ്ദാക്കപ്പെട്ട 29 തൊഴിൽ നിയമങ്ങളും നടപ്പാക്കപ്പെട്ടതും ഭേദഗതി ചെയ്യപ്പെട്ടതും തൊഴിലാളികൾ നടത്തിയ നിരന്തര പോരാട്ടങ്ങളുടെ ഫലമായാണ്. മിനിമം കൂലി, തൊഴിൽ സുരക്ഷ, തൊഴിലിടങ്ങളിലെ സുരക്ഷിതത്വം, കുടിയേറ്റ തൊഴിലാളികളുടെ ആവശ്യങ്ങൾ തുടങ്ങിയ വിഷയങ്ങളിലെ നിയമപരമായ അടിസ്ഥാന അവകാശങ്ങൾ നേടാൻ വേണ്ടിയും സംഘടിക്കാനും കൂട്ടായി വില

പേശാനും ഉള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയും ആയിരുന്നു പോരാട്ടങ്ങൾ.

ഇതു സംബന്ധിച്ച എല്ലാ അവകാശങ്ങളിലും ആനുകൂല്യങ്ങളിലും പുതിയ ലേബർ കോഡുകൾ വെള്ളം ചേർത്തിരിക്കുന്നു. ഈ നടപടി സ്വകാര്യ കോർപറേറ്റുകൾക്കും വൻകിട ബിസിനസ് ഗ്രൂപ്പുകൾക്കും നേട്ടം കൊയ്യാൻ വേണ്ടിയാണ്.

'മിനിമം കൂലി, തൊഴിൽ സുരക്ഷ, സാമൂഹ്യ സുരക്ഷ, ആരോഗ്യ സുരക്ഷ എന്നീ കാര്യങ്ങളിൽ തൊഴിലാളികളെ ശാക്തീകരിക്കുമെന്ന് ഉറപ്പു വരുത്താൻ ലേബർ കോഡുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന പ്രധാനമന്ത്രിയുടെ അവകാശ വാദം സത്യത്തിന് നിരക്കുന്നതല്ല. തൊഴിൽ സാഹചര്യത്തിൽ കൂടുതൽ അയവുണ്ടായി എന്ന പ്രധാനമന്ത്രിയുടെ വാചകമടി വസ്തുതകൾ മറച്ചു വയ്ക്കാനുള്ള ഗൂഢപദ്ധതിയാണ്. നിയമപരമായ തൊഴിൽ സമയം, മിനിമം കൂലി, സാമൂഹ്യ സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ തൊഴിലുടമകൾക്ക് ഉണ്ടായിരിക്കേണ്ട എല്ലാ ബാധ്യതകളും കോർപറേറ്റ് ശക്തികൾക്ക് വേണ്ടി ഇളവ് ചെയ്യു എന്നതാണ് വാസ്തവം. ഇത് തൊഴിലിടങ്ങളിൽ അടിമപ്പണിക്ക് തുല്യമായ സാഹചര്യം ഒരുക്കും.

സ്ത്രീ തൊഴിലാളികളുടെ അവകാശം, അവർക്കുള്ള അവസരങ്ങൾ എന്നിവയെക്കുറിച്ച് വാചാലനായ പ്രധാനമന്ത്രി അംഗൺവാടി, മിഡ് ഡേ മീൽ, ആഷ തുടങ്ങിയ സ്കീമുകളിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് സ്ത്രീ തൊഴിലാളികളുടെ നിയമപരമായ മിനിമം കൂലി, സാമൂഹ്യ സുരക്ഷ എന്നിവയുടെ കാര്യത്തിൽ ഇന്ത്യൻ ലേബർ കോൺഫ്രൻസ് ഏകകണ്ഠമായി നൽകിയ ശുപാർശകൾ നടപ്പാക്കുന്ന കാര്യത്തിൽ ലജ്ജാകരമായ മൗനം പാലിക്കുകയാണ്.

രാജ്യമാകെ വിവിധ സെക്ടറുകളിൽ തൊഴിലിൽ സ്ത്രീ പ്രാതിനിധ്യം കുറയുന്നത് ശ്രദ്ധിക്കാനോ ഈ പ്രവണത തടയാനോ സർക്കാർ ശ്രദ്ധിക്കുന്നില്ല. കാപട്യത്തിന്റെ പ്രദർശനമാണ് തിരുപ്പതിയിൽ നടന്നത്.

ഒരു കാരണവും ഇല്ലാതെയല്ല നാല് ലേബർ കോഡുകൾ പിൻവലിക്കണം എന്ന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെടുന്നത്. തൊഴിലിടങ്ങളിൽ അടിമത്തം അടിച്ചേൽപ്പിക്കാൻ വേണ്ടിയുള്ള കോർപറേറ്റ് യജമാനന്മാരുടെ ഗൂഢ പദ്ധതികളെ തൊഴിലാളി വർഗ്ഗം കൂട്ടായി ചെറുത്ത് തോൽപ്പിക്കണം.

# ഗാർഹിക തൊഴിലാളികളുടെ ദേശീയ കൺവൻഷൻ

സെപ്തംബർ 20നും 21നുമായ ന്യൂ ഡൽഹി ബിടിആർ ഭവനിൽ സിഐടിയു ഗാർഹിക തൊഴിലാളികളുടെ ദേശീയ കൺവൻഷൻ സംഘടിപ്പിച്ചു. 2022 ഡിസംബർ ഒന്ന് ദേശീയ അവകാശദിനമായി ആചരിക്കാൻ കൺവൻഷൻ ആഹ്വാനം ചെയ്തു. മിനിമം വേതനം, ആഴ്ചയിൽ ഒരു ദിവസം അവധി തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് അടിമത്തത്തിനെതിരായ അന്താരാഷ്ട്ര ദിനമാചരിക്കുന്ന ഡിസംബർ ഒന്നിന് അവകാശദിനമാചരിക്കാൻ തീരുമാനിച്ചത്.

ഗാർഹിക തൊഴിലാളികളുടെ തൊഴിൽ സ്വഭാവം, സാഹചര്യം, കുറഞ്ഞ വേതനം, സാമൂഹ്യ സുരക്ഷയില്ലായ്മ, അവധിയില്ലായ്മ, ആനുകൂല്യങ്ങളില്ലായ്മ, തൊഴിലിടത്തിൽ നേരിടുന്ന വേർതിരിവ് തുടങ്ങിയ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയ കരട് രേഖ കിരിൺ മോർഖേ അവതരിപ്പിച്ചു. സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ, പാർപ്പിടത്തിന്റെ അഭാവം, ഉയർന്ന വാടക, കുടിവെള്ളത്തിന്റെയും ടോയ്‌ലറ്റിന്റെയും അഭാവം, താങ്ങാനാവാത്ത ഗതാഗത നിരക്ക്, മോശം ആരോഗ്യസ്ഥിതി, വീടുകളിൽ നേരിടുന്ന അക്രമം എന്നിവയെക്കുറിച്ചും ആപ്പ് അധിഷ്ഠിത ക്ലീനിങ് സേവനം, യന്ത്രവൽക്കരണം, വനിതകൾക്കിടയിലെ തൊഴിലില്ലായ്മ എന്നിവ ഗാർഹിക തൊഴിലാളികളെ എങ്ങനെ ബാധിക്കുമെന്നും രേഖയിൽ പരാമർശിക്കുന്നുണ്ട്.

ഗാർഹിക തൊഴിലാളികളെ തൊഴിലാളികളായി അംഗീകരിച്ചുള്ള നിയമം കൊണ്ടുവരാനും, തൊഴിൽ സാഹചര്യം, സാമൂഹ്യ സുരക്ഷ എന്നിവ മെച്ചപ്പെടുത്താനും കേന്ദ്ര സർക്കാരിനാവുന്നില്ല. കേന്ദ്രത്തിന്റെ പുതിയ ലേബർ കോഡിൽ ഗാർഹിക തൊഴിലാളികളെ അവഗണിച്ചിരിക്കുകയാണ്. വേജ് കോഡിൽ ഇവരെ കുറിച്ചുള്ള പരാമർശമില്ലെന്നും രേഖയിൽ പറയുന്നു. മേഖലയിൽ സിഐടിയുവിന്റെ ഇടപെടലുകളും നേരിടുന്ന വെല്ലുവിളികളും രേഖയിലുണ്ട്.

ത്രിപുരയിൽ നിന്നുള്ള നിലഞ്ജന റോയ് അവകാശപത്രികയുടെ കരട് രേഖ അവതരിപ്പിച്ചു. പ്രതിനിധികൾ സംഘമായി തിരിഞ്ഞ് ഗ്രൂപ്പ് ചർച്ച നടത്തി. ചർച്ചയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 15 പേർ സംസാരിച്ചു. ത്രിപുര, പശ്ചിമ ബംഗാൾ എന്നിവടങ്ങളിലുള്ളവർ ആ സംസ്ഥാനങ്ങളിലെ രാഷ്ട്രീയ സാഹചര്യം മൂലം അവർ നേരിടുന്ന വെല്ലുവിളികൾ ചർച്ചയിൽ ഉയർത്തിക്കാട്ടി. കേരളത്തിലെ എൽഡിഎഫ് സർക്കാർ ഗാർഹിക തൊഴിലാളികൾക്കായി നിലകൊള്ളുന്നുവെന്നും അവരുടെ അവശ്യങ്ങൾകേൾക്കുന്നുണ്ടെന്നും ചർച്ചയിൽ അഭിപ്രായമുയർന്നു. കോവിഡ് മഹാമാരിക്ക് ശേഷമുണ്ടായ തൊഴില്ലില്ലായ്മ, നഗര തൊഴിലുറപ്പ് നിയമത്തിന്റെ ആവശ്യകത എന്നിവയെ കുറിച്ചും ചർച്ചയുണ്ടായി. കിരൺ മോഖേ കൺവീനറായും സെൽവി, ഇന്ദ്രജിത്ത് ഘോഷ് എന്നിവർ ജോയിന്റ് കൺവീനർമാരായും 32 അംഗ ഗാർഹിക തൊഴിലാളി അഖിലേന്ത്യ കോർഡിനേഷൻ കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു.

# സ്കീം തൊഴിലാളികളുടെ ആവശ്യങ്ങൾ

സ്കീം തൊഴിലാളികളുടെ ആവശ്യങ്ങൾ ആവർത്തിക്കുന്നതിനൊപ്പം സിഐടിയു കേന്ദ്ര തൊഴിൽ മന്ത്രിക്ക് 2022 ആഗസ്ത് 23ന് ഒരു നിവേദനം നൽകുകയും ചെയ്തു. 2022 ആഗസ്ത് 2526 തീയതികളിൽ തിരുപ്പതിയിൽ നടക്കുന്ന സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും തൊഴിൽ മന്ത്രിമാരുടെ സമ്മേളനമായ നാഷണൽ ലേബർ കോൺഫറൻസിന്റെ അപര്യാപ്തമായ കാര്യപരിപാടികളുടെ പശ്ചാത്തലത്തിലാണ് സിഐടിയു നിവേദനം നൽകിയത്.

സ്ത്രീകൾ നേരിടുന്ന സുപ്രധാന പ്രശ്നങ്ങൾ സമ്മേളനത്തിന്റെ കാര്യപരിപാടിയിൽ ഇടം കണ്ടിട്ടില്ല. അംഗൻവാടി, ആഷ തൊഴിലാളികളുടെ പ്രശ്നത്തിൽ ജോയിന്റ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിന്റെ ക്ഷണക്കത്ത് ചില ട്രേഡ് യൂണിയനുകൾക്കു മാത്രമാണ് ലഭിച്ചത്.

ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ 45ാം ത്രികക്ഷി സമ്മേളനത്തിൽ അംഗൻവാടി, ആഷ, മിഡ്ഡേ, എൻസിഎൽപി തുടങ്ങിയ സ്കീം തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ഇവരെ തൊഴിലാളികളായി അംഗീകരിക്കണമെന്നും മിനിമം വേതനം നൽകണമെന്നും പിഎഫും ഇഎസ്ഐ തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും ആവശ്യപ്പെടുന്ന ഏകകണ്ഠമായ ശുപാർശ 2013ൽ തന്നെ മുന്നോട്ടുവയ്ക്കുകയും ചെയ്തതാണ്. 46ാം ഐഎൽസി യോഗത്തിൽ ഈ ശുപാർശകൾ ശരിവച്ചു. എന്നിട്ടും സ്കീം തൊഴിലാളികളുടെ, പ്രത്യേകിച്ച് അവർക്ക് മിനിമം വേതനം ലഭിക്കാത്തത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. തൊഴിലിടങ്ങളിലെ സുരക്ഷ, അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം, തുല്യവേതനം, മിനിമം വേതനം, പെൻഷൻ, സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ, ജിഗ് ഇക്കോണിമി തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ സ്ഥാനം പിടിച്ചിട്ടേയില്ല. സിഐടിയു നൽകിയ അവകാശ പത്രികയിൽ സ്കീം തൊഴിലാളികളുടെ ചില സുപ്രധാന പ്രശ്നങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്.

## അംഗൻവാടി തൊഴിലാളികൾ, ഹെൽപ്പേഴ്സ്, മിനി വർക്കേഴ്സ്

വിമൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റ് മന്ത്രാലയത്തിനു കീഴിൽ അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും മിനി വർക്കർമാരുമായി ഏതാണ്ട് 27 ലക്ഷം സ്ത്രീകൾ തൊഴിലെടുക്കുന്നു. ഇവർക്ക് ഓണറേറിയം എന്ന പേരിൽ തുച്ഛമായ വേതനമാണ് നൽകുന്നത്. യഥാക്രമം 4500, 2,250, 3500 എന്നിങ്ങനെ. ഇത് മിനിമം വേതനത്തെക്കാൾ എത്രയോ കുറവാണ്. ഒരേ തൊഴിലെടുക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികളുടെ വേതനവും വ്യത്യസ്തമാണ്.

സിഐടിയുവിൽ അഫിലിയേറ്റ് ചെയ്ത് ഗുജറാത്ത് അംഗൻവാടി കർമചാരി സംഘടന നൽകിയ ഹർജിയിൽ 2022 ഏപ്രിൽ 25ന് സുപ്രിംകോടതി നൽകിയ ഉത്തരവ് കത്തിൽ പരാമർശിക്കുന്നുണ്ട്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 1972ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റിവിറ്റി ആക്ട് പ്രകാരം മുൻകാല പ്രാബല്യത്തോടെ ഗ്രാറ്റിവിറ്റിക്ക് അവകാശമുണ്ടെന്നാണ് ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. പാർട്ടൈം തൊഴിലാളികളായോ സന്നദ്ധ തൊഴിലാളികളായോ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും പരിഗണിക്കാനാവില്ലെന്ന് സുപ്രിംകോടതി തുടർന്ന് വ്യക്തമാക്കി. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും മികച്ച സേവന സാഹചര്യം ഉറപ്പാക്കാനുള്ള മാർഗങ്ങൾ കണ്ടെത്തണമെന്ന് കേന്ദ്രസംസ്ഥാന സർക്കാരുകളോട് സുപ്രിംകോടതി നിർദേശിച്ചിട്ടുണ്ട്.

10 ലക്ഷത്തോളം വരുന്ന ആഷ വർക്കർമാരും ഫെസിലിറ്റേറ്റർമാരും ആണ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഹെൽത്ത് മിഷന്റെ വാതിൽപ്പടി സേവനത്തിന്റെ നട്ടെല്ല്. മഹാമാരിക്കാലത്തെ പ്രവർത്തനത്തിന് ആഷാ വർക്കർമാരെ ഗ്ലോബൽ ഹെൽത്ത് ലീഡേഴ്സ് പുരസ്കാരത്തിനായി ലോകാരോഗ്യ സംഘടന തെരഞ്ഞെടുത്തിരുന്നു.

## വർക്കിങ് വിമൻ

ഈ വിഭാഗത്തിന് പീസ് റേറ്റ് ഇന്റൻസീവ് എന്ന നിലയ്ക്ക് തുച്ഛമായ 2000 രൂപയാണ് പന്ത്രണ്ടും പതിനാറും മണിക്കൂറുകൾ തൊഴിലെടുത്താൽ ലഭിക്കുന്നത്. കോവിഡ് മഹാമാരിക്കു ശേഷം അവരുടെ തൊഴിൽ സാഹചര്യങ്ങൾ കൂടുതൽ പരിതാപകരമായി. പ്രസവാവധിക്കുപോലും അവർക്ക് അവകാശമില്ല.

## മിഡ് ഡേ മീൽ വർക്കേഴ്സ്

മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ ഡിപ്പാർട്മെന്റ് ഓഫ് എലിമന്ററി എഡ്യൂക്കേഷനു കീഴിലുള്ള സ്കൂൾ മിഡ് ഡേ മീൽ (എംഡിഎം) പദ്ധതിയിൽ 26 ലക്ഷം സ്ത്രീകളാണ് തൊഴിലെടുക്കുന്നത്. അവർക്ക് ലഭിക്കുന്ന പ്രതിഫലം പ്രതിമാസം വെറും ആയിരം രൂപ. 2010 മുതൽ വർഷത്തിൽ പത്തു മാസമേ വേതനമുള്ളൂ. രണ്ടു വർഷത്തിനുള്ളിൽ ഇവർക്ക് വേതന വർധന നടപ്പാക്കാമെന്ന് 2013ൽ നടന്ന 45ാം ഐഎൽസിയിൽ കേന്ദ്രസർക്കാർ ഉറപ്പ് എഴുതി നൽകിയിരുന്നു. എന്നാൽ അത് ഇനിയും പാലിക്കപ്പെട്ടിട്ടില്ല. ആയിരക്കണക്കിന് എംഡിഎം തൊഴിലാളികൾക്ക് തൊഴിലിട

ങ്ങളിൽനിന്ന് ഗുരുതരമായി പൊള്ളലേൽക്കുന്നുണ്ട്. അവർക്ക് സുരക്ഷാ മാർഗങ്ങളോ ആരോഗ്യ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. എംഡിഎം തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പാക്കണമെന്ന അലഹാബാദ് ഹൈക്കോടതി ഉത്തരവും ഇതുവരെ നടപ്പായിട്ടില്ല.

### മറ്റ് സ്കീം തൊഴിലാളികൾ

നാഷണൽ ചൈൽഡ് ലേബർ പ്രൊജക്റ്റിനു (എൻസിഎൽപി) കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ പിരിച്ചുവിട്ടതോടെ സ്കീമിന്റെ പ്രവർത്തനം ആയാസകരമായി. സമഗ്രശിക്ഷ അഭിയാൻ, നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ എന്നിവ അടക്കം വിവിധ സ്കീമുകളിൽ പതിനായിരക്കണക്ക് പാരാടീച്ചേഴ്സ് പ്രവർത്തിക്കുന്നു. ഈ തൊഴിലാളികൾക്കൊന്നും തൊഴിൽ സുരക്ഷയയോ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളോ ഇല്ല.

### സംഘടിക്കാനുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശവും കൂട്ടായ വില പേശലും

ഭരണഘടന അനുവദിക്കുന്ന സംഘടിക്കാനുള്ള സ്വാതന്ത്ര്യവും നിയമപ്രകാരം കൂട്ടായി വില പേശാനുള്ള അവകാശവും അംഗൻവാടി, ആഷ തുടങ്ങിയ സ്കീമുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക്നിഷേധിക്കുകയാണ്. അംഗൻവാടി ജീവനക്കാർ സമരം നടത്തിയപ്പോൾ ഡൽഹി, ഹരിയാന സർക്കാരുകൾ എസ്മ എന്ന നിയമം ചുമത്തി. ഹരിയാനയിൽ 975 പേരെയും ഡൽഹിയിൽ 991 പേരെയും പുറത്താക്കി. ഈ തൊഴിലാളികളുടെ പരാതി പരിഹരിക്കാനും വേതനം പരിഷ്കരിക്കാനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താനും ദ്വികക്ഷി, ത്രികക്ഷി സംവിധാനങ്ങളൊന്നും നിലവിലില്ല.

### അവകാശ പത്രിക

ഈ സാഹചര്യത്തിലാണ് സിഐടിയു എട്ട് ആവശ്യങ്ങളടങ്ങിയ അവകാശ പത്രിക സമർപ്പിച്ചത്: ആവശ്യങ്ങൾ ഇവയാണ്.

1. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾക്ക് കീഴിൽ പ്രവർത്തിക്കുന്നവരെ തൊഴിലാളികളായി അംഗീകരിക്കണം. മിനിമം വേതനവും ഇഎസ്ഐ, പിഎഫ് എന്നീ സാമൂഹ്യ സുരക്ഷാ ആനകൂല്യങ്ങളും അനുവദിക്കുകയും വേണം.
2. 45-ാം ഐഎൽസിയുടെ ശുപാർശകളും സുപ്രിംകോടതി ഉത്തരവുകളും നടപ്പാക്കുന്നതിന് ത്രികക്ഷി വിശകലന യോഗങ്ങൾ ചേരണം.
3. വേതനം പരിഷ്കരിക്കുന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ത്രികക്ഷി പരാതി പരിഹാര സംവിധാനത്തിനും സമിതികൾക്കും രൂപം നൽകണം.
4. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും മുൻകാല പ്രാബല്യത്തോടെ ഗ്രാറ്റിവിറ്റി നടപ്പാക്കണമെന്നും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തണമെന്നുമുള്ള സുപ്രിംകോടതി വിധി നടപ്പാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ തയ്യാറാകണം.
5. അംഗൻവാടി ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ട ഹരിയാന, ഡൽഹി സർക്കാരുകളുടെ തീരുമാനം പിൻവലിക്കുകയും സംഘടിക്കാനുള്ള അവകാശം ഉറപ്പാക്കുകയും വേണം.
6. കോവിഡ് കാലത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച തൊഴിലാളികൾക്ക് റിസ്ക് അലവൻസും നഷ്ടപരിഹാരവും ഉറപ്പാക്കണം.
7. എല്ലാ സ്കീം തൊഴിലാളികൾക്കും തൊഴിലിടങ്ങളിലെ സുരക്ഷ ഉറപ്പവുരുത്തണം.
8. ആഷ, എംഎഡിഎം അടക്കമുള്ള സ്കീം തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള പ്രസവാവധി നിർബന്ധമായി നടപ്പാക്കണം.

## കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം

കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ എംപ്ലോയീസ് യൂണിയന്റെ ഏഴാം വാർഷികാഘോഷവും സംസ്ഥാന സമ്മേളനവും തിരുവനന്തപുരം പിഡബ്ല്യൂഡി റെസ്റ്റ് ഹൗസ് ഹാളിൽ നടന്നു. സമ്മേളനം സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സ. ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ.എസ്. സുനിൽകുമാർ, സിഐടിയു ജില്ലാ സെക്രട്ടറി സ. സി. ജയൻബാബു, തീരദേശ വികസന കോർപറേഷൻ ഡയറക്ടർ ബോർഡ് അംഗം സ. ഇ. കെന്നഡി എന്നിവർ അഭിസംബോധന ചെയ്തു.

സ. പുല്ലുവിള സ്റ്റാൻലി (പ്രസിഡന്റ്), സ. വിഷ്ണു (ജനറൽ സെക്രട്ടറി), സ. വിദുൻ ശേഖർ (ട്രഷറർ) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

# സിഐടിയു 17-ാം അഖിലേന്ത്യാ സമ്മേളനം 2023 ജനുവരി 18-22, ബാംഗ്ലൂർ

സിഐടിയു 17-ാം അഖിലേന്ത്യാ സമ്മേളനം 2023 ജനുവരി 18 മുതൽ ജൂൺ 22 വരെ തീയതികളിൽ ബാംഗ്ലൂരിൽ നടക്കും. 2021 വർഷത്തെ മെമ്പർഷിപ്പ് അടിസ്ഥാനമാക്കിയാണ് പ്രതിനിധികൾ പങ്കെടുക്കുന്നത്. പ്രതിനിധി ഫീസ് 2000 രൂപയാണ്.

**സമ്മേളന സ്ഥലം :** ഗായത്രി വിഹാർ, ഗേറ്റ് നമ്പർ 4, പാലസ് ഗ്രൗണ്ട്, ബാംഗ്ലൂർ, കർണാടക 560080.

**സ്വാഗതസംഘം അഡ്രസ് :** സിഐടിയു കർണാടക സംസ്ഥാന കമ്മിറ്റി ഓഫീസ്, ഫോൺ: 044 28410259, Fax : 044 28511975, email : cituku@gmail.com

**കോൺടാക്റ്റ് നമ്പർ :** വരലക്ഷ്മി (പ്രസിഡന്റ്, സിഐടിയു കർണാടക സംസ്ഥാന കമ്മിറ്റി : 9448087189)
മീനാക്ഷി സുന്ദരം (ജനറൽ സെക്രട്ടറി, സിഐടിയു കർണാടക സംസ്ഥാന കമ്മിറ്റി 9448070267)
കെ.എൻ. ഉമേഷ് (സിഐടിയു അഖിലേന്ത്യാ സെക്രട്ടറി : 9448729276
ഇ.മെയിൽ : 17citu.aic@gmail.com

# സിഐടിയു സംസ്ഥാന സമ്മേളനം കോഴിക്കോട്ട് സ്വാഗതസംഘം രൂപീകരിച്ചു

2022 ഡിസംബർ 17, 18, 19 തീയതികളിൽ കോഴിക്കോട്ട് നടക്കുന്ന സിഐടിയു 15ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിനുള്ള സ്വാഗതസംഘം രൂപീകരിച്ചു. ഒക്ടോബർ ആറിന് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ചേർന്ന സ്വാഗതസംഘ രൂപീകരണയോഗം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. സ. ടി.പി. രാമകൃഷ്ണൻ എംഎൽഎ ചെയർമാനും പി.കെ. മുകുന്ദൻ ജനറൽ കൺവീനറും, പി.കെ. സന്തോഷ് ട്രഷററുമായി 1001 അംഗ സ്വാഗതസംഘമാണ് പ്രവർത്തിക്കുക. സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് 19 സബ് കമ്മിറ്റികൾക്കും രൂപം നൽകി.

# ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ഇ ഇ എഫ് ഐ ) ദേശീയസമ്മേളനം

## എളമരം കരീം എം.പി. പ്രസിഡന്റ്

ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ 9 ആം ദേശീയസമ്മേളനം ഒക്ടോബർ 13, 14, 15 തീയതികളിൽ ചണ്ഡിഗഡിൽ ചേർന്നു. സമ്മേളനം സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ. തപൻസെൻ ഉദ്ഘാടനം ചെയ്തു.

സമ്മേളനം പുതിയ ഭാരവാഹികളായി എളമരം കരീം എംപി(പ്രസിഡന്റ് )

പ്രശാന്തോ നന്ദി ചൗധരി( ജനറൽ സെക്രട്ടറി) സ്വദേശ് ദേവ്റോയ് (വർക്കിങ് പ്രസിഡന്റ് )എസ്. രാജേന്ദ്രൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി കെ. ഒ ഹബീബ്, എസ് ഹരിലാൽ, ദീപ കെ രാജൻ എന്നിവരെയും സെക്രട്ടറിമാരായി സി.ഉണ്ണികൃഷ്ണൻ, എം ജി സുരേഷ് കുമാർ എന്നിവരെയും തെരഞ്ഞെടുത്തു. ഇവർ കേരളത്തിൽ നിന്നുള്ള ഭാരവാഹികളാണ്.



കേരളത്തിൽ നിന്നുള്ള വർക്കിംഗ് കമ്മിറ്റി അംഗങ്ങളായി സജു എ. എച്ച്, പ്രദീപ് ശ്രീധരൻ, ജയകൃഷ്ണൻ എ(കെ. എസ്. ഇബി. വർക്കേഴ്സ് അസോസിയേഷൻ സി ഐ ടി യു)

# സിഐടിയു തിരുവനന്തപുരം ജില്ലാ സമ്മേളനം

സിഐടിയു തിരുവനന്തപുരം ജില്ലാ സമ്മേളനം സെപ്റ്റംബർ 25ന് രാവിലെ പത്തിന് സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ സഖാക്കൾ വി. ശിവൻകുട്ടി, കെ.ഒ. ഹബീബ്, കെ.എസ്.സുനിൽകുമാർ, കെ.എൻ. ഗോപിനാഥ്, പി.എസ്. മധുസൂദനൻ, ജോസ് ടി. എബ്രഹാം, സി.കെ. ഹരികൃഷ്ണൻ, പി.പി. ചിത്തരഞ്ജൻ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനം 363 അംഗം ജനറൽ കൗൺസിലിനെയും 37 അംഗം ഭാരവാഹികൾ ഉൾപ്പെടെ 110 അംഗ ജില്ലാ കമ്മിറ്റിയേയും തെരഞ്ഞെടുത്തു.




ഭാരവാഹികൾ : സ. ആർ. രാമു (പ്രസിഡന്റ്), സ. സി. ജയൻബാബു (സെക്രട്ടറി), പുല്ലുവിള സ്റ്റാൻലി (ട്രഷറർ)

വൈസ് പ്രസിഡന്റുമാർ : കടകംപള്ളി സുരേന്ദ്രൻ, ഇ.ജി. മോഹനൻ, വി.കെ. മധു, വി. ജയപ്രകാശ്, ബി. സത്യൻ, ആർ.സുഭാഷ്, മടവൂർ അനിൽ, ജി രാജു. വി.ആർ. വിജയകുമാർ, ചെറ്റച്ചൽ സഹദേവൻ, പി. രാജേന്ദ്രകുമാർ, ജി. വിജയകുമാർ, വി. ശാന്തകുമാർ, എസ്. പുഷ്പലത, ടി. മല്ലിക, ഡി. മോഹനൻ, കെ. ജയമോഹനൻ, കെ. ശ്രീകുമാർ.



**ആർ. രാമു**
(പ്രസിഡന്റ്)



**സി. ജയൻബാബു**
(സെക്രട്ടറി)



**പുല്ലുവിള സ്റ്റാൻലി**
(ട്രഷറർ)

ജോയിന്റ് സെക്രട്ടറിമാർ : വി. കേശവൻകുട്ടി, അഡ്വ. എൻ. സായികുമാർ, എസ്.അനിൽകുമാർ, മണ്ണാറം രാമചന്ദ്രൻ, അഞ്ചുതെങ്ങ് സുരേന്ദ്രൻ, ഇ. കെന്നടി, വൃന്ദാറാണി ജി.പി, എ.ജെ. സുക്കാർണോ, എൻ.സുന്ദരം പിള്ള, ഹാരിസ്, വി.വി. ജയകുമാർ, എസ്.പി. ദീപക്, പി.എസ്. ഹരികുമാർ, പി.എസ്. ജയചന്ദ്രൻ, നാലാഞ്ചിറ ഹരി, എസ്.എ. സുന്ദർ, ഡോ. പ്രദീപ്കുമാർ, ക്ലൈനസ് റൊസാരിയോ.

# സിഐടിയു പത്തനംതിട്ട ജില്ലാ സമ്മേളനം

പത്തനംതിട്ട കോന്നിയിൽ നടന്ന ജില്ലാ സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ കെ.ജെ. തോമസ്, ജയമോഹനൻ, കെ.പി. മേരി, എൻ. പത്മലോചനൻ, പി.ജെ. അജയകുമാർ എന്നിവർ പങ്കെടുത്തു.

പ്രതിനിധി സമ്മേളനത്തിന് ശേഷം നടന്ന പൊതുസമ്മേളനം ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ മന്ത്രി വീണാജോർജ് അഭിസംബോധന ചെയ്തു. സമ്മേളനം 361 അംഗ ജനറൽ കൗൺസിലിനെയും 90 അംഗ ജില്ലാ കമ്മിറ്റിയേയും തെരഞ്ഞെടുത്തു. സംസ്ഥാന സമ്മേളന പ്രതിനിധികളായി 27 പേരെയും തെരഞ്ഞെടുത്തു.



**എസ്. ഹരിദാസ്**
(പ്രസിഡന്റ്)



**പി.ബി. ഹർഷകുമാർ**
(സെക്രട്ടറി)



**ആർ. സനൽകുമാർ**
(ട്രഷറർ)

ഭാരവാഹികൾ : എസ്. ഹരിദാസ് (പ്രസിഡന്റ്), ഹർഷകുമാർ (സെക്രട്ടറി), അഡ്വ. ആർ. സനൽകുമാർ (ട്രഷറർ), കെ.സി. രാജഗോപാലൻ, ആർ. ഉണ്ണികൃഷ്ണപിള്ള, അഡ്വ. കെ. അനന്തഗോപൻ, അഡ്വ. കെ. പ്രകാശ് ബാബു, എം.വി. സഞ്ജു, എസ്. പ്രകാശ്, ഗിരീഷ് കുമാർ, അമൃതം ഗോകുലൻ, കൃഷ്ണകുമാർ, രാജു എബ്രഹാം, സക്കീർ അലങ്കാരത്ത്, കെ. മോഹൻകുമാർ, അനിത കുഞ്ഞമ്മ, ശ്യാമള, മിനി രവീന്ദ്രൻ (വൈസ് പ്രസിഡന്റുമാർ), മലയാലപ്പുഴ മോഹനൻ, സതി വിജയൻ, കെ. ദീപ, എം.ബി. പ്രഭാവതി, കെ. ശ്രീധരൻ, ആർ. ശിവദാസൻ, അഡ്വ. ഫ്രാൻസിസ് വി. ആന്റണി, കെ. അനിൽകുമാർ, സിന്ധു (ജോയിന്റ് സെക്രട്ടറിമാർ).




പത്തനംതിട്ട ജില്ലാ സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# സിഐടിയു കോഴിക്കോട് ജില്ലാസമ്മേളനം

സിഐടിയു കോഴിക്കോട് ജില്ലാസമ്മേളനം 2022 സെപ്റ്റംബർ 28, 29 തീയതികളിൽ കല്ലായി സ:പി. ആർ.സോമൻ നഗറിൽ നടന്നു. പ്രസിഡന്റ് മാമ്പറ്റ ശ്രീധരൻ പതാക ഉയർത്തി. സ്വാഗതസംഘം സെക്രട്ടറി സ:ഏ.എം.റഷീദ് സ്വാഗതം പറഞ്ഞു. സമ്മേളനം സ:എളമരം കരീം എം.പി ഉദ്ഘാടനം ചെയ്തു. സ:ടി.പി. രാമകൃഷ്ണൻ, എ.കെ.ബാലൻ, കെ.പി.സഹദേവൻ, ടി.കെ.രാജൻ, കൂട്ടായി ബഷീർ, പി.പി.പ്രേമ എന്നിവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി പി.കെ.മുകുന്ദൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പൊതുചർച്ചയിൽ




വിവിധ ഗ്രൂപ്പുകളിൽ നിന്നായി 47 പേർ പങ്കെടുത്തു. സ:പി.കെ.മുകുന്ദൻ, എളമരം കരീം എന്നിവർ മറുപടി പറഞ്ഞു. 80 അംഗ സംസ്ഥാനകമ്മിറ്റിയെയും 25 അംഗ ഭാരവാഹികളെയും സമ്മേളനം തെരഞ്ഞെടുത്തു. സംസ്ഥാനസമ്മേളന പ്രതിനിധികളായി 23 പ്രതിനിധികളെ സമ്മേളനം തെരഞ്ഞെടുത്തു.

കേരളത്തിന്റെ വികസനം തടസ്സപ്പെടുത്തുന്ന കേന്ദ്രസർക്കാർ നടപടികൾ പിൻവലിക്കുക.

കേന്ദ്രസർക്കാരിന്റെ ജനദ്രോഹ തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ അണിചേരുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി.

ഭാരവാഹികൾ : മാമ്പറ്റ ശ്രീധരൻ (പ്രസിഡന്റ്), പി.കെ.മുകുന്ദൻ (ജനറൽ സെക്രട്ടറി), പി.കെ. സന്തോഷ് (ട്രഷറർ), ടി.ദാസൻ, ടി.വിശ്വനാഥൻ, കെ .ദാസൻ, എൻ.കെ.രാമചന്ദ്രൻ, കെ.ഷീബ, വി.കെ. വിനു, കെ.പി.അനിൽകുമാർ, അവിന, ഗിരിജ, ചിഞ്ചു, കെ.പുഷ്പ (വൈസ് പ്രസിഡന്റ്), എം.ഗിരീഷ്, പി.കെ. പ്രേംനാഥ്, കെ.കെ.മഞ്ചു, സി.സാബു, പി.സി.സുരേഷ്, വി.കെ.മോഹൻദാസ്, ജയപ്രകാശ്, പരാങ്ങി മനോജ്, കെ.വി.പ്രമോദ്, പ്രദീഷ്, പി.ബാബു (സെക്രട്ടറി)



മാമ്പറ്റ ശ്രീധരൻ (പ്രസിഡന്റ്)



പി.കെ. മുകുന്ദൻ (സെക്രട്ടറി)



പി.കെ. സന്തോഷ് (ട്രഷറർ)

# സിഐടിയു വയനാട് ജില്ലാ സമ്മേളനം

ഒക്ടോബർ 11, 12 തീയതികളിൽ പുൽപ്പള്ളി കബനി ആഡിറ്റോറിയത്തിൽ (സ.പി.എ. മുഹമ്മദ് നഗർ) സിഐടിയു അഖിലേന്ത്യാ സെക്രട്ടറി സ. പി. നന്ദകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാര




വാഹികളായ സഖാക്കൾ കൂട്ടായി ബഷീർ, ടി.കെ. രാജൻ, നെടുവത്തൂർ സുന്ദരേശൻ, സി.കെ. ഹരികൃഷ്ണൻ എന്നിവർ പങ്കെടുത്തു. 15 ജില്ലാ യൂണിയനുകളിൽ നിന്ന് 200 പ്രതിനിധികളും 38 സംസ്ഥാന യൂണിയനുകളിൽ നിന്ന് 79 പേരും 14 ജില്ലാ ഭാരവാഹികൾ ഉൾപ്പെടെ 293 പേർ പ്രതിനിധികളായി പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് സ. പി.വി. സഹദേവൻ പതാക ഉയർത്തി. സ്വാഗത സംഘം ചെയർമാൻ സ. എം.എസ്. സുരേഷ് ബാബു സ്വാഗതം പറഞ്ഞു. ഒക്ടോബർ അഞ്ചിന് പതാക ദിനം ആചരിച്ചു. യൂണിറ്റ് പഞ്ചായത്ത് ഏരിയ കമ്മിറ്റികളുടെ നേതൃത്വത്തിൽ പതാക ഉയർത്തി. ഏരിയാ കമ്മിറ്റികളുടെ നേതൃത്വത്തിൽ വിളംബര ജാഥകളും നടത്തി.


**പി.വി.സഹദേവൻ**
(പ്രസിഡന്റ്)


**വി.വി.ബേബി**
(സെക്രട്ടറി)


**പി. ഗഗാറിൻ**
(ട്രഷറർ)

ഭാരവാഹികൾ : പി.വി. സഹദേവൻ (പ്രസിഡന്റ്), വി.വി. ബേബി (ജനറൽ സെക്രട്ടറി), പി. ഗഗാറിൻ (ഖജാൻജി), സഖാക്കൾ പി.കെ. രാമചന്ദ്രൻ, എം.എസ്. സുരേഷ് ബാബു, എ. രാജൻ, സി.എച്ച് മമ്മി, കെ. റഫീക്ക്, കെ. ശാന്ത (വൈസ് പ്രസിഡന്റുമാർ), കെ. സുഗതൻ, എം. മധു, പി.ആർ. ജയപ്രകാശ്, എം. സെയ്ത്, പി.എസ്. രമാദേവി, സ്റ്റെല്ല പീറ്റർ (സെക്രട്ടറിമാർ)

# ആശാ വർക്കേഴ്സ് ആൻഡ് ഫെസിലിറ്റേറ്റേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ഒന്നാം ദേശീയ സമ്മേളനം

## പി.പി പ്രേമ ദേശീയ പ്രസിഡന്റ്

ആശാ വർക്കേഴ്സ് ആൻഡ് ഫെസിലിറ്റേറ്റേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസം നീണ്ടുനിന്ന ഒന്നാം ദേശീയ സമ്മേളനം സമാപിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. പിപി പ്രേമയെ പ്രസിഡന്റായും, സ. മധുമിത ബാനർജിയെ (പശ്ചിമ ബംഗാൾ) ജനറൽ സെക്രട്ടറിയായും, സ. പുഷ്പ പാട്ടീലിനെ (മഹാരാഷ്ട്ര) ട്രഷററായും സമ്മേളനം തെരഞ്ഞെടുത്തു.




സിഐടിയു അഖിലേന്ത്യ പ്രസിഡന്റ് സ. കെ ഹേമലതയാണ് ഉദ്ഘാടനം ചെയ്തത്. സിഐടിയു ദേശീയ സെക്രട്ടറി സ. എആർ സിന്ധു, സ. സുരേഖ, സ. മധുമിത എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ദേശീയ ആരോഗ്യ മിഷൻ കേന്ദ്രത്തിന്റെ സ്ഥിരം പദ്ധതിയാക്കുക, 26,000 രൂപ മിനിമം വേതനം, കുറഞ്ഞത് പതിനായിരം രൂപ പെൻഷൻ അടക്കം എല്ലാ സാമൂഹികസുരക്ഷാ പദ്ധതികളുടെയും ആനുകൂല്യം തുടങ്ങി 18 ആവശ്യം മുൻനിർത്തി ദേശീയ പ്രക്ഷോഭം സംഘടിപ്പിക്കാനും, ഒക്ടോബർ 19ന് ഡൽഹിയിൽ കൺവൻഷൻ നടത്താനും തീരുമാനിച്ചു.